PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1954

Wednesday, the 24th March 1954.

Vol. X OFFICIAL REPORT No. 3

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 24th March 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

Expulsion and suspension of Students.

*23. [1] **Shri P. Bhaskaran Nair**: Will the Chief Minister be pleased to state:

(*a*) how many students have been expelled from colleges in connection with the agitation of students to secure college unions; and

(*b*) how many students were jailed for this?

Chief Minister (**Shri A. Thanu Pillai**): (*a*) 23.

(*b*) The number convicted—45.

Students against whom cases have been registered—91.

The number against whom cases are still pending—46.

Shri P. Bhaskaran Nair: May I know from which colleges the students were expelled?

Shri A. Thanu Pillai: Expulsion from the M. G. College is 12; from N. S. S. Hindu College, Changanacherry—6; from N. S. S. Pandalam—3; from University College, Trivandrum—2.

Shri P. Bhaskaran Nair : May I know whether the students were lathi-charged ?

Shri A. Thanu Pillai : I have no information.

മൈസൂറിൽ അനുവദിക്കപ്പെട്ട കൃഷിഭൂമി.

✻ ൧൪. [൧] ശ്രീ. പി. ഭാസ്കരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ കേന്ദ്രഗവണ്മെൻറിനോട് ഈ നാട്ടിലെ ജനങ്ങൾക്കു കുടിയേറിപ്പാർക്കുന്നതിന് അധിവാസയോഗ്യമായ കൃഷിഭൂമി ലഭിക്കുവാൻ വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിവേദനം നടത്തിയതെന്ന്; നിവേദനത്തിന് എന്തു മറുപടി ലഭിച്ചു;

(സി) മൈസൂർ സംസ്ഥാനത്തു ൫൦൦൦ ഏക്കർ ഭൂമി തൽഫലമായി കേന്ദ്ര റീ സെററിൽമെൻറ് ഡയറക്ടരുടെ ശുപാർശയനുസരിച്ചു തിരുവിതാംകൂർ-കൊച്ചിക്കു അനുവദിക്കുകയുണ്ടായോ;

(ഡി) അങ്ങനെ അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നമ്മുടെ നാട്ടിലെ ഭൂദാഹമുള്ള കൃഷിക്കാർക്ക് അതു് നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഉണ്ട്.

(ബി) ൧൯൪൯-ൽ മുതൽ ബോർണിയോ, ബ്രസീൽ, ബോപാൽ, മൈസൂർ എന്നീ സ്ഥലങ്ങളിലേയ്ക്കുള്ള കുടിയേററക്കാര്യത്തെ സംബന്ധിച്ച് പല നിവേദനങ്ങളും കേന്ദ്രഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ട്. ബോർണിയോവിലേയ്ക്കുള്ള കുടിയേററക്കാര്യത്തിൽ ആ ഗവണ്മെൻറ പ്രസ്തുത പദ്ധതി ഉപേക്ഷിച്ചതുകൊണ്ടു നിറുത്തിവയ്ക്കേണ്ടിവന്നു. ബ്രസീൽ, ബോപാൽ, മൈസൂർ എന്നിവിടങ്ങളിലേയ്ക്കുള്ള കുടിയേററ പദ്ധതി അനുസരിച്ച് അവസാനതീരുമാനം ഉണ്ടായിട്ടില്ല. ആൻഡമാൻസിലേയ്ക്കുള്ള ആദ്യത്തെ കുടിയേററ പാർട്ടിയായ ൩൦ കുടുംബങ്ങൾ ഈ മാസം അവസാനത്തിൽ പുറപ്പെടുവാനുള്ള ഏർപ്പാടുകൾ പൂർത്തിയായിരിക്കയാണ്.

(സി) ഇല്ല.

(ഡി) (ഇ) സി-ക്കുള്ള ഉത്തരത്തിൻെറ അടിസ്ഥാനത്തിൽ ഡി-ം, ഇ-ം ചോദ്യങ്ങൾ ഉദിക്കുന്നില്ല.

Shri T. S. Ramaswami : May I know whether the settlers who were sent to Andamans were agricutural families or fishermen families ?

Shri A. Thanu Pillai : Of the 36 families, 27 are agricultural families and 9 belong to the fishermen group.

Shri T. S. Ramaswami : May I know whether they were selected by our Government or by the Selection Officer of Andamans or by the Central Government ?

Shri A. Thanu Pillai : The selection was made by their own officer.

Shri T. S. Ramaswami : Am I to take it therefrom that the officer belongs to the Central Government or the Andamans Government ?

Shri A. Thanu Pillai : A representative from the Andaman Administration came to the State and selected the families.

Shri T. S. Ramaswami : Are the Government now aware that there are hundreds of families of the fishermen group who were ready to go and settle themselves in the Andamans, and, if so, are they ready to give them facilities for colonisation ?

Shri A. Thanu Pillai : Of course, it is not at all for this Government to decide the number of families for settlement purposes. A representative from the Andamans Administration came over to the State and made the selection and therefore the selection rests with them. That apart, this Government will try and see if more could be sent for colonisation.

Shri T. S. Ramaswami : May I know what are the conditions or facilities offered to them ?

Shri A. Thanu Pillai : The settlers are eligible to certain concessions. The main concessions are a recoverable loan of Rs. 2,000 by the Government of India for purchase of agricultural or other implements.

The agriculturist families will receive 5 acres of cleared and 5 acres of jungle land which they will have to cultivate themselves. The fisherfolk will get one acre each from cleared land and jungle land.

ശ്രീ. എ. കുഞ്ഞൻനാടാർ : എന്താവശ്യത്തിലേയ്ക്കാണ് ഈ കുടിയേററം നടത്തുന്നതു്? അതിനുള്ള കാരണം എന്താണ്?

ശ്രീ. എ. താണുപിള്ള : ഈ നാട്ടിലെ ആളുകൾക്ക അന്യസ്ഥലങ്ങളിൽപോയി താമസിക്കുന്നതിന് സൌകര്യം ഉണ്ടാക്കണമെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ സ്ഥലത്തെ ഡെൻസിററി ഓഫ് പോപ്പുലേഷന പരിഹാരമുണ്ടാക്കുവാനാണോ കുടിയേററം നടത്തുന്നതു്?

ശ്രീ. പി. എം. മക്കോസ്: കുടിയേററത്തിനു പോകുന്നതു് ഇവിടെ ഭൂമിയുള്ളവരോ ഭൂമിയില്ലാത്തവരോ?

ശ്രീ. എ. താണുപിള്ള: കുടിയേററത്തിനു പോകുന്ന ആളുകൾക്കു് ഇവിടെ ഭൂമിയുണ്ടോ ഇല്ലയോ എന്നതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കൊച്ചുകുഞ്ഞു്: ഈ പദ്ധതി നിറുത്തിവയ്ക്കാനുണ്ടായ കാരണം എന്താണു്?

ശ്രീ. എ. താണുപിള്ള: പദ്ധതി നിറുത്തിവച്ചു എന്നു് ഞാൻ പറഞ്ഞില്ലല്ലോ.

Integration of Services.

*25. [3] **Shri T. S. Ramaswami** : Will the Chief Minister be pleased to state :

(*a*) the names of departments in which integration of services have been completed ;

(*b*) the principle followed by the Government in the matter of integration ?

Chief Minister (**Shri A. Thanu Pillai**) :

(*a*) Registration department
Co-operation department
Jails department
Agriculture department
Stationery department
Industries and Commerce, &
Department for the Advancement of Backward Communities.

(*b*) Each department was taken up separately and the officers have been integrated on lines which the Government considered best suited to it with reference to prevailing conditions.

Shri T. S. Ramaswami : May I know the cause of delay in the integration of other departments ?

Shri A. Thanu Pillai : Of course many things have to be considered in integrating the services and it has not been possible to finish the whole work in time. Steps will now be taken by the present Government to expedite integration and they hope to complete it in the course of two or three months at the latest.

Shri A. A. D. Luiz : Is it a fact that Government servants in the Police department lost their grade of pay and seniority while integrating the services ?

Shri A. Thanu Pillai : Integration of the Police Department has not been done.

ശ്രീ. കളത്തിൽ വേലായുധൻനായർ: ൨൫ ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചിടത്തോളം സംയോജന തത്വങ്ങൾ അംഗീകരിച്ച് പ്രൊസീഡിംഗ്സ് പ്രസിദ്ധപ്പെടുത്തിയിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: ൨൫ ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ച സംയോജനതത്വം ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ൪൫ ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചിടത്തോളം സർവ്വീസ് അഡൈ്വസറി കമ്മിററി അവരുടെ സർവ്വീസിനെപ്പററി പര്യാലോചിച്ച് അതിന്റെ ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: ൪൫ ഡിപ്പാർട്ടുമെന്റുകളുണ്ടോ എന്നറിഞ്ഞുകൂടാ. ഏതാനും ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ച് ലിസ്റ്റ് അങ്ങനെ തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. കെ. പി. ഫോമ്മിസ്: ആകെയുള്ള ഡിപ്പാർട്ടുമെന്റുകളുടെ എത്ര ശതമാനം ഡിപ്പാർട്ടുമെന്റുകളുടെ ഇന്റിഗ്രേഷൻ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഏതാനും ഡിപ്പാർട്ടുമെന്റുകളുടെ ഇന്റിഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ചില ഡിപ്പാർട്ടുമെന്റുകളുടെ സംയോജനം സംബന്ധിച്ചുള്ള തത്വം ഗവണ്മെന്റ സ്വീകരിച്ചിട്ടുണ്ട്. ചില ഡിപ്പാർട്ടുമെന്റുകളുടെ ഗ്രഡേഷൻ ലിസ്റ്റ് വന്നിട്ടുണ്ട്. ഡിപ്പാർട്ടുമെന്റുകളിൽ എത്ര ശതമാനം ഇന്റിഗ്രേററ് ചെയ്തുവെന്ന് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. വിശ്വംഭരൻ: സംയോജനം പൂർത്തിയായ ഡിപ്പാർട്ടുമെന്റുകളുടെ സംയോജനത്തെപ്പററി പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: പരാതികൾ ഉണ്ടോ എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. എ. റഹീം: സർവീസ് സംയോജനം മിക്കവാറും പൂർത്തിയായിരിക്കയാണെന്ന് വിശ്വസിക്കാമോ?

ശ്രീ. എ. താണുപിള്ള: പൂർത്തിയായിടത്തോളം പൂർത്തിയായി എന്നു പറയാം.

ശ്രീ. കെ. കരുണാകരൻ: സർവ്വീസ് സംയോജനത്തെ സംബന്ധിച്ച് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള തത്വങ്ങൾ വ്യത്യാസപ്പെടുത്തുവാൻ ഈ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : ഒരു ഗവണ്മെന്റു ചെയ്തതു് പ്രത്യേക കാര്യങ്ങളോ ഇല്ലെങ്കിൽ അടുത്തുവരുന്ന ഗവണ്മെന്റ് മാറ്റുന്നതു ശരിയല്ലെന്നു ഞാൻ ഇന്നലെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. വി. അവിരാതരകൻ : കഴിഞ്ഞകാലങ്ങളിൽ സർവ്വീസ് സംയോജനം പൂർത്തിയാക്കാതിരുന്നതു് വല്ല പ്രത്യേക ഉദ്ദേശം കൊണ്ടായിരുന്നോ ?

ശ്രീ. എ. താണുപിള്ള : അങ്ങിനെ പറയുന്നതിനു് കാരണമില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ : ൨൫ ഡിപ്പാർട്ടുമെന്റുകളുടെ ഇന്റിഗ്രേഷൻ പൂർത്തിയായിരിക്കുന്ന സ്ഥിതിക്കു് അഞ്ചാറു ഡിപ്പാർട്ടുമെന്റുകളുടെ സംയോജനകാര്യം മാത്രം എടുത്തുപറയുവാൻ കാരണമെന്താണു്?

ശ്രീ. എ. താണുപിള്ള : ൨൫ ഡിപ്പാർട്ടുമെന്റുകളുടെ സംയോജനം പൂർത്തിയായിട്ടില്ല. പൂർത്തിയായ ഡിപ്പാർട്ടുമെന്റുകളുടെ കാര്യമാണു് പറഞ്ഞതു്.

Integration of Services in Colleges.

✽26. [4] **Shri T. S. Ramaswami** : Will the Chief Minister be pleased to state :

(*a*) whether integration and equalisation of pay scales for the same job has been completed in the various colleges of Travancore-Cochin University ; and

(*b*) whether the discrimination between the language teachers of the Chittur and Ernakulam colleges on the one hand and other colleges on the other has been removed ?

Chief Minister (**Shri A. Thanu Pillai**) :

(*a*) The Government colleges in Cochin area form a separate unit under the administrative control of the Director of Public Instruction. There is, therefore, no question of integration of the staff of those colleges with that of the University colleges. As regards equalisation of pay, the scales of pay of all Professors and Lecturers, both in Government Colleges in the Cochin area and in the University colleges have been unified.

(*b*) There is no discrimination between the language teachers in the Chittur and Ernakulam colleges and those in the University colleges in so far as Lecturers and Professors are concerned. Besides the Lecturers, there are also 9 Pandits in the scale of Rs. 75-125 in the Chittur and Ernakulam colleges of whom there is no counterpart in the University colleges. So, no question of discrimination arises in their case as there are no Pandits in the University colleges.

Shri T. S. Ramaswami : Are the Government aware that those 9 Pandits have got the same qualifications and they are doing the same work as the Lecturers in other colleges ?

Shri A. Thanu Pillai : I have no information.

Shri T. S. Ramaswami : May I know whether Government have received any petitions from the 9 aggrieved Pandits of the Chittur and Ernakulam colleges on that matter ?

Shri A. Thanu Pillai : I want notice.

Political Fund.

❋27. [5] **Shri T. S. Ramaswami** : Will the Chief Minister be pleased to state :

(*a*) whether there is a political fund set apart separately by the State Government ;

(*b*) if so, the amount of political fund in the hands of the Government in January 1953 and March 1954 respectively ;

(*c*) whether any part of that political fund was expended during 1954 ; and

(*d*) if so, for what purpose and the respective figures for each item ?

Minister for Finance (**Shri P. S. Nataraja Pillai**) :

(*a*) and (*b*) No.

(*c*) and (*d*) Do not arise.

പി. ഡബ്ലിയു. ഡി. വർക്ക്ഷാപ്പ്.

❋൨൮. [൫] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുള്ള പി. ഡബ്ലിയു. ഡി. വർക്ക്ഷാപ്പിലെ തൊഴിലാളികളുടെ വാർഷിക ഇംക്രിമെൻറ തടഞ്ഞുവച്ചിരിക്കുന്നതായി ഗവണ്മെൻറിന് അറിവുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ) :

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : ഇതിനെ സംബന്ധിച്ച് വല്ല നിവേദനങ്ങളും ബഹുമാനപ്പെട്ട ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ : ലഭിച്ചതായി കാണുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : പി. ഡബ്ലിയു. ഡി. വക്ക്ഷാപ്പിലെ തൊഴിലാളികളുടെ ശമ്പളം കൂട്ടിക്കിട്ടണമെന്ന് അവർ ആവശ്യപ്പെടുകയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ : തൊഴിലാളികൾതന്നെ രണ്ടു തരത്തിലാണ്. മസ്റ്റർറോൾ തൊഴിലാളികളെന്നും പെർമനന്റ് എസ്റ്റാബ്ലിഷ്മെന്റ തൊഴിലാളികളെന്നും രണ്ടുതരക്കാരുണ്ട്. പെർമനന്റതൊഴിലാളികളുടെ ശമ്പളം ൧൧൨൯ മുതൽ കൂടുതൽ കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മസ്റ്റർറോൾ തൊഴിലാളികൾക്ക നൽകുന്നതു ശമ്പളമല്ല; കൂലിയാണ്. അവക്കു കൂലി കൂടുതൽ കിട്ടണമെന്നു ചോദിക്കുവാൻ അവകാശമില്ല. അതുകൊണ്ട് അവക്ക് കൂടുതൽ കൊടുത്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : പി. ഡബ്ലിയു. ഡി. വക്ക്ഷാപ്പിലെ മസ്റ്റർറോൾ തൊഴിലാളികൾക്ക ശമ്പളക്കൂടുതൽ ചോദിക്കുവാൻ അവകാശമില്ലെന്നു പറയുന്നതിന്റെ കാരണമെന്താണ്?

ശ്രീ. എ. അച്ചുതൻ : അവക്കു ശമ്പളമല്ല; ദിവസക്കൂലിയാണ് കൊടുക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : ദിവസക്കൂലി വർദ്ധിപ്പിക്കുകയില്ലെന്നുള്ളതാണോ ഗവണ്മെന്റിന്റെ നയം; അവരുടെ കൂലിയും വർദ്ധിപ്പിക്കേണ്ടതാണ് എന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ : അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കൂലി കൂടുതൽ കൊടുത്തില്ലെങ്കിൽ പണിമുടക്കുമെന്നു നോട്ടീസു നൽകുകയും, റപ്രസെന്റേഷനുശേഷവും അനുവദിക്കാഞ്ഞാൽ അവർ പണിമുടക്കിലേർപ്പെടുകയും ചെയ്യുമെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ : അതു നോട്ടീസുകൂടാതെ പറയുവാൻ തരമില്ല.

വിദ്യാർത്ഥിസമരം.

* ൨൯. [൧] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

൧൧൨൯ നവംബറിൽ എം. ജി. കാളേജിലെ വിദ്യാർത്ഥികൾ കാളേജുയൂണിയൻ അനുവദിച്ചുകിട്ടുന്നതിനുവേണ്ടി നടത്തിയ വിദ്യാർത്ഥി സമരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : ഉണ്ട്.

ശ്രീ. വി. ശ്രീധരൻ : വിദ്യാർത്ഥികളെ തിരഞ്ഞെടുക്കേണ്ടതു് ആവശ്യമാണെന്നു ഗവണ്മെന്റിനു തോന്നിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : അതു് യൂണിവേഴ്സിററിയും കാളേജും കൂടി തീരുമാനിക്കേണ്ട കാര്യമാണ്.

ശ്രീ. വി. ശ്രീധരൻ : ഈ കാര്യത്തിൽ വിദ്യാർത്ഥികളുടെ പേരിൽ ചാർജ്ജ് ചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കേണ്ടതാണെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ആ കാര്യത്തെപ്പററി ആലോചിക്കാം.

Firing in Mattancherry.

*30. [8] **Shri T. P. Sitaraman** : Will the Chief Minister be pleased to state :

(*a*) what are the causes that led to the firing in Mattancherry last year ;

(*b*) what are the casualties ; and

(*c*) what steps the Government have taken to prevent such uprisings ?

Chief Minister **(Shri A. Thanu Pillai)** : (*a*) There was some trouble between the Mattancherry Thuramukhom Thozhilali Union and the contractors, resulting in assault and the use of criminal force. Information reached the police and a party of police reached the spot and arrested four of the leaders. While the arrested persons were being taken in a van, some of the workers attacked the van, and tried to get the persons out. There was pelting of stones and soda bottles at the police officers. The Sub-Magistrate ordered the mob to disperse and in spite of repeated warnings, the order was not obeyed and the pelting of stones and soda bottles was continued. Order was then given to the police to open fire. Enquiries were later made by the Sub-Magistrate and three criminal cases are now pending relating to the incident at the Sub-Magistrate's court.

Shri T. K. Divakaran : A point of order. മട്ടാഞ്ചേരിയിലെ വെടിവെപ്പിനെ സംബന്ധിച്ചിടത്തോളം എൻക്വയറി നടത്തിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ, കോടതിയിൽ കേസു നടന്നുവരുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു മറുപടി ഗവണ്മെൻറ ഭാഗത്തുനിന്നു തരുന്നതു ശരിയാണോ?

മി. സ്പീക്കർ : ചോദ്യത്തിനുള്ള ഉത്തരമാണ് ഇവിടെ പറഞ്ഞത്.

ശ്രീ. കെ. സി. ജാർജ്ജ് : ഈ ചോദ്യവും ഇവിടെ പറഞ്ഞിട്ടുള്ള മറുപടിയും ഈ പ്രൊസീഡിംഗ്സിൽനിന്നും എക്സ്പഞ്ച് ചെയ്യേണ്ടതാണ്.

Shri Panampilli Govinda Menon : On a point of order. I wish to know whether it will offend the rule against *sub judice* if Government put forward statements of the facts which led to the prosecution. In my humble opinion, a statement of the facts which led to the prosecution will not offend the rule ; it is only a

debate on the matter that will offend it. The hon. the Chief Minister, so far as I understood him, was only stating the facts in possession of the Government that led to the prosecution now pending. Therefore, I submit that it would not be advisable if the answer given by the Chief Minister does not go into the records of the Assembly.

ശ്രീ. ടി. വി. തോമസ്: അന്വേഷണത്തിനു വിധേയമായ ഒരു കേസിനെ സംബന്ധിച്ചിടത്തോളമുള്ള പ്രസ്താവന ആ കേസിന്റെ വിധിയെ സാധൂകരിക്കുവാൻ ഇടയുള്ളതാണ്. മട്ടാഞ്ചേരിയിലെ വെടിവയ്പിനു് ആസ്പദമായ കാര്യങ്ങളെപ്പറ്റിയും, ആ കേസിനെ സംബന്ധിച്ചും ഉള്ള വിമർശനങ്ങളും ആ കേസിന്റെ വിധിയെ സാധൂകരിക്കത്തക്കതായതുകൊണ്ടു് അതു് ഇവിടെ അംഗീകരിക്കത്തക്കതല്ല.

Chief Minister (**Shri A. Thanu Pillai**) : With regard to the question I wish to make this statement. This question was given notice of and asked on the floor of the House. Nobody raised an objection that the answer should not be given. The question itself is inoffensive : what are the causes that led to the firing at Mattancherry. I have taken care to state only such facts as are strictly necessary. I also note that the Members on the other side who now oppose the answer being given, usually are offended when the answer given is that the matter being *sub judice* an answer cannot be given. So far as I can see there is nothing in my statement that goes against the rule regarding *sub judice*. But I bow to your ruling, Sir.

Shri M. P. Menon : We would have certainly welcomed the information, but I would like to point out that the question is itself objectionable and is in the form of an allegation. Sub-division (c) is : what steps have Government taken to prevent such uprisings? So that questioner has assumed that there have been uprisings. I am just bringing this additional fact to your notice.

Mr. Speaker : A mere statement of facts will not offend the rule regarding *sub judice*. When it goes beyond that, it will. Here in this instance, however, I think it is better to avoid further questions and answers, so that prosecution may go on unhindered.

Aerodromes.

*31. [9] **Shri T. P. Sitaraman** : Will the Chief Minister be pleased to state whether there is any proposal to construct new aerodromes in this State:

Minister for Works and Transport (**Shri A. Achuthan**) : There is no information about any such proposal. Aerodrome forms a Central subject, over which the State Government have no control.

Crossword Competitions.

*32. [10] **Shri T. P. Sitaraman** : Will the Chief Minister be pleased to state:

(*a*) What is the income of this Government from competitions in crosswords;

(*b*) What are the papers which are dealing in this trade; and

(*c*) is there any proposal to ban these competitions?

Chief Minister (**Shri A. Thanu Pillai**) : (*a*) This Government do not have any income from crossword competitions.

(*b*) The Malayala Manorama, Kottayam.
Thaniniram, Trivandrum.
Murali, Mavelikara, and
Jayashree.

(*c*) Government do not propose to ban these competitions.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇതിന്റെ ആദായനികുതി ഈടാക്കുവാൻ ആലോചനയുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾ അതിനെ സംബന്ധിച്ചു ആലോചനയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ആദായനികുതി കിട്ടുമോ എന്ന് അന്വേഷിച്ചിട്ടുണ്ടോ:

ശ്രീ. എ. താണുപിള്ള: ആദായനികുതി കിട്ടാവുന്നതു ആണോ എന്ന് ഗവണ്മെന്റ് ഊഹിക്കുകയോ അന്വേഷിക്കുകയോ ചെയ്തിട്ടില്ല.

New schools and hospitals.

*33. [11] **Shri K. Balakrishnan** : Will the Chief Minister be pleased to state the number of new schools and hospitals started by the Government after the dissolution of the former legislature?

Minister for Local Self Government (**Shri P. K. Kunju**): No new schools were started by Government after the dissolution of the former legislature. One hospital, four dispensaries and a bi-weekly dispensary were opened.

Shri K. Balakrishnan : Have Government sanctioned any extension of schools?

Shri P. K. Kunju : No.

Shri K. Balakrishnan : Did the Government sanction any amount for erection of new buildings?

Shri P. K. Kunju : No sanction was given.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏതു കാലത്താണ് ഇതെല്ലാം അനുവദിച്ചതെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അടുത്തകാലത്ത് അനുവദിച്ചിട്ടില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇവയെല്ലാം പുതിയതായി സ്ഥാപിച്ചിട്ടുള്ളവയാണെന്നു പറയാമോ?

ശ്രീ. പ്രാക്കുളം ഭാസി: പായിൻറ് ഓഫ് ഓർഡർ. ഒരു മെംബർക്കു നേരിട്ടറിയാവുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സാധാരണ കോടതികളിൽ സാക്ഷികളെ വിസ്തരിക്കുന്ന മാതിരിയിൽ ക്രാസ് വിസ്താരംപോലെയുള്ള ചോദ്യങ്ങൾ ചോദിക്കാൻ അനുവദിക്കാമോ?

മി. സ്പീക്കർ: ക്രാസ് എക്സാമിനേഷൻ പാടില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് എന്നാണ് അനുവദിച്ചതെന്നു പറയാമോ?

മി. സ്പീക്കർ: വിശദവിവരങ്ങൾ അറിയുവാൻ വേണ്ടിയുള്ള ചോദ്യങ്ങൾ മാത്രമേ ചോദിക്കുവാൻ പാടുള്ളു.

Election Tour of Indian National Congress Leaders.

Shri K. Balakrishnan: Sir, I put question No. *34 (12)

Shri A. A. D. Luiz: Sir, I rise to a point of order relating to this question. Two similar questions were answered in this House. Can a similar question be asked again in the same session?

Mr. Speaker: We will try to avoid repetition as far as possible.

Shri A. A. D. Luiz: A similar question need not be repeated in the course of the same session.

Shri M. P. Menon: Sir, the Member may not be allowed to give a ruling.

Shri T. S. Ramaswami: Supposing answers to some new points are needed by the Members. In that case, cannot the same question be repeated?

Mr. Speaker: We will avoid repetitions as far as possible. There is nothing new in this question. If the member wants any supplementary questions to be put, he can do so.

Shri A. Thanu Pillai: Shall I answer the question, Sir?

Mr. Speaker: Yes.

Shri K. Balakrishnan: Will the Chief Minister be pleased to state:

(a) the amount spent by the Government to cover up the expenses of Shri Jawaharlal Nehru when he toured the State for election propaganda in his capacity as the President of the Indian National Congress;

(b) the expenses incurred by the Government to cover up the election tour programme of Shri Rajagopalachari, Chief Minister of Madras; and

(c) the expenses incurred by the Government to cover up the election tour programme of Shri Morarji Desai, Chief Minister of Bombay?

Chief Minister (**Shri A. Thanu Pillai**): (a) Government did not spend any money on Shri Jawaharlal Nehru's visit in February for transport, food, accommodation and meetings—the Congress Party either made the arrangements or advanced money to meet such expenditure. Government incurred expenditure only on security arrangements for the Prime Minister. Bills have not been finalised.

(b) No expenditure was incurred by Government in connection with the visit of Shri C. Rajagopalachari, Chief Minister, Madras. The Congress Party will meet such expenditure.

(c) Government did not incur any expense on account of the visit of Shri Morarji Desai, Chief Minister, Bombay. The Congress Party advanced funds for meeting charges for food, accommodation and transport.

ശ്രീ. കെ. ബാലകൃഷ്ണൻ: ഇൻഡ്യൻ പ്രധാനമന്ത്രിക്കായിട്ടു ഉണ്ടാക്കിയ മുള്ളുവേലിക്കകത്തു ഇവിടത്തെ കാൺഗ്രസ്സ് നേതാക്കന്മാർ പ്രസംഗിക്കാൻ അവസരമുണ്ടാക്കിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: അറിവില്ല.

Promotions and Confirmations.

*35. [13] **Shri K. Balakrishnan**: Will the Chief Minister be pleased to state:

(a) the number of promotions and confirmations given to officers of Government after the dissolution of the former legislature; and

(b) the names of those officers?

Chief Minister (**Shri A. Thanu Pillai**): (a) and (b)—The required information is being collected.

Taxation Enquiry Commission.

*36. [14] **Shri Avira Tharakan** : Will the Chief Minister be pleased to state:

(a) Whether the Government have given any suggestion before the Taxation Enquiry Commission appointed by the Union Government;

(b) if given, will the Government be pleased to place the recommendations on the table ; and

(c) did the Government consult the tax payers of this State?

Minister for Finance (**Shri P. S. Nataraja Pillai**): (a) Yes.

(b) copies of the memoranda presented by the Government are placed on the table.*

(c) No.

Shri T. S. Ramaswami: Was there any suggestion for shifting the burden of taxation from the common man and the artisan to the estate owners ?

Shri P. S. Nataraja Pillai: The memorandum submitted by the Government are placed on the table. If the hon. Member wants any further information, he may peruse them.

Shri Panampilli Govinda Menon: Is it not possible for the Finance Minister with the help of the member for Thovala to shift the burden of taxation from the common man to the uncommon man ?

Shri P. S. Nataraja Pillai: Evidently my hon. friend does not expect an answer from me.

Visit of Mr. Stevenson.

*37. [15] **Shri Avira Tharakan**: Will the Chief Minister be pleased to state:

(a) whether Mr. Stevenson who visited the State met any of the Ministers;

(b) what was the purpose of Mr. Stevenson's visit ;

(c) was there any direction from the Union Government regarding his visit ; and

(d) was he a State Guest?

Chief Minister (**Shri A. Thanu Pillai**): (a) Yes.

(b) There was no special purpose.

(c) Yes.

(d) Yes.

---

*Placed on the Library Table,

ശ്രീ. അവിരാതരകൻ: അദ്ദേഹം ഇവിടെ വന്നിരുന്നപ്പോൾ ഏതു മന്ത്രിയെ കണ്ടാണു് സംസാരിച്ചതെന്നു പറയാമോ ?

ശ്രീ. എ. താണുപിള്ള: ഏതെല്ലാം മിനിസ്റ്റേഴ്സുമായി സംസാരിച്ചു എന്നുള്ളതു നോട്ടീസു കൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. അവിരാതരകൻ: എന്തു കാര്യങ്ങളെ സംബന്ധിച്ചാണു് അവർ സംസാരിച്ചതെന്നു പറയാമോ ?

ശ്രീ. എ. താണുപിള്ള: പ്രത്യേകകാര്യങ്ങൾ ഒന്നും ഇല്ലാത്തുള്ള ഒരു വിസിററായിരുന്നു.

ശ്രീ. അവിരാതരകൻ: മിലിററി ആക്റ്റിവിററീസു് സംബന്ധമായിട്ടാണു് അദ്ദേഹം ഇവിടെ വന്നിട്ടുള്ളതു് എന്നു പറയുന്നതു ശരിയാണോ ?

ശ്രീ. എ. താണുപിള്ള: അല്ല.

ശ്രീ. പി. കെ. യശോധരൻ: വെളിയിൽനിന്നും വരുന്ന എല്ലാ വ്യക്തികളുമായി മന്ത്രിമാർ സംസാരിക്കണമെന്നു വല്ല നിബന്ധനകളുമുണ്ടോ ?

ശ്രീ. എ. താണുപിള്ള: നിബന്ധനകളൊന്നുമില്ല. വളരെ ഉന്നതനിലയിലുള്ള ആളുകൾ വെളിയിൽനിന്നും ഇവിടെ വന്നാൽ അവരുമായി സംസാരിക്കുന്നതു കേവലം ഒരു മര്യാദയാണു്.

സാങ്കേതികവിദ്യാലയങ്ങൾക്കു സഹായധനം.

❋ നം. [൨൬] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതികവിദ്യാലയങ്ങൾക്കു് കൂടുതൽ സഹായവും പ്രത്യേക ആനുകൂല്യങ്ങളും നൽകുന്നതിനു് ഗവണ്മെൻറിനു വല്ല പദ്ധതികളുമുണ്ടോ;

(ബി) പ്രസ്തുത വിദ്യാലയങ്ങൾക്കു കൂടുതൽ ധനസഹായം നൽകുന്നതിനു് എത്ര സാമ്പത്തികവർഷം ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ടു്; ഏതെങ്കിലും വർഷത്തിൽ കൂടുതൽ ഗ്രാൻറു് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതടിസ്ഥാനത്തിൽ എത്ര സ്ഥാപനങ്ങൾക്കു നൽകി, എന്തു തുക ചെലവായി ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) സംസ്ഥാനത്തെ സാങ്കേതികവിദ്യാലയങ്ങൾക്കു് കൂടുതൽ ധനസഹായം ചെയ്യുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ ഗവണ്മെൻറിലേക്കു സമർപ്പിക്കുന്നതിനു ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ടു്. താമസിയാതെ ഈ കമ്മിററിയുടെ നിർദ്ദേശങ്ങൾ ഗവണ്മെൻറിലേക്കു ലഭിക്കുന്നതാണു്.

(ബി) സ്വകാര്യഉടമസ്ഥതയിൽ നടത്തുന്ന സാങ്കേതിക വിദ്യാലയങ്ങൾക്ക് കഴിഞ്ഞ മൂന്നുവർഷം ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന തുകകൾ താഴെ പറയുന്നു. ഫൻ ൧൬–൧൭ ൭൧,൦൦൦ രൂപാ

൧൨–൧൬ ൩൬,൫൦൦ ,,

൧൫–൧൨ ൧൨,൬൦൦ ,,

ഓരോ വർഷത്തിലും നിലവിലിരിക്കുന്ന ഗ്രാൻറിൽ കൂടുതൽ കൊടുത്തിട്ടില്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞൻ: ഈ കമ്മിററിയുടെ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: താമസിയാതെ കമ്മിററിയുടെ റിപ്പോർട്ട് ഗവൺമെൻറിനു ലഭിക്കുന്നതാണെന്നാണ് എ–യുടെ ഉത്തരത്തിൽ പറഞ്ഞത്.

ശ്രീ. പി. കുഞ്ഞൻ: ഇതു സംബന്ധിച്ച് ഗവൺമെൻറിനെന്തു തുക ചെലവായിട്ടുണ്ട്?

ശ്രീ. പി. എസ്. നടരാജപിള്ള: അതു് അവസാനമേ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. ടി. കെ. ദിവാകരൻ: ആ കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഡാക്ടർ പി. വി. നായർ, ഡയറക്ടർ ആഫ് ഇൻഡസ്ട്രീസ്.

ശ്രീ. എം. പി. ജി. നായർ.

,, ടി. എസ്. ശേഷാദ്രി, എൻജിനീയറിംഗ് കാളേജ് പ്രിൻസിപ്പാൾ.

,, വി. അച്ചുതമേനോൻ.

,, വി. കെ. യു. മേനോൻ, മാനേജിംഗ് ഡയറക്ടർ, കൊച്ചിൻ മാലിബിൾസ്.

,, ടി. സുധാകരമേനോൻ, സ്റ്റേററ് ജിയോളജിസ്ററ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കമ്മിററിയെ എന്നാണു നിയമിച്ചതു്?

ശ്രീ. പി. എസ്. നടരാജപിള്ള: ഫൻ൧൨–ൽ ആണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കമ്മിററിയെ നിയമിച്ചതിനു ശേഷം ഇതുവരെ റിപ്പോർട്ടു സമപ്പിക്കാതിരുന്നതിൽ ഗവൺമെൻറിൽ നിന്നും കാരണം ചോദിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ആ കമ്മിററി അവരുടെ ജോലി നിവ്വഹിച്ചതിനുശേഷം ഉടനെതന്നെ റിപ്പോർട്ട് ഗവൺമെൻറിലേയ്ക്ക് സമർപ്പിക്കുമെന്നു വിശ്വസിക്കുന്നു.

മദ്യനിരോധനം.

❋ നമ്പർ. [൮൧] <u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡിവിഷനിൽ മദ്യനിരോധനം ഏർപ്പെടുത്തുന്നതിനുമുമ്പുള്ള സാമ്പത്തികവർഷത്തിൽ എന്തു തുക മദ്യവില്പനയിൽനിന്നും ഗവണ്മെന്റിലേയ്ക്കു ലഭിച്ചിരുന്നു;

(ബി) മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം തിരുവനന്തപുരം ഡിവിഷനിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരെ ആരെയെങ്കിലും പിരിച്ചുവിട്ടോ?

ധനകാര്യവകുപ്പുമന്ത്രി (<u>ശ്രീ. പി. എസ്. നടരാജപിള്ള</u>):

(എ) ഉദ്ദേശം രണ്ടു ലക്ഷം രൂപ;

(ബി) ഇല്ല; കൃത്യസംഖ്യ പറയുവാൻ നിവൃത്തിയില്ല;

(സി) ഉണ്ട്.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: ഈ മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം ഉണ്ടായ രണ്ടു ലക്ഷം രൂപ നഷ്ടം പരിഹരിക്കുന്നതിലേയ്ക്ക് വല്ല പുതിയ നികുതി ഏർപ്പെടുത്തുകയോ മററു വല്ല ഏർപ്പാടുകളും ചെയ്യുകയോ ചെയ്തിട്ടുണ്ടോ?

<u>ശ്രീ. പി. എസ്. നടരാജപിള്ള</u>: മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിന് മററു ഇനങ്ങളിൽനിന്നും പുതിയ നികുതി ചുമത്തിയും ജനങ്ങളെ ബുദ്ധിമുട്ടിക്കണമെന്നുള്ള വിചാരം ഗവണ്മെന്റിനില്ല. ഗവണ്മെന്റിലേയ്ക്ക് ലഭിക്കേണ്ട വരവിനങ്ങളിൽനിന്നെല്ലാം ഗവണ്മെന്റ് പണം പിരിക്കുന്നുണ്ടെങ്കിൽത്തന്നെയും ഒരു നല്ല കാര്യം ചെയ്യുന്നതിൽ അതിന്റെ നഷ്ടം വേറൊരു ഇനത്തിൽനിന്നും ഈടാക്കണമെന്നുമുള്ള ഒരു തത്വം ഗവണ്മെന്റ സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: സെയിൽസ്ടാക്സ് ഏർപ്പെടുത്തിയപ്പോൾ അന്നത്തെ ഗവണ്മെന്റ് പറഞ്ഞത് അന്നു മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം ഉണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിനായി സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതാണെന്നു പറഞ്ഞിട്ടുള്ളതു ശരിയല്ലേ?

<u>ശ്രീ. പി. എസ്. നടരാജപിള്ള</u>: നഷ്ടം പരിഹരിക്കുന്നതിലേയ്ക്കാണ് സെയിൽസ്ടാക്സ് ഏർപ്പെടുത്തിയത് എന്നു പറഞ്ഞില്ല.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: ഈ സെയിൽസ്ടാക്സ് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം മുഴുവൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രൊഹിബിഷൻ എല്ലാ സ്ഥലത്തും ഏർപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ട് ജനങ്ങൾ വളരെ ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ടെന്നറിയാമോ?

Mr. Speaker: That is a matter of opinion. The question is disallowed.

ശ്രീ. പി. വിശ്വംഭരൻ: മദ്യനിരോധനം ഏർപ്പെടുത്തിയതിനു ശേഷം തിരുവനന്തപുരത്ത് മദ്യപാനം കൂടിയിട്ടുണ്ടെന്നും ഗവണ്മെന്റിനു മറവതരത്തിൽ ആദായം ലഭിക്കുന്നുണ്ടെന്നും അറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: മദ്യനിരോധനം സംബന്ധിച്ചുള്ള നിയമം ശരിയായി തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ പരിപാലിക്കുന്നില്ലാ എന്നുള്ളതാണ് മെമ്പർ ഉദ്ദേശിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെയാണെങ്കിൽ അതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ന്യായമായ വിധത്തിൽ ആ നിയമം ഊർജ്ജിതത്തിൽ വരുത്തുന്നതിന് ഗവണ്മെന്റാഗ്രഹിക്കുന്നു. അതിനാവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുകയും ചെയ്യും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മദ്യനിരോധനം ഏർപ്പെടുത്തിയതിനു ശേഷം അതുസംബന്ധിച്ച് വല്ല സ്റ്റാറ്റിസ്റ്റിക്സും ഗവണ്മെന്റ് കളക്റ്റു ചെയ്തിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: മദ്യനിരോധനം എന്നുവെച്ചാൽ മദ്യം നിരോധിക്കുക എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്- മനുഷ്യന്റെ ജീവിതത്തിന് ഹാനികരമായി ബാധിക്കുന്ന മദ്യം നിരോധിക്കുക എന്നല്ലാതെ അതിനുവേണ്ടി ഒരു സ്റ്റാറ്റിസ്റ്റിക്സ് എടുക്കുക എന്നുള്ള പ്രശ്നം ഗവണ്മെന്റിന്റെ മുമ്പിലില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മദ്യനിരോധനം ഏർപ്പെടുത്തുന്നതിനു മുമ്പ് ജനങ്ങൾക്കുണ്ടായിരുന്ന സംസ്കാരവും അതിനുശേഷമുള്ള സംസ്കാരവും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നതിനായിട്ടാണ് ഞാനിതു ചോദിച്ചതു്. അങ്ങിനെ ജനങ്ങളുടെ സംസ്കാരം ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അങ്ങനെ ഒരു സ്റ്റാറ്റിസ്റ്റിക്സ് എടുത്തിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മദ്യനിരോധനം ഏർപ്പെടുത്തിയതിനുശേഷം ക്രിമിനൽകേസുകൾ കുറഞ്ഞിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിന്റെ സ്റ്റാറ്റിസ്റ്റിക്സ് എന്റെ കൈവശമില്ല.

Shri A. A. D. Luiz: May I know whether prohibition is on the increase or decrease?

Shri P. S. Nataraja Pillai: Comparatively speaking, detection is on the increase. It may be argued in two ways. When detection is on the increase, it may be argued that the offences are on the increase and also that the prohibition staff are more vigilant. But personally speaking, I may say that prohibition is not effectively carried on. Government propose to carry it more effectively.

Shri A. A. D. Luiz: If the staff is more vigilant, will not the number of cases detected be still on the increase?

Shri P. S. Nataraja Pillai: Statistical figures and realities may differ. For the purpose of statistics we may get more cases detected. But at the same time there may be reduction in prohibition. We can argue both ways.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എസ്സൻസ് വിൽപ്പന മദ്യനിരോധനത്തിൽനിന്നും വേർപെടുത്തിയിരിക്കുകയാണോ?

Shri P. S. Nataraja Pillai: It comes within the Prohibition Act and the Government are seriously considering the question. At this stage I do not want to give further information on this question.

ശ്രീ. ടി. ഭാസ്കരൻപിള്ള: ഇപ്പോൾ ഇവിടെ മദ്യനിരോധനം ഊർജ്ജിതപ്പെടുത്തിയിരിക്കുന്നതു മുൻമന്ത്രിസഭയിലെ ഒരു മന്ത്രിയോടുള്ള വിരോധം കൊണ്ടാണെന്നറിയുന്നതു ശരിയാണോ?

Mr. Speaker : You are giving information to the Government and not asking for information. That is not allowed.

Shri P. S. Nataraja Pillai : The hon. Member made an insinuation—

Mr. Speaker: I have disallowed that.

ശ്രീ. കെ. എ. ബാലൻ: മദ്യനിരോധനം സംബന്ധിച്ചു ഇപ്പോൾ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനു് നോട്ടീസ് വേണം.

ശ്രീ. കെ. എ. ബാലൻ: അതിൽ എത്ര ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരുണ്ടെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിൻെറ കണക്കു ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: മദ്യനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ആളുകൾക്കു് എന്തു പ്രതിവിധിയാണു് ഗവണ്മെൻറു് ഇപ്പോൾ കൊടുത്തിരിക്കുന്നതു്?

Shri P. S. Nataraja Pillai : To provide employment for the ex-tappers, the Palm Gur Development scheme of the Government of India has been introduced in the State.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: കുറെഭാഗത്തു് മദ്യനിരോധനം ഏർപ്പെടുത്തുകയും കുറെഭാഗത്തു് മദ്യവിൽപ്പന നടത്തുകയും ചെയ്യുന്നതു് ശരിയാണെന്നു വിചാരിക്കുന്നുണ്ടോ?

Shri P. S. Nataraja Pillai : That is not a question of policy. It is a question of practical adjustment.

Shri M. P. Menon : Will the Government be pleased to state how many people were affected by the introduction of prohibition in the State and how many were given alternative employment so far?

Shri P. S. Nataraja Pillai : Statistics are not available with me. The Government have a plan to give them employment, and we have provided funds to that effect and to a certain extent it was being implemented in certain areas where prohibition has been introduced.

(ശ്രീ. ജോസഫ് ചാഴിക്കാട്ട് ഒരു ചോദ്യം ചോദിക്കുവാൻ എഴുന്നേററു.)

ശ്രീ. വി. ശ്രീധരൻ: സർ, ഒരു പായിൻറ് ആഫ് ആർഡർ. ഒരു മെമ്പർ ചോദ്യം ചോദിക്കുകയും അതിന് ആവശ്യമായ സപ്ളിമെൻററി ചോദ്യങ്ങൾ വീണ്ടും ചോദിക്കുകയും ചെയ്തതിനു ശേഷം പിന്നെയും ഉപചോദ്യങ്ങൾ ചോദിക്കുന്നതു് ശരിയാണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഞാൻ ചോദിച്ച ചോദ്യത്തിനു് എ, ബി, സി, ഡി എന്ന നാലു് വിഭാഗങ്ങളുണ്ട്. ഇതിൽ ഓരോ വിഭാഗത്തെപ്പററിയും ഉപചോദ്യങ്ങൾ ചോദിക്കുവാൻ എനിക്കവകാശമുണ്ട്. അതുകൊണ്ട് ഞാൻ വീണ്ടും എഴുന്നേററതാണ്.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻ പോററി: സർ, ഒരു പായിൻറ് ഓഫ് ആർഡർ ഉന്നയിക്കുമ്പോൾ ബഹുമാനപ്പെട്ട മെംബർ ആണോ അതിനു സമാധാനം പറയേണ്ടതു്?

മി. സ്പീക്കർ: സാധാരണഗതിയിൽ ഒരു മെമ്പർക്ക് ചോദ്യം ചോദിക്കുന്നതിനെ തുടന്ന് ആവശ്യമുള്ള ഉപചോദ്യങ്ങൾകൂടി ചോദിക്കുവാൻ അവകാശമുണ്ട്. ആദ്യമേ ചോദ്യം ചോദിക്കുന്ന മെമ്പർക്കാണ് ആ അവകാശം കൊടുക്കുന്നതു്. എന്നാൽ മി. ജോസഫ് ചാഴിക്കാട്ട് ആദ്യത്തെ ചോദ്യത്തിൻെറ ഉപചോദ്യങ്ങൾ ചോദിച്ചു കഴിഞ്ഞപ്പോൾ മററു മെമ്പറന്മാർ ഉപചോദ്യങ്ങൾ ചോദിക്കുവാനും ആരംഭിച്ചതുകൊണ്ട് ബി, സി, ഡി എന്ന വിഭാഗത്തിൽപ്പെട്ട ചോദ്യങ്ങളെ സംബന്ധിച്ച് ഉപചോദ്യങ്ങൾ ചോദിക്കുവാൻ സാധിച്ചില്ലെന്നാണ് പറയുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുന്നതുമൂലം എത്രയാളുകൾ തൊഴിലില്ലാത്തവരായി തീന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: കൃത്യമായ തുക പറയാൻ സാദ്ധ്യമല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കൃത്യമായ തുക പറയണമെന്നില്ല. ആയിരക്കണക്കിനോ ലക്ഷക്കണക്കിനോ പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനു നോട്ടീസു വേണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം തൊഴിൽരഹിതരായവക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുവാൻ ഗവണ്മെൻറു എന്തു മാഗ്ഗമാണ് കണ്ടിരിക്കുന്നതു്?

Shri P. S. Nataraja Pillai : I answered the question. To provide employment to them, the Palm Gur Development Scheme of the Government of India has been introduced in the State and Government are implementing it, and co-operative societies have been organised in prohibition areas. Evidently, my friend comes from a non-prohibition area and cannot know the activities of the co-operative societies that are being established in the prohibition areas. Co-operative Societies are being organised and funds have been allotted. The co-operative societies are endeavouring to provide alternative employment for tappers who are thrown out of employment.

ശ്രീ. എ. കുഞ്ഞൻ നാടാർ: മദ്യനിരോധനത്തിനു ശേഷം തൊഴിലില്ലായ്മ ഉണ്ടാകുകയല്ല, തൊഴിലില്ലായ്മ പരിഹരിക്കുകയാണ് ചെയ്തതെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ചോദ്യം മനസ്സിലായില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: മദ്യനിരോധനത്തിനു ശേഷം പലരും ചാരായം വാറ്റുന്നുണ്ടെന്നു ഗവണ്മെൻറിനറിയാമൊ?

Shri P. S. Nataraja Pillai : As I told previously, that is a matter in which the prohibition law is prevalent and Government are giving their best attention and trying to put a stop to that illicit practice.

Shri A. A. D. Luiz : Are the Government aware that prohibition has not the support of a large mass of people ?

Shri P. S. Nataraja Pillai : I, on the other hand, believe that it has the genuine support of the majority of the population.

Shri A. A. D. Luiz : Will the Government be prepared to constitute a committee to enquire into the matter ?

Shri P. S. Nataraja Pillai : When Government feels the necessity for it, they will constitute a committee.

ശ്രീ. യു. നീലകണ്ഠൻ: മദ്യനിരോധനം ഒരു പരാജയമായിരുന്നിട്ടും സംസ്ഥാനമൊട്ടുക്ക് അതു് ഏർപ്പെടുത്തണമെന്നു തോന്നാനുള്ള കാരണമെന്തു്?

Mr. Speaker : That is a matter of opinion. The question is disallowed.

പഞ്ചായത്തു ആഫീസറന്മാരുടെ നിയമനം.

*൪൦. [൧൭] ശ്രീ. ജോസഫ് ചാഴിക്കാട്ട്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ പഞ്ചായത്തുകളിൽ പഞ്ചായത്തു ആഫീസറന്മാരെ നിയമിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് ഏതെങ്കിലും ഒരു തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പഞ്ചായത്തുകളിൽ ൧—൨—൧൯൫൪ വരെ ആഫീസറന്മാരെ നിയമിച്ചിട്ടുണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) :

(എ) (ബി) പഞ്ചായത്ത് ആഫീസറന്മാരുടെ നിയമനത്തെക്കുറിച്ചു ഗവണ്മെൻറ ആലോചിച്ചുവരികയാണ്. ഒരവസാനതീരുമാനം എടുത്തിട്ടില്ല.

ശ്രീ. എൻ. ജി. ചാക്കോ : എത്രയും വേഗത്തിൽ പഞ്ചായത്ത് ആഫീസറന്മാരുടെ നിയമനം നടത്തുന്നതിനു ഗവണ്മെൻറിന് ദയവുണ്ടാകുമോ ?

ശ്രീ. പി. കെ. കുഞ്ഞ് : കഴിയുന്നത്ര വേഗത്തിൽ ഇതിനെപ്പററി ഗവണ്മെൻറ് തീരുമാനമെടുക്കുന്നതാണ്.

Sea Erosion

*41. [19] **Shri Alexander Parambithara :** Will the Chief Minister be pleased to state :

(a) the number of houses destroyed or rendered uninhabitable by sea erosion from Manassery to Pallithodu during the last monsoon ;

(b) what was the total amount spent by Government for compensation given to the owners or occupants of those houses ;

(c) when was the compensation paid ;

(d) what was the minimum and maximum rate of compensation ;

(e) were any applications for compensation rejected ; if so, on what grounds ; and

(f) are there any cases pending payment yet ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ൨൮.

(ബി) ൧൧൪൬ രൂപ.

(സി) ൧൯൫൨-ൽ ൯൧൩ രൂപ. ൧൯൫൪-ൽ ൬൬൩ രൂപ.

(ഡി) ൫ രൂപയും, ൬൦ രൂപയും.

(ഇ) ൨ അപേക്ഷകൾക്ക് ധനസഹായം ആവശ്യമില്ലെന്നു കണ്ടതുകൊണ്ട് ആ അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുണ്ട്.

(എഫ്) ഉണ്ട്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: വീട്ടുടമസ്ഥന്മാർക്കു് പ്രതിഫലം കിട്ടിയിട്ടുണ്ടെങ്കിലും അതിലെ താമസക്കാർക്കു് പ്രതിഫലം കിട്ടിയിട്ടില്ലെന്നു് ആവലാതിയുള്ളതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: അറിഞ്ഞുകൂടാ.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഈയുടെ ചോദ്യത്തെ സംബന്ധിച്ചു് എത്ര അപേക്ഷകൾ പരിശോധിച്ചുവെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: മൂന്നുപേരുടെ അപേക്ഷകളാണു് പരിശോധിച്ചതു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: എഫിന്റെ ഉത്തരമായി അപേക്ഷകൾ പെൻറിംഗ് ആയി ഉണ്ടെന്നു പറഞ്ഞു. അങ്ങനെ എത്ര അപേക്ഷകൾ പെൻറിംഗ് ആയി കിടപ്പുണ്ടു്?

ശ്രീ. എ. അച്യുതൻ: ൨൧ അപേക്ഷകളുണ്ടു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഇങ്ങനെ അപേക്ഷകൾ പെൻറിംഗ് ആയി കിടക്കുവാനുള്ള കാരണമെന്താണു്?

ശ്രീ. എ. അച്യുതൻ: ഈ അപേക്ഷകളെല്ലാം കൊല്ലം ഡിസ്ട്രിക്റ്റ കളക്റ്ററുടെ അടുക്കൽ കിടക്കുകയാണു്. അതിനെ സംബന്ധിച്ചു് അവസാനറിപ്പോർട്ടു വന്നിട്ടില്ലെന്നാണു് തോന്നുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കടലാക്രമണംമൂലം ഉള്ള നാശങ്ങളും നഷ്ടങ്ങളും പരിഹരിക്കുന്നതിനു ഗവണ്മെൻറിനു് വല്ല പദ്ധതികളുമുണ്ടോ?

ശ്രീ. എ. അച്യുതൻ: ഉണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാഷണൽ പ്ലാനിൽ ഇതിനെപ്പററി ഒരു പദ്ധതിയുണ്ടോ?

ശ്രീ. എ. അച്യുതൻ: ഉണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യത്തിനുവേണ്ടി ഈ ഗവണ്മെൻറ നാഷണൽ പ്ലാനിംഗ് കമ്മിഷനോടു് ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ഉണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതനുസരിച്ചു എന്തെങ്കിലും ധനസഹായം ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ആവശ്യപ്പെട്ടിട്ടുണ്ടു്; എന്നാൽ എന്തെങ്കിലും ധനസഹായം കിട്ടിയിട്ടുണ്ടോ എന്നറിവില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിലേയ്ക്കു പ ലക്ഷം രൂപ നാഷണൽ പ്ലാനിംഗ് കമ്മിഷൻ അനുവദിച്ചിട്ടുണ്ടെന്നു് കേൾക്കുന്നതു് ശരിയാണോ?

ശ്രീ. ടി. ഭാസ്കരൻപിള്ള: സർ, മുൻമന്ത്രിയുടെ ചെയ്തികളെ തത്തയെക്കൊണ്ടു് പറയിപ്പിക്കുന്നതുപോലെ ഇപ്പോഴത്തെ മന്ത്രിയെക്കൊണ്ടു പറയിക്കുന്നതു ശരിയാണോ ?

മിസ്റ്റർ സ്പീക്കർ: തത്തയെക്കൊണ്ടു പറയിപ്പിക്കുന്നതുപോലെ പറയിപ്പിക്കുന്നതു് ശരിയല്ല. വിവരങ്ങൾ അറിയാൻവേണ്ടി ചോദിക്കുന്ന ചോദ്യങ്ങളാണിവ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുൻമന്ത്രിയുടെ ആക്ഷേപങ്ങൾ മാത്രമേ പുറത്തു പറയാവൂ എന്നു വല്ല നിയമവും ഉണ്ടോ ?

മിസ്റ്റർ സ്പീക്കർ: പനമ്പിള്ളി ഗോവിന്ദമേനോൻ ചോദിച്ചു ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രിക്കു് എന്തു മറുപടിയാണു് പറയാനുള്ളതു് ?

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഏതെങ്കിലും മെംബർക്കു് കേൾവിയെ അടിസ്ഥാനപ്പെടുത്തി ചോദ്യങ്ങൾ ചോദിക്കാമോ ?

മിസ്റ്റർ സ്പീക്കർ: കേൾവിയെ അടിസ്ഥാനപ്പെടുത്തി ചോദ്യം ചോദിക്കുവാൻ പാടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ചോദ്യം ഒരിക്കൽ കൂടി ചോദിക്കാം. നാഷണൽ പ്ലാനിംഗ് കമ്മീഷനിൽനിന്നും കടലാക്രമണംമൂലം ഉണ്ടായിട്ടുള്ള നാശങ്ങൾക്കും നഷ്ടങ്ങൾക്കും പരിഹാരമായി ഏകദേശം ൧൧ ലക്ഷത്തോളം രൂപ അനുവദിച്ചിട്ടുണ്ടെന്നു അറിയുന്നതു് ശരിയാണോ ?

ശ്രീ. ഏ. അച്യുതൻ: അതിനെ സംബന്ധിച്ചു റിക്കാർഡുകൾ നോക്കിയതിനു ശേഷമേ കൃത്യമായ മറുപടി പറയാൻ സാധിക്കുകയുള്ളു.

ശ്രീ. ആർ. സുഗതൻ: പതിവായി കടലാക്രമണം ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഗവണ്മെന്റ് എടുത്തുവരുന്ന നിരോധനനടപടികൾ വർഷകാലം തുടങ്ങുന്നതിനു മുമ്പു എടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ഏ. അച്യുതൻ: ഗവണ്മെന്റു് അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. കഴിയുന്നിടത്തോളം വർഷകാലം തുടങ്ങുന്നതിനു മുമ്പു കടലാക്രമണത്തെ നിരോധിക്കുന്നതിനുള്ള നടപടികൾ എടുക്കുവാൻ ശ്രമിക്കുകയും ചെയ്യും.

UNSTARRED QUESTIONS.

Supply of Water to Elamkulam Village.

9. [7] **Shri M. P. Menon:** Will the Chief Minister be pleased to state whether Government have any scheme for supply of Alwaye water to Kadavanthara in Elamkulam Village ?

Answer.

There is no scheme at present to extend supply of Alwaye Water to Kadavanthara.

Night soil depot at Kaloor.

10. [8] **Shri M. P. Menon**: Will the Chief Minister be pleased to state:

(*a*) what steps have been taken to shift the Night soil depot at Kaloor to some uninhabited place ; and

(*b*) by what time can the actual shifting be effected ?

Answer.

(*a*) & (*b*) The matter is under the consideration of Government.

പെൻഷൻ.

൧൧. [൧൦] ശ്രീ. ടി. കെ കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ആനപ്പാറ ട്രെയിനിംഗ് സ്കൂൾ പ്രിൻസിപ്പാലായി ൧൯൧൮-ൽ ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞ ഡാക്ടർ സി. സി. മാത്യുവിന്റെ പെൻഷൻ ഇതുവരെ കൊടുക്കാത്തതിന്റെ കാരണമെന്ത്?

ഉത്തരം.

രേഖകൾ അനുവദിക്കാത്തതുകൊണ്ട്.

റെസ്റ്റ് ഹൗസ്.

൧൨. [൧൯] ശ്രീ. ജോസഫ് ചാഴിക്കാട്ട്: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് ഇപ്പോഴുള്ള റെസ്റ്റ്ഹൗസിന് ആ പേര് കൊടുത്തത് എന്നാണ്;

(ബി) അവയ്ക്ക് ട്രാവലേഴ്സ് ബംഗ്ലോ എന്നുണ്ടായിരുന്നോ;

(സി) പേരു മാററാനുള്ള കാരണമെന്ത്?

ഉത്തരം.

(എ) ൨-൯-൧൧൨൦-ൽ.

(ബി) ഉണ്ടായിരുന്നു.

(സി) ട്രാവലേഴ്സ് ബംഗ്ലോ എന്ന പേരിനേക്കാൾ റെസ്റ്റ് ഹൗസ് എന്ന പേര് കൂടുതൽ അനുയോജ്യമാണെന്ന് തോന്നിയതിനാൽ.

സെയിൽസ് ടാക്സ്.

൧൩. [൧൬] ശ്രീ. ജോസഫ് ചാഴിക്കാട്ട്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൱൨൮-൨൯ സാമ്പത്തിക വർഷത്തിൽ സെയിൽസ് ടാക്സ് ഇനത്തിൽ എന്തു സംഖ്യ ഗവണ്മെൻറിലേക്ക് ലഭിച്ചിട്ടുണ്ട്;

(ബി) ൧൱൨൮-൨൯ സാമ്പത്തിക വർഷത്തിൽ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർക്ക് ശമ്പളവും അലവൻസുമായി എന്തു തുക കൊടുത്തിട്ടുണ്ട്?

ഉത്തരം.

(എ) ൮൮ ൪· ൪൨ ലക്ഷം ഉറുപ്പിക.

(ബി) ൪·൮ ൨ ലക്ഷം ഉറുപ്പിക.

Condition of Working Journalists.

14. [21] **Shri P. Viswambharan** : Will the Chief Minister be pleased to state :

(*a*) whether the Government had decided to appoint a committee to enquire into the conditions of working journalists in the State ; and

(*b*) if the answer to (*a*) is in the affirmative why the committee is not yet appointed ?

Answer.

(*a*) No.

(*b*) Does not arise in the light of answer to (*a*).

Procedure regarding Vote on Account.

[12 Noon].

Mr. Speaker : According to the programme already circulated, Friday the 26th March 1954 has been allotted for general discussion of the Budget, and the motion for Votes on Account is to come before the House on Saturday the 27th. As hon. Members are aware, the procedure for Voting on Account is designed to give the Members a longer time for a detailed discussion on the budget by putting off such discussion to convenient dates after the 31st of March. The principle is that the House ought to grant sufficient funds in advance to the Government to enable it to carry on till the Demands are scrutinised in detail and voted upon. Since a full discussion on the various Demands could be had in the House in due course. I trust that the grant of the supply for the interim period on the motion for Votes on Account will be treated as a formal affair.

The following procedure will therefore be adopted for the disposal of the motion regarding Votes on Account on the 29th March.

The hon. Minister for Finance will move the motion in respect of the total sum required. I understand that copies of this motion have already been distributed to the hon. Members. After this motion is moved, any Member may move an amendment for the reduction of the whole grant or for the reduction or omission of the items whereof the grant is composed. A Member who wishes to move such an amendment should give notice of it to the Secretary before 12 noon on Friday, the 26th March. The hon. Minister for Finance will have a right of reply, towards the close of the debate, to the amendments moved to the motion. At 5 o' clock all the amendments and then the motion for Votes on Account will be submitted to the vote of the House.

Motion on the Address by H. H. the Raj Pramukh.

Mr. Speaker : Now let us take up the Motion on the Address of His Highness the Rajpramukh. After ascertaining the sense of hon. Members I propose to fix a time-limit. I suggest that it may be fixed as follows :

Mover and seconder of motion	30	minutes
Congress Party	55	,,
U. F. L. Party	55	,,
Tamil Nad Party	20	,,
P. S. P. Party	20	,,
Independents	10	,,
Reply by Minister	20	,,

Now I would call upon Mr. C. K. Ramachandran Nair to move his motion.

Shri C. K. Ramachandran Nair : I move that a reply in the following form be presented to His Highness the Rajpramukh expressing the thanks of the Assembly for the speech delivered by him:

"*May it Please Your Highness,*

We, the members of the Legislative Assembly, beg leave to thank Your Highness for the Address delivered to this Assembly."

Sir, I wish to say a few words about the Address. I feel that the Address has touched almost every field of social work and the welfare of the depressed classes in the State. Almost all the aspects have been mentioned in general. First of all let me come to the land policy Here it is plainly and simply stated that the question of agrarian reforms will receive the earnest and immediate attention of my Government. My Government propose to initiate Legislation to afford to tenants security of tenure and fixity of fair rent and to assure to actual cultivators maximum return for their toil. We all

[Shri C. K. Ramachandran Nair]

know certain limitations are put on us by the Constitution. Standing within the limits of the Constitution the address contains much for the amelioration of the conditions of the people. A fixed land policy is going to be initiated. I think a Bill will be introduced and a final solution of that problem will be found. It is also stated the Government will also examine the possibility of fixing a ceiling for holding of land to preclude accumulation in the hands of a few. Coming to this question I think it is more elaborate to deal at present.

Then comes the question of free compulsory education. It is a more adventurous endeavour on the part of Government. Education is the most important aspect of a country's prosperity. Government are going to provide free education for all the children until they complete the age of fourteen years. If education is poor the next generation of the electorate will hardly be above the level of the masses. Education today, is defective in many ways. There is mention in the address of the necessity for re-orientation of the educational system. If the Government can make secondary education free in this country that alone should go a long way in improving the educational standard of the country. About the educational question I have nothing more to say now.

Now with regard to prohibition. I feel that prohibition is a good thing and it actually raises the standard of morality of the people. I personally feel like that. I would suggest to the Government to advance the scheme as far as possible. But there is the handicap that auctions of 1954 have already been confirmed. Of course there are complaints that essences and other illicit production of liquor are not discouraged. But on the whole I congratulate the Government.

As regards industries the address states that the Government would devote their attention for industrial development. "A diversified economy is essential for the welfare of the State", and it is encouraging to note that the development of cottage industries has been taken up. The address states that the Panchayats in the country will be given greater resources and they will be made units of local administration.

In regard to Public Services we note that the integration of services will be completed soon. It is also seen an independent Anti-Corruption Tribunal of high judical status is to be appointed. The suppression of corruption if looked to will be an encouraging sign. I do not wish to go further into that aspect of the matter.

Before concluding I may appeal to the House that this motion should be accepted unanimously. Further, as you will know, at the present juncture it is most desirable that there should be utmost co-operation among the Members of this House. In this emergency period this is the only possible thing and I appeal to the hon. Members of this House to pass this motion unanimously.

<u>ശ്രീ. കെ. മഞ്ജനാഥപ്രഭു</u> : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ പിൻതാങ്ങുന്നു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം ഒരു പരമാധികാര റിപ്പബ്ലിക്കല്ലെ. ഇന്നത്തെ ഈ രാജ്യത്തിന്റെ പരിതഃസ്ഥിതിയും, ഇപ്പോൾ ചാർജ്ജെടുത്തിരിക്കുന്ന ഗവണ്മെന്റിന്റെ സ്ഥിതിയും പര്യാലോചിക്കുമ്പോൾ രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് ഈ സഭയിൽ ചെയ്ത നയപ്രഖ്യാപന പ്രസംഗം ഏററവും പുരോഗമനപരമാണെന്നു പറയുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ നാട്ടിൽ ഇന്ന് ഭക്ഷ്യത്തിനും തൊഴിലിനും വളരെ വിഷമമുണ്ടായിരിക്കുകയാണ്. അതിന് പലതിനും ചെറുതോതിലെങ്കിലും പരിഹാരം ഉണ്ടാക്കുമെന്നു നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. ഭ്രപ്രശ്നം മുഴുവൻ പരിഹരിക്കുന്നതിന് ഒരു സ്റ്റേററു ഗവണ്മെൻറിന് അധികാരമില്ല. പരിഹരിക്കാവുന്നിടത്തോളം കാര്യങ്ങൾ ഉടൻതന്നെ പരിഹരിച്ചുകൊള്ളാമെന്നു നയപ്രഖ്യാപനപ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

അടുത്തതായി ഈ നാട്ടിൽ തൊഴിലില്ലായ്മ വളരെയധികം വർദ്ധിച്ചിട്ടുള്ളതിനെപ്പററിയാണ് പറയാനുള്ളത്. ജനസംഖ്യയിൽ വളരെ മുന്നിട്ടു നിൽക്കുന്ന ഈ നാട്ടിലുള്ള എല്ലാ ജനങ്ങൾക്കും തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിന് ഒരു ഗവണ്മെൻറിനും സാധിക്കയില്ല. നയപ്രഖ്യാപനത്തിൽ വേണമെങ്കിൽ ഇതെല്ലാം ഉൾപ്പെടുത്താമായിരുന്നെങ്കിലും ഫലപ്രാപ്തിയിൽ കൊണ്ടുവരാൻ സാധിക്കയില്ല. അങ്ങനെ സാദ്ധ്യമല്ലാത്ത കാര്യങ്ങൾ പ്രഖ്യാപനത്തിൽ പറഞ്ഞതുകൊണ്ടു യാതൊരു വിശേഷവുമില്ല. അതായത് അടുത്ത നയപ്രഖ്യാപന പ്രസംഗത്തിനു മുൻപായി നടത്താൻ കഴിവുള്ള കാര്യങ്ങൾ മാത്രമെ ഇപ്പോഴത്തെ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളു. പല ബഹുമാനപ്പെട്ട മെംബറന്മാരും ഇവിടെ ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ട്. അതെല്ലാം നോക്കുമ്പോൾ, ഈ ഗവണ്മെൻറു ഒരു പരമാധികാര ഗവണ്മെൻറാണെന്നുള്ള വിചാരത്തിലല്ലേ അവ അവതരിപ്പിച്ചിട്ടുള്ളതെന്നു തോന്നിപ്പോകും. ഈ ഭേദഗതികൾ മുഴുവനും നടപ്പിൽ വരുത്തുന്നതിന് ഒരു പരമാധികാര ഗവണ്മെൻറിനു മാത്രമെ സാധിക്കുകയുള്ളു. പുരോഗമനപരമായ എല്ലാ കാര്യങ്ങളും ഒരു ഗവണ്മെൻറിനും ഒററ ശ്വാസത്തിൽ ചെയ്യാൻ സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. ഒരു രാജ്യത്തെ ജനങ്ങളുടെ ശ്രേയസ്സിനെയും ക്ഷേമത്തെയും പരിരക്ഷിച്ചുകൊണ്ടിരിക്കുന്ന ഈ ഗവണ്മെൻറിന് ഇവിടത്തെ സാമ്പത്തിക കഴിവുകളും, കേന്ദ്രഗവണ്മെൻറിൽനിന്നും കിട്ടാവുന്ന ധനസഹായവും മററും പരിഗണിച്ചശേഷം മാത്രമെ മുന്നോട്ടുപോകാൻ നിവൃത്തിയുള്ളു.

ഭൂരിപക്ഷം ജനങ്ങളുടെയും ക്ഷേമത്തെ ആസ്പദമാക്കിയുള്ള പല സംഗതികളും ഈ നയപ്രഖ്യാപനത്തിലുണ്ട്. വിദ്യാഭ്യാസവിഷയത്തിലും

[ശ്രീ. കെ. മഞ്ജനാഥപ്രഭു]

യാലും, വ്യാവസായിക കാര്യത്തിലായാലും, അവശതയനുഭവിക്കുന്ന ചെറുതരം കൃഷിക്കാരുടെയും തൊഴിലാളികളുടെയും കാര്യത്തിലായാലും ആശ്വാസകരങ്ങളായ പരിഹാരങ്ങൾ ഈ നയപ്രഖ്യാപനത്തിലുണ്ട്. ഇവയെല്ലാം പരിഗണിച്ച് ഇൻഡ്യൻ ഫെഡറൽ ഗവണ്മെൻറിൻെറ ഒരു ഘടകമായ തിരുവിതാംകൂർ-കൊച്ചിയുടെ നയപ്രഖ്യാപനത്തെ എല്ലാ പാർട്ടികളും ഉൾപ്പെട്ട മെംബറന്മാർ ഒത്തൊരുമിച്ചു പാസ്സാക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

മി. സ്പീക്കർ: നാല്പത്തിയൊന്നു ഭേദഗതികളാണ് ഇതു സംബന്ധിച്ചുവന്നിട്ടുള്ളത്. ഈ ഭേദഗതികൾ മുഴുവനും അവതരിപ്പിക്കാൻ സമയം കിട്ടുകയില്ലെന്നറിയാമല്ലോ. അതുകൊണ്ടു ഓരോ പാർട്ടിയിലും പെട്ട മെംബറന്മാർ അതാതു പാർട്ടിക്കുവേണ്ടി ഓരോ ഭേദഗതി അവതരിപ്പിച്ചുകൊണ്ടോ, അല്ലെങ്കിൽ ഭേദഗതി അവതരിപ്പിക്കാതെയോ പ്രസംഗിച്ചാൽ കൊള്ളാം. Pak-American Treaty സംബന്ധിച്ചും, Redistribution of States സംബന്ധിച്ചും ചില ഭേദഗതികൾ വന്നിട്ടുണ്ട്. പാക്ക്-അമേരിക്കൻ സന്ധിയെപ്പററിയുള്ള കാര്യങ്ങൾ വാദപ്രതിവാദം ചെയ്യാൻ ഈ സഭയ്ക്കധികാരമില്ല. അതുകൊണ്ട് പാക്ക്-അമേരിക്കൻ സന്ധിയെ പരാമർശിച്ചുകൊണ്ടുള്ള ഭേദഗതി ഞാൻ റൂൾ ഔട്ട് ചെയ്യുന്നു. എന്നാൽ റീ ഡിസ്ട്രിബ്യൂഷൻ ആഫ് ടെറിട്ടറീസിനെപ്പററിയുള്ള ഭേദഗതികൾ ഫൈചല്ലർ കമ്മീഷൻ നിലവിൽ വന്നിരിക്കുന്ന ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ വാദപ്രതിവാദം നടത്തുന്നതിനുവേണ്ടി ഞാൻ അനുവദിച്ചിരിക്കുന്നു.

ഓരോ പാർട്ടിയിലേയും നേതാക്കന്മാർ നൽകിയിട്ടുള്ള ലിസ്റ്റനുസരിച്ചാണ് പ്രസംഗിക്കാനുള്ള മെംബറന്മാരുടെ പേരു വിളിക്കുന്നതു്. അതു് എല്ലാവരും സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. മി. കരുണാകരൻ.

Shri K. Karunakaran: Sir, I move:

Add—

> "But regret to note that nothing concrete and tangible is being proposed by your Highness's Government

(*a*) in the matter of starting new industries;

(*b*) in the matter of seeing that existing industries do not close down; but will contribute to give full employment to the workers; and

(*c*) generally in assuring to industrial workers security of tenure and increasing social benefits."

സർ, രാജപ്രമുഖൻ ഈ സഭയിൽ ചെയ്തിട്ടുള്ള പ്രസംഗം, നിലവിലുള്ള ഗവണ്മെൻറു അടുത്ത ഒരു വർഷം ചെയ്യാൻപോകുന്ന പരിപാടികളുടെ ഒരു പ്രഖ്യാപനം മാത്രമാണ്. ഈ പ്രഖ്യാപനത്തിൽ ഉള്ള പരിപാടികൾ നടപ്പിൽ വരുത്തുവാനുള്ള സന്നദ്ധത ഇന്നത്തെ ഗവണ്മെൻറിനു

ഉണ്ടാകുമെന്നു ഞാൻ ആശിക്കുന്നു. പഴയ ഗവണ്മെൻറിൻെറ നയങ്ങളും പരിപാടികളും തുടരുന്നതാണെന്നു കാണുന്നതു ആശാവഹമാണു്. ഈ രാജ്യത്തെ സാധാരണക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രായോഗികമായി പ്രവർത്തിക്കണമെന്നാഗ്രഹിക്കുന്ന ഒരു ഗവണ്മെൻറിനു് ഇതിൽ കൂടുതൽ എന്തെങ്കിലും ചെയ്യാൻ സാദ്ധ്യതയുണ്ടോ എന്നു ഞാൻ ശങ്കിക്കുന്നു.

എനിക്കു ഇവിടെ പ്രസ്താവിക്കാനുള്ളതു് നാട്ടിലെ വ്യവസായത്തെ സംബന്ധിച്ചും തൊഴിലാളികളെയും തൊഴിൽ പ്രശ്നങ്ങളെയും സംബന്ധിച്ചും രാജപ്രമുഖൻ ചെയ്തിട്ടുള്ള പ്രഖ്യാപനത്തെക്കുറിച്ചാണു്. തൊഴിലില്ലായ്മ പരിഹരിക്കേണ്ടതു് അടിയന്തിര ആവശ്യമാണു്. അമിതമായ ജനസംഖ്യയുള്ള ഈ രാജ്യത്തു് തൊഴിലില്ലായ്മ വർദ്ധിച്ചുവരികയാണെന്നു എല്ലാവർക്കും അറിയാം. തൊഴിലില്ലായ്മ പരിഹരിക്കാൻ പുതിയ പുതിയ വ്യവസായങ്ങൾ ആരംഭിക്കേണ്ടതു് ആവശ്യമാണു്. നമ്മുടെ നാട്ടിൽനിന്നും വേണ്ടത്ര മൂലധനം ശേഖരിച്ചു വൻകിട വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സാദ്ധ്യത വിരളമായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു സംസ്ഥാനത്തിനു വെളിയിലുള്ള കമ്പനികളുമായി ആലോചിച്ചും അവരെ പ്രോത്സാഹിപ്പിച്ചും പുതിയ വ്യവസായങ്ങൾ ആരംഭിച്ചു തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുമെന്നാണു് തോന്നുന്നതു്. കൂടാതെ വ്യവസായാഭിവൃദ്ധിക്കുവേണ്ടി കേന്ദ്രഗവണ്മെൻറിനെ സമീപിച്ചു് ഈ സ്റ്റേററിലെ വ്യവസായങ്ങൾക്കു് വേണ്ട ധനസഹായം ലഭിക്കാനുള്ള നടപടികൾ നടത്തണമെന്നും എനിക്കഭിപ്രായമുണ്ടു്. മുൻ ഗവണ്മെൻറിൻെറ പരിശ്രമഫലമായി ഈ രാജ്യത്തു ചില വ്യവസായശാലകൾ കേന്ദ്രഗവണ്മെൻറിൻെറ ആഭിമുഖ്യത്തിൽ ഇവിടെ നടത്തുന്നുണ്ടു്. ആലുവായിലെ മോണോസൈററ കമ്പനി ഇതിനുദാഹരണമാണു്. മുൻ ഗവണ്മെൻറ ഇതിലേയ്ക്കുവേണ്ടി ആരംഭിച്ചിട്ടുള്ള നടപടികൾ ഈ ഗവണ്മെൻറും സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. സർ, ഇന്നു ഇവിടത്തെ പല വലിയ വ്യവസായങ്ങളും അനിശ്ചിതാവസ്ഥയിൽ കിടക്കുകയാണു്. പല വ്യവസായശാലകളും പൂട്ടിയിട്ടിരിക്കുകയാണു്. ഈ പരിതഃസ്ഥിതിയിൽ ഈ വ്യവസായങ്ങളെയും, വ്യവസായശാലകളെയും സംബന്ധിച്ചു് ഗവണ്മെൻറ എന്തു നടപടിയാണു നടത്താൻ പോകുന്നതെന്നു പൊതുജനങ്ങൾ, വിശിഷ്യ, ഈ നാട്ടിലെ തൊഴിലാളികൾ വളരെ ഉൽക്കണ്ഠയോടുകൂടി നോക്കിയിരിക്കുകയാണു്. അതിനാൽ ഗവണ്മെൻറിൻെറ തൽസംബന്ധമായ നയപരിപാടികൾ വ്യക്തമാക്കേണ്ടിയിരിക്കുന്നു. രാജപ്രമുഖൻെറ പ്രസംഗത്തിൽനിന്നും അതു വ്യക്തമാകുന്നില്ല. ഇതെല്ലാം ഒരു വിമർശനത്തിനുവേണ്ടി ഞാൻ പറയുകയല്ല, പൂട്ടിയിട്ടിരുന്ന പല വ്യവസായശാലകളും മുൻ ഗവണ്മെൻറ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്. അതായതു്, സീതാറാംമിൽസ്, മഹാലക്ഷ്മി മിൽസ്, ടൈററാനിയം ഫാക്ടറി മുതലായവ ഇപ്പോൾ പ്രവർത്തനം നടത്തിവരുന്നുണ്ടു്. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിച്ചു രാജ്യത്തു സമാധാനം സ്ഥാപിക്കാൻവേണ്ടി മുൻ ഗവണ്മെൻറ സ്വീകരിച്ചിട്ടുണ്ടായിരുന്ന നടപടികൾ കൂടുതൽ ശക്തിമത്തായി ഈ ഗവണ്മെൻറും എല്ലാ കഴിവുകളും ഉപയോഗിച്ചു് തുടർന്നു നടത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ആവശ്യമായിവരികയാണെങ്കിൽ, ഇന്നത്തെ പരിതഃസ്ഥിതിയിൽ വ്യവസായങ്ങൾ ദേശവൽക്കരിക്കേണ്ടിവരുമെന്നാണു് തോന്നുന്നതു്. ഈ വ്യവസായങ്ങൾ ദേശവൽക്കരിക്കണമെന്നും എനിക്കപേക്ഷയുണ്ടു്.

[ശ്രീ. കെ. കരുണാകരൻ]

ഇപ്പോഴും ചില വ്യവസായശാലകൾ പൂട്ടിയിട്ടിരിക്കുകയാണ്. കുണ്ടറ അലൈഡ് ഇൻഡസ്ട്രീസ്, ആലുവായിലെ ഇനാമൽ ഫാക്ടറി, തൃശ്ശൂർ വനജാ ടെക്സ്റ്റയിൽസ് മുതലായവ ഇപ്പോഴും പ്രവർത്തനരഹിതമായിരിക്കുകയാണ്. അവ വീണ്ടും തുറന്ന് പ്രവർത്തനം നടത്തുവാനുള്ള നടപടികൾ മുൻ ഗവണ്മെന്റ് ആരംഭിച്ചിട്ടുണ്ടായിരുന്നു.

ശ്രീ. യു. നീലകണ്ഠൻ: പഴയ ഗവണ്മെന്റിന്റെ വ്യാവസായിക നയംതന്നെ പുതിയ ഗവണ്മെന്റും തുടരണമെന്നാണോ മെമ്പറുടെ അഭിപ്രായം?

ശ്രീ. കെ. കരുണാകരൻ: എന്റെ അഭിപ്രായം അതാണ്.

ഒരു തൊഴിലാളി സംഘടനയുടെ പ്രതിനിധിയെന്ന നിലയിൽ ഞാൻ സർക്കാരിനെ സമീപിച്ചപ്പോൾ ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ എനിക്കു തോന്നിയ അഭിപ്രായം ഇതാണ്. തൊഴിലാളികളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് ആശ്വാസനടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്നു നയപ്രഖ്യാപനപ്രസംഗത്തിൽ വിശദമാക്കിക്കാണുന്നില്ല. ചെത്തുതൊഴിലാളികളും കയർവ്യവസായതൊഴിലാളികളും ഇപ്പോൾ തൊഴിലില്ലായ്മ അനുഭവിച്ചുവരികയാണ്. തന്മൂലം അവർക്കു സംഭവിച്ചിട്ടുള്ള അവശതകൾക്കും യാതൊരു പരിഹാരവും കാണുന്നില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിനു കോൺഗ്രസ്സിനെ സഹായിച്ചു എന്ന പേരിൽ പല ചെത്തുതൊഴിലാളികൾക്കും ഇന്നു ചില മുതലാളിമാർ തൊഴിൽകൊടുക്കാതെ ഇരിക്കുകയാണ്. തെരഞ്ഞെടുപ്പുസംബന്ധിച്ചു ഇപ്രകാരം തൊഴിലാളികൾക്കു വന്നുചേർന്നിട്ടുള്ള വിഷമങ്ങൾക്കും വേണ്ട നടപടികൾ നടത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ചെത്തുതൊഴിലാളികളെ സംബന്ധിച്ച് അടിയന്തിരമായ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. പുതുവർഷം ആരംഭിക്കാൻ പോകയാണ്. അവർക്കു തുടർന്നു ജോലികിട്ടുവാനും ഇപ്പോഴത്തെ മുതലാളിമാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്കു കൊടുപ്പിക്കുവാനും ആവശ്യമായ അടിയന്തിര നടപടി എടുക്കണമെന്നും മററു ഫാക്ടറിതൊഴിലാളികൾക്കും തോട്ടംതൊഴിലാളികൾക്കും കിട്ടിവരുന്ന ആനുകൂല്യമെങ്കിലും ചെത്തുതൊഴിലാളികൾക്കും കിട്ടാറാകുവാൻ ആവശ്യമായ നടപടി നടത്തണമെന്നും അഭ്യർത്ഥിക്കുന്നു. പൊതുവെ വ്യവസായങ്ങൾ പൂട്ടാൻ അനുവദിക്കരുതെന്നും ഒരു പ്രത്യേക കാലത്തേക്കു പൂട്ടിയിടുകയാണെങ്കിൽ ചെറിയ വ്യവസായങ്ങൾക്കും കൂടെ തൊഴിലില്ലാവേതനം കൊടുപ്പിക്കാനും തൊഴിലാളികളുടെ പൊതുക്ഷേമത്തിനുവേണ്ട നടപടി നടത്തണമെന്നും ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

സർ, ഒരു പരീക്ഷണഘട്ടത്തിലാണ് നാം ഇന്നു നിലകൊള്ളുന്നതു്. രാജ്യക്ഷേമത്തെ മുൻനിറുത്തി പ്രവർത്തിക്കുന്നിടത്തോളം കാലം ഈ ഗവണ്മെന്റുമായി ഞങ്ങൾ സഹകരിക്കുന്നതാണ്. ഈ വസ്തുത ഞങ്ങളുടെ പാർട്ടിനേതാവുതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. അതുകൊണ്ടു് കോൺഗ്രസ്സ് ഗവണ്മെന്റ് തുടർന്നുവന്ന നയംതന്നെ ഈ ഗവണ്മെന്റും അനുകരിക്കുന്നതു് ഉത്തമമായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇക്കാര്യത്തിൽ ഗവണ്മെന്റ് ബുദ്ധിപൂർവ്വം പ്രവർത്തിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Shri P. Thanulingam Nadar: I move the following amendment:

After the words "this Assembly," add—

> "But regret that the Government of Your Highness by their calculated and continuous policy of discrimination have made the life of the people of the predominantly Tamil areas of this State totally miserable; and that even now there is not even a whisper of sympathy about the devastating pest which destroyed all the paddy cultivation in South Travancore or any suggestion of help to relieve those distressed cultivators."

ஸர், இந்தத் திருத்தத்தை இந்த சபையிலுள்ள அங்கத்தினர்கள் எதிர்ப்பில்லாமலே ஏற்றுக்கொள்வார்களென நம்புகிறேன். இந்த ராஜ்யத்தின் பல பாகங்களிலுள்ளவர்களும் இங்கு இருக்கிறார்கள். எங்கள் பகுதிகளில் என்ன நடக்கிறதென்று உங்களில் பலருக்குத் தெரியாமலிருக்கலாம். எங்கள் பகுதி என்னும்போது திருவிதாங்கூரில் தமிழர்கள் பெருவாரியாக வாழும் பகுதி எனக் குறிப்பிடுகிறேன். அந்தப் பிரதேசங்களில் மக்கள் எப்படி நடத்தப்படுகிறார்கள்; என்ன என்ன நடைபெறுகின்றன என்று தெரிந்திருக்க வேண்டியது மிகவும் அவசியம். ஸர், ஜனநாயகம் இந்த ராஜ்ஜியத்திற்கு வந்து உத்தேசம் 8-ஆண்டுகள் ஆகின்றன. இந்த சபை ஜனநாயகத்தில் நம்பிக்கை கொண்டவர்களாலும், நம்பிக்கை இல்லாவிட்டாலும் உண்டென்று பேசுகிறவர்களாலும், அமையப்பெற்றது. அவர்களுக்கு திருவிதாங்கூர் தமிழ் பகுதியில் ஜனநாயகம் நிலவி வருகிறதா என்று தெரியவேண்டியது அவசியம். ஜனநாயகத்திற்கு முதன் முதலில் அத்தியாவசியமானது பாஷை. மக்கள் பாஷை அரசாங்க பாஷையாயிருந்தாலொழிய ஜனநாயகம் வளர முடியாது. நூற்றுக்குத் தொண்ணூறு தமிழர்கள் வாழும் பகுதிகளாகிய நெய்யாற்றின் கரை முதல் கன்னியாகுமரி வரையிலும், தேவிகுளம், பீருமேடு, செங்கோட்டை போன்ற பிரதேசங்களில் இன்றும் அரசாங்க பாஷை மலையாளமும் இங்கிலீஷ் பாஷையுமாகத்தான் இருக்கிறது. கோர்டு, கச்சேரிகள், மற்றும் எல்லா அரசாங்க ஆபீசுகளிலெல்லாம் மலையாள பாஷை தான் நடப்பிலிருக்கிறது. கோர்டுகளில் தமிழில் கொடுக்கும் வாக்கு மூலங்களை மலையாளத்தில் தான் எழுதுகிறார்கள். ரேஷன் கார்டுகள் வரையிலும் மலையாளத்தில் தான் எழுதிக் கொடுக்கிறார்கள். ஏழை ஒருவன் கார்டு வாசிப்பதற்கும் ஒரு மலையாளியைத் தேடித்தான் போகவேண்டும். கல்குளம், விளவங்கோடு, தேவிகுளம், பீருமேடு தாலுகாக்களில் கூடுதலும் மலையாளப் பள்ளிக்கூடங்களே ஏற்படுத்தப்பட்டிருக்கின்றன. என்ன ஜனநாயகம் பாருங்கள்! இதுவா மக்கள் சர்க்கார் செய்வது.

[Shri. P. Thanulingam Nadar]

பொருளாதாரத் துறையிலும் அதேமாதிரிதான் செய்கிறது இந்த அரசாங்கம். ஐந்து வருஷத் திட்டத்தில் 27 கோடி ரூபாய் செலவாக்குகிறார்கள். 9-ல் ஒரு பாகமானாலும் தமிழ் பிரதேசத்திற்கு 3 கோடி ரூபாயுமுண்டு. சி. பி. ராமசாமி அய்யர் ஆரம்பித்த பெருஞ்சாணித் திட்டத்திற்கு உத்தேசம் ½ கோடி ரூபாய் செலவு செய்ததல்லாமல் ஒரு பைஸாகூட செலவாகவில்லை.

விளத்துறை விட் இறிகேஷன், பட்டணம் கால் போன்ற திட்டங்கள் கவனிக்கப்படவில்லை. வட திருவிதாங்கூரில் அநுமதிக்கப்பட்ட தொகையைவிட கூடுதல் செலவு செய்துவிட்டு சப்ளிமெண்டரி கிறாண்டு கேட்கிறார்கள். ஆனால் தென்-திருவிதாங்கூரில் பட்ஜெட்டில் அநுமதித்தப் பணத்தைச் செலவு செய்யாமல் லாப்ஸ்-ஆக விடுகிறார்கள். இது தான் எங்களுக்கு செய்யும் நீதி. இருபத்திரண்டு ரூபாய்க்கு எங்கள் நெல்லை வாங்கிக்கொண்டு போயிர்களே தவிர ஒன்றும் செய்ததாகத் தெரியவில்லை. இவ்வாறு மலையாளிகளின் நல்வாழ்விற்கு சவுட்டு மெத்தையாக தமிழர்கள் வாழ்கிறார்களே தவிரநல் வாழ்வு வாழவில்லை இந்த நாட்டிலே. இத்தகைய வெறிபிடித்த மலையாளிகளோடு வாழமுடியாது என்றுதான் சென்னை ராஜ்ஜியத்திலுள்ள தாய்த் தமிழகத்தோடு சேரவேண்டுமென்று இயக்கம் நடத்தினோம். மூன்று தேர்தலிலே போட்டியிட்டு வெற்றியும் பெற்றிருக்கிறோம். இனியாயிலும் எங்கள் கோரிக்கையை ஒப்புக்கொள்வீர்களென நம்புகிறேன். உழுதவனுக்கே நிலம் என்னும்கட்சி ஆட்சியிலிருக்கிறது. யாருக்குமே எதுவும் சொந்தமில்லை என்ற கட்சியும் இங்கே அதிகம் உண்டு. உழுதவனுக்கு நிலம் சொந்தமென்ற தத்துவப்படி பார்த்தாலும் தமிழ்நாடு தமிழருக்கே தான். ஆகவே பிடிவாதம் காட்டாமல் இனிமேலாவது எங்கள் கோரிக்கைக்கு இந்த சபை இணங்குமென்று நம்புகிறேன்.

ശ്രീ. [illegible]. ഒ. പി. മേനോൻ : സർ, ഈ സഭ മുമ്പാകെ ഞാൻ കൊണ്ടു വരാൻ ഉദ്ദേശിക്കുന്ന രണ്ടു ഭേദഗതികളും ഇവയാണ്.

Add at the end—

"But regret that no assurance has been given to the aided primary teachers about an immediate increase of salary."

Add at the end—

"But regret that there is no indication in the speech about the attitude of the Government towards the terms of reference formulated for the high power commission for the redistribution of States by the Government of India."

സർ, എയിഡഡ് പ്രാഥമിക അദ്ധ്യാപകർക്ക് ശമ്പളക്കൂടുതൽ നൽകുന്നതിനെക്കുറിച്ചോ, ഭാഷാസംസ്ഥാനത്തെപ്പറ്റി ഹൈപവർ കമ്മീഷൻ മുമ്പാകെ ഗവൺമെൻറ വയ്ക്കാൻപോകുന്ന അഭിപ്രായത്തെക്കുറിച്ചോ, രാജപ്രമുഖന്റെ പ്രസംഗത്തിൽ യാതൊരു സൂചനയും കാണാത്തതിനെ

പരാമർശിച്ചുകൊണ്ടാണ് ഞാൻ ഉപക്ഷേപങ്ങൾ അവതരിപ്പിക്കുന്നതു്. സ്റ്റേററിലെ ചില പ്രദേശങ്ങളിലുള്ള എയിഡഡ് പ്രാഥമികാദ്ധ്യാപകന്മാർക്ക് ഇന്നു ലഭിക്കുന്നതും, നിലവിലുള്ള വ്യവസ്ഥയനുസരിച്ചു കാലാകാലത്തു് ലഭിക്കാൻ പോകുന്നതും അലവൻസടക്കം പ്രതിമാസം ൩൦ രൂപയാണ്. ഇതു് അപര്യാപ്തമാണ്, ക്രൂരമാണ്, ഈ ശമ്പളത്തോതിൽ പ്രതിഷേധിച്ചു വ്യാപകമായ പ്രക്ഷോഭണങ്ങൾ തലയുയർത്തുകയുണ്ടായിട്ടുണ്ടു്. ഇന്നത്തെ പ്രതിപക്ഷനേതാവ് വിദ്യാഭ്യാസമന്ത്രിയായിരുന്ന ആ പഴയകാലത്തു്, അദ്ധ്യാപകന്മാർക്കു അല്പമൊരാശ്വാസം നൽകാനുള്ള "പനമ്പിള്ളിപദ്ധതി" രൂപമെടുക്കുകയുണ്ടായി. ഇന്നാട്ടിലെ നിക്ഷിപ്ത താൽപര്യക്കാർ "എബ്രഹാംലിങ്കൺ" എന്ന ചെല്ലപ്പേരുവിളിച്ചു് ചാലക്കുടിമെംബറെ അധികാരത്തിന്റെ തൊട്ടിലിലിട്ടു് താരാട്ടു പാടിയിരുന്ന കാലമായിരുന്നു അതു്. പക്ഷേ പദ്ധതി പ്രയോഗത്തിലേയ്ക്കു നീങ്ങാൻ തുടങ്ങിയപ്പോൾ അതേ താൽപര്യക്കാർ അവരുടെ ഓമന 'ലിങ്ക'നെ ശരശയ്യാവലംബിയായ ഭീഷ്മരാക്കി രൂപാന്തരപ്പെടുത്തി. അതുകൊണ്ടും കൂടിയാണ് ഇന്നലത്തെ ട്രഷറിബഞ്ചുകാർ ഇന്നു പ്രതിപക്ഷബഞ്ചുകാരായി മാറാനിടവന്നതെന്നു് ഞാൻ പറയുമ്പോൾ, കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു് എയിഡഡ് അദ്ധ്യാപകന്മാർ നടത്തിയ പ്രചണ്ഡമായ രാഷ്ട്രീയപ്രചരണത്തിന്റെ കരുത്തെന്താണെന്നറിയാൻ കഴിയണം. അതേ അനുഭവം പുതിയ ഗവണ്മെന്റിനും വരാതിരിക്കണമെങ്കിൽ അടിയന്തിരമായി എന്തെങ്കിലും ചെയ്യേ കഴിയൂ.

സത്വര നടപടികളെടുക്കാനുള്ള പുതിയ ഗവണ്മെന്റിന്റെ കഴിവുകളെ കുറിച്ചു് ഞങ്ങൾക്കെല്ലാം ന്യായമായ സംശയങ്ങളുണ്ടു്. കാരണം, അതിന്റെ ഇന്നത്തെ കൂട്ടുകാർ തിരഞ്ഞെടുപ്പിൽ തോററ കാൺഗ്രസ്സുകാരാണ്. ഏതാനും ആഴ്ചകൾക്കു് മുമ്പു് ഐക്യമുന്നണിയും, പി. എസ്സ്. പി.-യും ചേർന്നു് ഒരു ഇടതുപക്ഷഭരണം ഉണ്ടാക്കാനുള്ള കൂടിയാലോചനകൾ നടന്നിരുന്ന കൂടാരത്തിൽ നിന്നും, ഒരർദ്ധരാത്രിക്കു്, അജ്ഞാതങ്ങളായ ഏതോ കറുത്ത കൈകൾ പി. എസ്സ്. പി. നേതൃത്വത്തെ അപഹരിച്ചുകൊണ്ടുപോവുകയുണ്ടായി. രാവണൻ സീതയെ കട്ടുകൊണ്ടുപോയപ്പോൾ അലങ്കാരസുന്ദരമായ രണ്ടു വരികൾ എഴുതി പിടിപ്പിച്ചു.

"അധ്വരത്തിങ്കൽനിന്നു ശുനകൻ മന്ത്രംകൊണ്ടു
ശുദ്ധമാം പുരോഡാശം കട്ടുകൊണ്ടോടുംപോലെ"

എന്ന ആ വരികളാണ്, ഐക്യമുന്നണിബന്ധത്തിൽനിന്നും പി. എസ്സ്. പി. യെ വേർപ്പെടുത്താനുള്ള ചാണക്യതന്ത്രം വിജയിച്ചപ്പോൾ എനിക്കോർമ്മവന്നതു്.

"ചരിത്രം സൃഷ്ടിച്ച" ഒരു മന്ത്രിസഭ ഇവിടെ അവതാരംചെയ്തിരിക്കയാണ്. അതിലേറെ ചരിത്രം സൃഷ്ടിച്ച ഒരു അസംബ്ലിയും. ട്രഷറി ഭാഗത്തു ൫൯ പേരും, പ്രതിപക്ഷത്തു ൫൯ പേരും ഉള്ള ഒരസംബ്ലി രൂപംപൂണ്ടുകഴിഞ്ഞിട്ടുണ്ടു്. ഈ ചരിത്രസൃഷ്ടിയിൽ സ്പീക്കറായ അങ്ങയുടെ പങ്കും അവിസ്മരണീയംതന്നെ. പുതിയ ഗവണ്മെന്റു പഴയ ഗവണ്മെന്റിന്റെ കാൽപാടുകളെ അതേപടി പിൻതുടരുന്നതിനെ എനിക്കുമുമ്പു സംസാരിച്ച മണലൂർ മെംബർ അഭിനന്ദിച്ചതും നാമെല്ലാം

[ശ്രീ. എം. പി. മേനോൻ]

കേട്ടു. ഇന്നലെയും ഇന്നും ചോദ്യോത്തരവേളയിൽ മുഖ്യമന്ത്രി ആവർത്തിക്കുകയും ചെയ്തു. പഴയ ഗവണ്മെന്റിന്റെ നടപടികളെ നിവൃത്തിയുള്ളിടത്തോളം പുതിയകൂട്ടർ മാററുകയില്ലെന്നു്. അങ്ങിനെയാണെങ്കിൽ പഴയ അനുഭവങ്ങൾതന്നെ പുതിയവർക്കും ഉണ്ടാകുമാറാകട്ടെ എന്നു ഞാനാശംസിക്കുന്നു.

സർ, "അപ്പൂപ്പൻതാടി" എന്നൊരുതരം സാധനത്തെപ്പററി അങ്ങു കേട്ടിട്ടുണ്ടോ? രാഷ്ട്രീയകാററുകൾ അനുസരിച്ചു് ഉയർന്നും താഴ്ന്നും പറക്കുന്ന ഒരു അപ്പൂപ്പൻ താടിയാണു് പി. എസ്. പി. യുടെ നയം. തിരഞ്ഞെടുപ്പുകാലത്തു ഐക്യമുന്നണിയുടെ ഉന്നതശാലകളിലും കാൺഗ്രസ്സ് വിരോധത്തിന്റെ പൊക്കമേറിയ കൊടുമുടികളിലും പാറിപ്പറന്ന ആ വസ്തു, ഇപ്പോൾ കാൺഗ്രസ്സാകുന്ന തൊട്ടാവാടിയിൽ കുരുങ്ങി സ്വയമിരുന്നു ദ്രവിക്കുകയാണു്. പ്രതിപക്ഷനേതാവിന്റെ വൃദ്ധവൃഷഭങ്ങളോടും നാം അനുകമ്പ രേഖപ്പെടുത്തണം. ഇന്നലെവരെ സ്വന്തം ഭരണഭാരത്തിന്റെ നുകംമാത്രം പേറിയിരുന്ന ആ കാളകൾക്കു് ഇന്നു പി. എസ്. പി. മന്ത്രിസഭയുടെ കുടിലും മുതുകിലേററി നടക്കാറായി. ആ കുടിലിലിരുന്നു് അധികാരനൃത്തം നടത്തുന്നവരുടെ ഭാവിയെക്കുറിച്ചു് ആശങ്കക്കല്ലാതെ അവകാശമില്ല.

ബൗണ്ടറികമ്മീഷൻ അടുത്തുതന്നെ തിരുവനന്തപുരത്തെത്തും. ഐക്യകേരളത്തിനെതിരെ ൩൦൦ വാക്കുള്ള കമ്പിയടിച്ചു് തിരുവിതാംകൂറിന്റെ പ്രധാനമന്ത്രിപദം കളഞ്ഞുകുളിച്ച ശ്രീ. പട്ടം താണുപിള്ള, കഴിഞ്ഞകാലാനുഭവങ്ങളിൽനിന്നും എന്തെങ്കിലും പഠിച്ചിട്ടുണ്ടോ എന്നറിയാൻ ആ അവസരം പ്രയോജനപ്പെടും. മലയാളിയുടെ ജന്മാവകാശമാണു് ഐക്യകേരളമെന്നു് ശ്രീ പട്ടത്തെ ഞാനൊന്നു കൂടി ഓർമ്മപ്പെടുത്തട്ടെ.

അഡ്ലായ് സ്റ്റീവൺസന്റെ സന്ദർശനോദ്ദേശത്തെക്കുറിച്ചു് തനിക്കൊന്നുമറിഞ്ഞുകൂടെന്നു മുഖ്യമന്ത്രി കുറച്ചു മുമ്പിവിടെ പ്രസ്താവിക്കയുണ്ടായി. അദ്ദേഹത്തിനറിവില്ലെങ്കിൽ ഞാൻ ചില കാര്യങ്ങൾ അറിയിക്കാം. പാക്-അമേരിക്കൻ സന്ധിക്കെതിരെ നാട്ടിലുടനീളം പ്രതിഷേധമുയർന്നിട്ടും, നെഹ്റുതന്നെ അതിനു നേതൃത്വം നൽകിയിട്ടും, ഒന്നും കണ്ടില്ലെന്നമട്ടിൽ അമേരിക്കൻ നുഴഞ്ഞുകയററത്തിനു പ്രോത്സാഹനം നൽകിയ ഒരു കൂട്ടരിൽനിന്നാണു് ഇന്നു ശ്രീ. താണുപിള്ള ഭരണഭാരം ഒഴിഞ്ഞുവാങ്ങിയിരിക്കുന്നതു്. ഇനിയെങ്കിലും വിരുദ്ധമുന്നണിയടക്കമുള്ള അമേരിക്കൻ ചാരവൃത്തികളെ നിരുത്സാഹപ്പെടുത്താൻ സർക്കാർ മുൻകൈ എടുക്കുമോ?

നാട്ടിന്റെ മുമ്പിൽ നൂറുനൂറായിരം പ്രശ്നങ്ങളുണ്ടു്, പാട്ടം കുറക്കണമെന്നു് കൃഷിക്കാരും, ആയുർവ്വേദത്തിനു കൂടുതൽ പ്രോത്സാഹനം വേണമെന്നു് വൈദ്യന്മാരും നിയമപ്രകാരം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ധനസഹായം വിനാവിളംബം പാസാക്കികിട്ടണമെന്നു വ്യവസായികളും, തൊഴിലില്ലായ്മക്കു പരിഹാരം വേണമെന്നു് അഭ്യസ്തവിദ്യരും, കടലാക്രമണത്തിൽനിന്നും രക്ഷവേണമെന്നു് തീരവാസികളും, രാഷ്ട്രീയതടവുകാരെ വിടണമെന്നു ജനങ്ങളും അനുദിനം മുറവിളികൂട്ടുന്നുണ്ടു്. ഇതെല്ലാം കേൾക്കാനുള്ള ചെവികൾ പി. എസ്. പി. മന്ത്രിസഭയ്ക്കുണ്ടാകുമെ

ങ്കിൽ അവക്കും നാടിനും നന്നു്. അല്ലെങ്കിൽ അനസ്യൂതമായ തുപ്പുകളും അനാശാസ്യമായ പ്രത്യാഘാതങ്ങളും മാത്രം ഭാവിയുടെ വിദൂരതയിൽ തങ്ങിനിൽക്കുമെന്നു് മുന്നറിയിപ്പു നൽകിക്കൊണ്ടു് ഞാൻ ഈ ഭേദഗതികളെ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞു്: പി. എസ്. പി. നേതാവിനെ ഒരു ചാണക്യൻ തട്ടിക്കൊണ്ടു പോയി എന്നു പറഞ്ഞു. അതാരാണു്.

ശ്രീ. എം. പി. മേനോൻ: അലങ്കാരഭാഷയിൽ പറഞ്ഞാൽ ബഹുമാനപ്പെട്ട മെംബർക്കു മനസ്സിലാകുകയില്ലെങ്കിൽ, വിവരിച്ചു പറഞ്ഞു തരാം.

മി. സ്പീക്കർ: അതു വേണ്ട.

ஸ்ரீ. டி. டி. டானியல்: நான் ஸ்ரீ தாணுலிங்க நாடாரின் திருத்தப்பிரேரணையை ஆமோதிக்கிறேன்.

ஸர், ராஜப்பிரமுகர் அவர்களின் பிரசங்கத்தில் தென்-திருவிதாங்கூர் தொழிலாளர்களின் நலனுக்காக இந்த அரசாங்கம் ஏதாவது உதவி அளிக்குமென்று எதிர்பார்த்திருந்தோம். ஆனால் அரசாங்கம் ஒன்றும் செய்யத் தயாராயில்லை. இது தமிழ்நாட்டினருக்கு ஒரு பெரிய ஏமாற்றத்தை அளித்தது. மட்டுமல்ல, தென்-திருவிதாங்கூரில் ஏழை கிருஷிக்காரர்களுடைய கன்றுகாலிகள் நோய்வாய்ப்பட்டு இறந்து போகின்றன. ஏழை கிருஷிகர்கள் கஷ்டநஷ்டமடைகிறார்கள். இதற்கு ஏதாவது ஒரு பரிகாரம் இந்த அரசாங்கம் செய்யும் என்று எண்ணினோம். அதைப்பற்றியும் ஒரு வார்த்தை கூட அவரது பிரசங்கத்தில் புகுத்தப்படவில்லை; நாங்கள் ஏமாந்தோம்.

ஸர், மணவாளக்குறுச்சியிலிருந்த மணல் கம்பேனி அங்கிருந்து மத்திய திருவிதாங்கூருக்கு மாற்றப்பட்டிருக்கிறது. தக்கலையிலுள்ள சீனி கம்பேனியை வேறு யாருக்கோ விற்கப்பட்டு, மாதங்களாக அடைபட்டிருக்கிறது. நாகர்கோவிலிலிருந்த வாத்து சாலையும் (distillery) யும் அங்கிருந்து மாற்றப்பட்டிருக்கிறது. தென்—திருவிதாங்கூரில் பல ஆண்டுகளாக நடந்து வந்து; நூற்றுக்கணக்கான ஏழை தொழிலாளிகளுக்கு வேலை கொடுத்து வந்த கம்பேனிகள் யாவும் மாற்றப்பட்டு விட்டன. இதிலிருந்த தொழிலாளர்களுக்கு வேலையில்லாமல் கஷ்டப்படுகிறார்கள். இவர்களின் பரிதாபகரமான நிலைமையைப் போக்க இந்த அரசாங்கம் இதுவரை ஒன்றும் செய்ததாகக் காணப்படவில்லை. ராஜப்பிரமுகரின் பிரசங்கத்திலும் ஒன்றும் காணப்படவில்லை. இதைக் காணும்போது இந்த அரசாங்கத்திற்கு தமிழர்களின் பேரில் நல்ல மனப்பான்மை இல்லை என்று தோன்றுகிறது. திருவிதாங்கூர் தமிழ்நாட்டுத் தொழிலாளிகள் இந்நாட்டில் மக்களாக வாழவேண்டும், திருவிதாங்கூர்—கொச்சி நாட்டில் மற்ற யிடங்களில் வாழும் மக்களைப்போல் வாழவேண்டும் என்ற நல்ல எண்ணம் இந்த அரசாங்கத்திற்கு இருக்குமானால் அரசாங்கம் உடனே தென்-திருவிதாங்கூரில் அநேக தொழிற்சாலைகளை ஸ்தாபித்து, தொழிலாளர்களை காப்பாற்றவேண்டும்.

[ஸ்ரீ. டி. டி. டானியல்]

பின்பு, ஒரு கல்லூரியாவது தென்–திருவிதாங்கூரில் தமிழ்நாட்டில் ஸ்தாபிக்கப்படவில்லை. அரசாங்கம் மேலும் மேலும் புதிய கல்லூரிகளை ஸ்தாபிப்பதும், வேறு கல்லூரிகளுக்கு பணவுதவி அளிப்பதுமாயிருக்கிறார்கள். அங்குள்ள பெற்றோர்கள் தங்கள் மைந்தர்களை மேற் படிப்பிற்கு வேறு ஸமஸ்தானத்துக்கு அனுப்பவேண்டியதாயிருக்கிறதும் ஏராளம் பணம் செலவிடவேண்டியதாயிருக்கிறது. தென்–திருவிதாங்கூரில் தமிழ்நாட்டில் ஒரு கல்லூரி ஸ்தாபித்தால் பெற்றோர்கள் தங்கள் குழந்தைகளை அதிகச் செலவில்லாமல் கற்க முடியும்.

தண்ணீர் தண்ணீரென்று நாங்கள் எவ்வளவோ கூக்குரலிட்டும் அரசாங்கத்தின் காதுகளில் விழவில்லை. கடலோரங்களிலும் அதற்கடுத்துள்ள இடங்களிலும் குடிக்கத் தண்ணீரில்லாமல் ஏழை மக்கள் கஷ்டப்படுகிறார்கள். இந்த அரசாங்கம் அவர்களுக்குக் குடிக்கத் தண்ணீர் கொடுக்கத் தயாராயில்லை.

ஸர், தென்–திருவிதாங்கூர் தமிழ்நாட்டில் போதுமான அணைக் கட்டுகளும், கால்வாய்களுமில்லாமல், கரிவுகள் ஏற்பட்டுக் கொண்டிருக்கின்றன. கிருஷியில் இங்குள்ளவர்கள் மிகவும் நஷ்டமடைந்து ஏழைகளாய் விட்டார்கள். இந்தவிதமான பிரச்சனைகளெல்லாம் இருக்கின்றன. அரசாங்கம் இவைகளை கவனிக்கவில்லை. நிலமை இந்தமாதிரி நீடித்துக்கொண்டே போனால் என்ன வரப்போகிறது என்று எங்களுக்குத் தெரியாது. இந்த அரசாங்கத்திற்கு திருவிதாங்கூர் தமிழ் நாட்டு மக்களின் பேரில் அன்பில்லை. இங்கே மலையாளிகளுக்கு தமிழர்களின்பேரில் இனவெறி இருக்கிறது. இவைகளையெல்லாம் வைத்துக் கொண்டு தான் எங்களுக்கு இந்நாட்டுடன் இருக்கமுடியாது, தாய் தமிழகத்துடன் சேரவேண்டுமென்று சொல்கிறோம். இந்த இனவெறியினால் தமிழ்நாட்டில் போலீஸ் தொந்தரவும் ஏற்பட்டு வந்தன. இவைகளைப்பற்றி மேலதிகாரிகளுக்கும் அரசாங்கத்திற்கும் எடுத்துக் கூறியும் இதுவரை யாதொரு நடவடிக்கையும் எடுக்கப்படவில்லை. கழிந்த தேர்தல் சமயத்தில் போலீஸ் செய்த அட்டூழியங்களைப் பற்றி பொதுஜனங்கள் கூட்டங்கள் போட்டு தீர்மானங்கள் பாசாக்கி அரசாங்கத்திற்கு அனுப்பினார்கள். யாதொன்றும் இதுவரை நடக்கவில்லை. தமிழ்நாடு காங்கிரஸ் தொண்டர்களை போலீஸார், தங்கள் வானில் எடுத்துக்கொண்டு போய் போலீஸ்ஸ்டேஷனில் வைத்து அடித்து ஹிம்சித்தார்கள். இதைப்பற்றியும் மாபெரிய கூட்டம் கூட்டி, தீர்மானம் பாசாக்கி அனுப்பினோம். அதைப்பற்றி யாதொரு கவனமும் அரசாங்கம் செலுத்தவில்லை. திருவிதாங்கூர்-கொச்சி தமிழ்நாட்டு மக்களை அடக்கி ஆளலாம் என்று இந்த அரசாங்கம் நினைத்தால், மேலால் என்ன முறையில் தமிழ்நாடு நடக்கவேண்டுமென்று முடிவு செய்யப்படும் தமிழர்கள் எந்தக் கட்சியில் இருந்தாலும் ஒன்று சேவார்கள் என்பது எனது அபிப்பிராயம். தமிழ் நாட்டில் இராப் பள்ளிக்கூடம் வைப்பது மிகவும் அவசியம். ஏழைப் பெற்றோர்களுக்கு குழந்தைகளை அப்பொழுது பள்ளிக்கூடத்துக்கு அனுப்ப முடியும். மேலும் கிளார்க்மார்களுடைய சம்பளம் கூட்ட வேண்டும்.

The House adjourned for lunch at 1 P. M. and reassembled at 2 P. M. with Mr. Speaker in the chair.

2 P. M.] ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള കൃതജ്ഞതാപ്രമേയത്തിന് ഒരു ഭേദഗതി ഞാൻ ഹാജരാക്കിക്കൊള്ളുന്നു. അതായത് ആ പ്രമേയത്തിന്റെ ശേഷം—

"But regret to note that no steps are being proposed by Your Highness's Government to prevent the grave and serious menace of sea erosion in the coastal areas from Manassery to Pallithode" എന്നുകൂടി ചേർക്കണമെന്നാണ്.

സർ, കൃതജ്ഞതാപ്രമേയം അവതരിപ്പിച്ച സ്നേഹിതൻ ഇവിടെ പ്രസ്താവിക്കുകയുണ്ടായി, ഇവിടെ ഹാജരാക്കപ്പെട്ടിട്ടുള്ള ഭേദഗതികളിൽ മിക്കവയുംതന്നെ രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളാണെന്ന്. ഏറക്കുറെ ഇതു ശരിയാണ്. എന്നാൽ എല്ലാ വിഷയങ്ങളെയും സംബന്ധിച്ച് രാജപ്രമുഖന്റെ പ്രസംഗത്തിൽ പ്രതിപാദിക്കുവാൻ സാദ്ധ്യമല്ലല്ലോ. പക്ഷെ, ഞാൻ ഇവിടെ ഹാജരാക്കിയിട്ടുള്ള ഭേദഗതിയിൽ പറയുന്ന അതിപ്രധാനമായ ഒരു സംഗതിയെപ്പറ്റി രാജപ്രമുഖന്റെ പ്രസംഗത്തിൽ യാതൊന്നും പ്രസ്താവിച്ചിട്ടില്ലെന്നാണു കാണുന്നത്. കടലാക്രമണം നമ്മുടെ രാജ്യത്തു പുതുതായി ഉണ്ടായിട്ടുള്ള ഒരു സംഭവമല്ല. വളരെക്കാലമായി നമ്മുടെ രാജ്യത്തെ ജനങ്ങളെയും ഗവണ്മെന്റിനെയും അമ്പരപ്പിച്ചുകൊണ്ടിരിക്കുന്ന വിഷമപ്രശ്നങ്ങളിൽ ഒന്നാണത്. നമ്മുടെ കടൽതീരപ്രദേശങ്ങളിൽ പല ഭാഗങ്ങളിലും സാധാരണയായി കൊല്ലംതോറും കാലവർഷം ആരംഭിക്കുന്നതോടുകൂടി കടൽക്ഷോഭംനിമിത്തം വളരെ ഭയങ്കരമായ അപകടങ്ങൾക്കു വിധേയമായി നിരവധി വസ്തുക്കളും വീടുകളും നശിച്ച് അനവധി കുടുംബങ്ങൾ നിരാശ്രയാവസ്ഥയിൽ എത്തിച്ചേരുന്ന സങ്കടകരമായ സ്ഥിതി നാം കണ്ടുവരുന്ന ഒന്നാണ്. ഇന്നുരാവിലെ ഞാൻ ഈ സഭയിൽ ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി ഗവണ്മെന്റു നൽകിയ മറുപടിയിൽനിന്നുതന്നെ കഴിഞ്ഞ കാലവർഷകാലത്ത് കടലാക്രമണംകൊണ്ടു നൂറിൽപരം വീടുകൾ നഷ്ടപ്പെട്ടുപോയ വസ്തുത നമുക്കറിയുവാൻ സാധിച്ചു. ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടക്കുന്ന കടലാക്രമണംമൂലമുള്ള വിപത്തുകളും വലുതാണെങ്കിലും മാനാശേരി മുതൽ പള്ളിത്തോടുവരെയുള്ള കടലാക്രമണം മററു പല പ്രദേശങ്ങളെയും അപേക്ഷിച്ചു കൂടുതൽ ആപൽക്കരവും നാശോന്മുഖവുമാണ്. ആ പ്രദേശങ്ങൾ വളരെക്കാലമായി ആണ്ടുതോറും തുടർച്ചയായ കടലാക്രമണത്തിന് വിധേയമായി അനുക്രമം നശിച്ചുനശിച്ചു ഇപ്പോൾ അവിടെ അധിവാസയോഗ്യമായ പ്രദേശം വളരെ വീതികുറഞ്ഞ ഒരു വരമ്പുമാത്രമായി ശേഷിച്ചിരിക്കുന്നു. ഏതാണ്ടു മുക്കാൽ മൈൽ വീതിയിൽ ഉദ്ദേശം പതിനാറു മൈൽ നീളം ഭൂമി കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലംകൊണ്ടു കടലിനടിയിൽ ആണ്ടുപോയിട്ടുണ്ട്. കോടിക്കണക്കിന് വിലവരുന്ന തെങ്ങിൻതോപ്പുകളും നെൽപാടങ്ങളുമാണ് ഇങ്ങനെ നശിച്ചുപോയിട്ടുള്ളത്. ശേഷിച്ചിരിക്കുന്ന

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

സ്ഥലത്തു് കഴിഞ്ഞകൊല്ലം മൂന്നുസ്ഥലത്തു് അഴി മുറിഞ്ഞു കടൽ കായലോട്ടു ചേരുവാൻ തുടങ്ങി. ധാരാളം പണം ചെലവുചെയ്തു ഗവണ്മെൻറ അടിയന്തിര പ്രതിരോധ നടപടികൾ എടുത്തു. അതത്രയും പാഴ്ചെലവാണെന്നു് ഒരു കണക്കിൽ പറയാവുന്നതാണു്. ശാശ്വതമായ ഒരു പരിഹാരം കിട്ടിയിട്ടില്ല. അതു് ഒരു താൽക്കാലിക ഉപശാന്തി മാത്രമായിരുന്നു. എന്നാൽ ഈ പ്രശ്നത്തിനു് മറെറാരു പ്രത്യേകതകൂടിയുണ്ടു്. അതായതു് ഈ പ്രദേശങ്ങളിലെ കടലാക്രമണം തടഞ്ഞില്ലെങ്കിൽ നമ്മുടെ കൊച്ചി ഹാർബറിൻെറ സുസ്ഥിതിക്കുപോലും സാരമായ കോട്ടം തട്ടുമെന്നുള്ളതാണു്. അതു് കൊച്ചി ഹാർബറിനെപ്പററി പ്രാരംഭ ഗവേഷണങ്ങൾ തുടങ്ങിയ കാലം മുതൽക്കുതന്നെ അസന്നിഗ്ദ്ധമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഒരു സംഗതി, തീരപ്രദേശ സംരക്ഷണം, ഹാർബറിൻെറ സുസ്ഥിതിക്കു അവശ്യം ആവശ്യമായ ഒരു കാര്യമാണെന്നാണു് ഈ വിദഗ്ദ്ധാഭിപ്രായത്തിൻെറ വെളിച്ചത്തിൽ കൊച്ചി ഗവണ്മെൻറ തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു മുൻപുവരെ വളരെ കാര്യക്ഷമമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിപ്പോരുന്നുവെന്നു പരക്കെ അറിയപ്പെട്ടിട്ടുള്ളതാണു്. എന്നാൽ സംയോജനത്തിനുശേഷം ആ സംരക്ഷണ നടപടികൾ തുടർന്നു നടന്നില്ല. അതുകൊണ്ടാണു് കഴിഞ്ഞ കൊല്ലത്തെ മാതിരിയുള്ള ദുരന്ത അനർത്ഥങ്ങൾ ഉണ്ടായതു്. ഈ സംഗതിയുടെ ഗൗരവം മനസ്സിലാക്കിക്കൊണ്ടു് നമ്മുടെ ഗവണ്മെൻറു് ഞാൻ മുൻപു പ്രസ്താവിച്ചതുപോലെ, അടിയന്തിരമായ ചില പ്രതിരോധ ഏർപ്പാടുകൾ അവിടെ നടപ്പിൽവരുത്തി. എന്നാൽ അതുകൊണ്ടു് ഈ പ്രശ്നത്തിനു ശരിയായ ഒരു പരിഹാരമുണ്ടായില്ല. നമ്മുടെ ഗവണ്മെൻറു് ഇന്നു് തനിച്ചു ഈ പ്രശ്നം കൈകാര്യം ചെയ്താൽമതിയാവുകയില്ലെന്നു ധരിച്ചു് ഈ സംഗതി കേന്ദ്രഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരികയും, കേന്ദ്രഗവണ്മെൻറിൻെറ പ്ലാനിംഗ്പദ്ധതിയിൽ ഈ സംഗതിയുംകൂടി ഉൾപ്പെടുത്തി അടുത്ത കൊല്ലത്തിൽ ൧൨ ലക്ഷം രൂപ ചെലവാക്കുവാൻ വേണ്ട നടപടികൾ എടുത്തിട്ടുള്ളതായും അറിയുന്നു. അതു ശരിയാണെങ്കിൽ നമ്മുടെ ഗവണ്മെൻറിൻെറ നയപ്രഖ്യാപനത്തിൽ രാജപ്രമുഖൻ തിരുമേനി ഈ അടിയന്തിരകാര്യത്തെപ്പററി യാതൊന്നും പറയാതെ വിട്ടതു് അതിൻെറ ഗൗരവം ശരിക്കു മനസിലാക്കിയിട്ടില്ലാത്തതുകൊണ്ടായിരിക്കാമെന്നു ഞാൻ കരുതുന്നു. കേന്ദ്രഗവണ്മെൻറും പ്ലാനിംഗ് കമ്മിഷനും ഇക്കാര്യത്തിൽ വളരെ താൽപര്യവും ജാഗ്രതയും പ്രദർശിപ്പിച്ചുവെന്നതു വളരെ ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാണു്. കേന്ദ്രപ്ലാനിംഗ്മന്ത്രിതന്നെ സ്ഥലം സന്ദർശിക്കുകയും അതിനെത്തുടർന്നു വിദഗ്ദ്ധ എൻജിനിയറന്മാരെക്കൊണ്ടു് ഈ പ്രശ്നം പരിശോധിപ്പിക്കുകയും അതിൻെറ ഫലമായി സമ്പൂർണ്ണമായ ഒരു ദീർഘകാലപദ്ധതി ആവിഷ്ക്കരിച്ചു് ഈ വിപത്തു മേലിൽ നമ്മുടെ നാട്ടിൽ ഉണ്ടാകാതിരിക്കുന്നതിനു് പ്രാരംഭമായി അടുത്ത കാലവർഷത്തിനുമുമ്പായിത്തന്നെ രണ്ടുമൂന്നു മൈൽ നീളം കരിങ്കൽച്ചിറ കെട്ടുന്നതിനു് ൧൨ ലക്ഷം ഉറപ്പിക കേന്ദ്രഗവണ്മെൻറിൽനിന്നും അനുവദിക്കുകയുംചെയ്തു. നമ്മുടെ ഗവണ്മെൻറിൻെറ നയപരിപാടികളിൽ ഇക്കാര്യത്തെപ്പററി ഒന്നുംതന്നെ പറയാതിരുന്നതു, കേന്ദ്രഗവണ്മെൻറ ഇക്കാര്യത്തിൽ പ്രദർശിപ്പിക്കുന്ന ശ്രദ്ധയും താൽപര്യവും നമ്മുടെ ഗവണ്മെൻറിനു് ഇല്ലെന്ന ഒരാരോപണത്തിനുപോലും

വഴിതെളിക്കുന്നതാണ്. ഇതു് ആശംസ്യമായ ഒരു സംഭവമല്ല. ഇതിൽ വന്നുപോയിട്ടുള്ള പ്രമാദം യഥാവിധി പരിഹരിച്ചു നമ്മുടെ ഗവണ്മെന്റു കേന്ദ്രഗവണ്മെന്റുമായി സഹകരിച്ചു നമ്മുടെ വിഷമപ്രശ്നങ്ങളിൽ ഒന്നിനു പരിഹാരം നേടുവാനുള്ള ഈ സന്ദർഭത്തെ ശരിയായി ഉപയോഗപ്പെടുത്തേണ്ടതാണ്. ഇതുപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതു മൂലം കടലാക്രമണത്തിനു വിധേയമാകാറുള്ള പ്രദേശങ്ങളിലുള്ള തൊഴിലില്ലായ്മയ്ക്കും താൽക്കാലികമായ ഒരു ഉപശാന്തിയുണ്ടാകുന്നതിനും സഹായകമായിത്തീരുന്നതാണ്. ഈവക കാര്യങ്ങളിൽ ഗവണ്മെന്റിന്റെ അടിയന്തിരശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു ഞാൻ എന്റെ ഉപക്ഷേപത്തെ സഭയുടെ പരിചിന്തനത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ സഭ മുൻപാകെ ചർച്ചയ്ക്കു വച്ചിരിക്കുന്ന കൃതജ്ഞതാ പ്രമേയത്തിനു ഞാൻ ഒരു ഭേദഗതി ഹാജരാക്കിക്കൊള്ളുന്നു.

(൧) എന്നാൽ ൧൯ അംഗങ്ങൾ മാത്രമുള്ള ഒരു പാർട്ടിയുടെ നേതാവിനെ ഗവണ്മെന്റു രൂപീകരിക്കുവാൻ ക്ഷണിക്കുന്നതിനിടയായ രാഷ്ട്രീയ സാഹചര്യങ്ങളെപ്പറ്റി യാതൊരു പരാമർശവും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇല്ലാത്തതിൽ ഖേദിക്കുന്നു.

(൨) എന്നാൽ തിരഞ്ഞെടുപ്പിനുശേഷം ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന്റെ പ്രാതിനിധ്യത്തിനായി മി. ലൂയിസിനെ നാമിനേറ്റു ചെയ്തതിനെപ്പറ്റി സംസ്ഥാനത്തെ പി. എസ്സ്. പി. ഐക്യമുന്നണി നേതാക്കന്മാർ പുറപ്പെടുവിച്ച പ്രസ്താവനകളെപ്പറ്റിയോ, നാമിനേഷന്റെ ന്യായതയെ സാധൂകരിച്ചോ യാതൊരു പരാമർശവും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇല്ലാത്തതിൽ ഖേദിക്കുന്നു.

Shri A. A. D. Luiz: Sir, I rise to a point of order. The second part of this amendment refers to an act of the Rajpramukh. I do not think this Legislature has got any power to discuss the action of His Highness the Rajpramukh in his discretion under Article 163 (1) and (2) of the Constitution of India.

Mr. Speaker: His Highness the Rajpramukh always exercises his power in consultation with the Cabinet. In such matters, I think it is advisable for the Legislature to ventilate its views on the floor of the House. So, I allow the amendment to be moved.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ പുതിയ നിയമസഭാതിരഞ്ഞെടുപ്പിനു ഇടയായ രാഷ്ട്രീയ സാഹചര്യങ്ങൾ എന്താണെന്നു അങ്ങേയ്ക്കും ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അറിവുള്ളതാണ്. കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിനുശേഷം അധികാരത്തിൽവന്ന കോൺഗ്രസ്സ് കക്ഷി ഒരു വിശ്വാസ പ്രമേയം കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിക്കുകയും ആ വിശ്വാസപ്രമേയത്തെ എതിർത്തു് മററു കക്ഷികൾ വോട്ടു ചെയ്യുകയും ചെയ്തതുകൊണ്ടു് നിയമസഭ പിരിച്ചുവിടുന്നതിനു ഇടയായി. അന്നു പി. എസ്സ്. പി. ഒരു തിരഞ്ഞെടുപ്പിനുവേണ്ടി വാദിച്ചു. അതേ അവസരത്തിൽ ഐക്യമുന്നണി ഒരു ഗവണ്മെന്റ് രൂപീകരിക്കുന്നതിനു സന്നദ്ധരാണെന്നു രാജപ്രമുഖനെ അറിയിച്ചു. ൩൨ അംഗങ്ങളുടെ

[ശ്രീ. ടി. കെ. ദിവാകരൻ]

പിൻബലം ഉണ്ടായിരുന്ന ഐക്യമുന്നണി നേതാവിനെ അന്നു ഗവണ്മെൻറ് രൂപീകരിക്കുന്നതിനു രാജപ്രമുഖൻ ക്ഷണിച്ചില്ല. വീണ്ടും ഒരു തിരഞ്ഞെടുപ്പുണ്ടായ അവസരത്തിൽ ഇന്നു അധികാരത്തിൽ ഇരിക്കുന്ന പി. എസ്സ്. പി. യും അതുപോലെതന്നെ ഈ നിയമസഭയിലെ മറെറാരു കക്ഷിയായ ഇടതുപക്ഷമുന്നണിയും തമ്മിൽ തിരഞ്ഞെടുപ്പു കാര്യത്തിൽ ഒരു സഖ്യം ഉണ്ടായി. ഇന്നു അധികാരത്തിലിരിക്കുന്ന കക്ഷി ൧൯ ആളുകളെ മാത്രമാണ് തിരഞ്ഞെടുപ്പിനു നിറുത്തി മത്സരിച്ചതു് എന്നുള്ളതും എല്ലാവർക്കും അറിയാവുന്നതാണ്. അവർ കാൺഗ്രസ്സുമായി യാതൊരു വിധത്തിലും സഹകരിച്ച് ഒരു ഗവണ്മെൻറ് രൂപീകരിക്കുകയില്ല എന്നു പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. തീർച്ചയായും ൧൯ അംഗങ്ങളെ മാത്രം തിരഞ്ഞെടുപ്പിനു നിറുത്തിയ ഒരു കക്ഷി മറെറാരു കക്ഷിയായ ഇടതുപക്ഷ ഐക്യമുന്നണിയുമായി സഹകരിച്ച് ഒരു ഗവണ്മെൻറ് രൂപീകരിക്കുമെന്നാണ് ഈ നാട്ടിലെ എല്ലാ ജനങ്ങളും വിശ്വസിച്ചിരുന്നതു്. ജനങ്ങൾക്ക് അവർ നൽകിയിരുന്ന വാഗ്ദാനങ്ങളും അതുതന്നെയായിരുന്നു. ഈ സഭയുടെ നേതാവായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ള അവർകൾതന്നെ പല യോഗങ്ങളിൽവച്ചും ഈ വാഗ്ദാനം ജനങ്ങൾക്കു നൽകിയിട്ടുള്ളതും ആണ്. തിരഞ്ഞെടുപ്പിനുശേഷം ഒരു ഗവണ്മെൻറു രൂപീകരിക്കുന്നതിനു അദ്ദേഹവും ഐക്യമുന്നണിയിലെ നേതാക്കളുമായി നടന്നിട്ടുള്ള ആലോചനകളിൽനിന്നും തിരഞ്ഞെടുപ്പിനു മുമ്പ് ആ വാഗ്ദാനങ്ങൾ നൽകിയിരുന്നു എന്നുള്ളതു വ്യക്തമാണ്. എന്നാൽ പിന്നീടുണ്ടായ സംഭവഗതികൾ അദ്ദേഹത്തെ ആ തീരുമാനത്തിൽനിന്നും മാററുകയാണുണ്ടായതു്. അദ്ദേഹത്തിന്റെയും, പി. എസ്സ്. പി. സ്റ്റേററു് എക്സിക്യൂട്ടീവിന്റെയും തീരുമാനത്തിനു് വിപരീതമായി പി. എസ്സ്. പി. നാഷണൽ എക്സിക്യൂട്ടീവിന്റെ തീരുമാനം വന്നതോടുകൂടി അദ്ദേഹം രാഷ്ട്രീയമായ സത്യസന്ധത പാലിക്കാതെ ഈ സത്യത്തെ സൌകര്യംപോലെ മറച്ചുവയ്ക്കുകയാണുണ്ടായിട്ടുള്ളതു്. സർ, ഇവിടെ ഒരു ഭൂരിപക്ഷകക്ഷിയായിരുന്ന ഒരു കക്ഷി അവർ ബഹുജനങ്ങളെ സമീപിച്ചപ്പോൾ അവരെ ബഹുജനങ്ങൾ ഒരു ന്യൂനപക്ഷകക്ഷിയാക്കി മാററി. അവർ അധികാരം ഏറെറടുക്കുന്നില്ലെന്നു രാജപ്രമുഖനെ അറിയിച്ചു. അതേ അവസരത്തിൽ പി. എസ്സ്. പി. യുടെ സഹകരണത്തോടുകൂടി ഇവിടത്തെ ഐക്യമുന്നണികക്ഷി ഭരണഭാരം ഏറെറടുക്കാൻ തയ്യാറാണെന്നു അതിന്റെ നേതാവു് രാജപ്രമുഖനെ അറിയിച്ചു. ഒരു ഗവണ്മെൻറു രൂപീകരിക്കുന്നതിൽ ഐക്യമുന്നണിയോടു സഹകരിച്ചുകൊള്ളാമെന്നു പി. എസ്സ്. പി. യിൽനിന്നു ഐക്യമുന്നണി നേതാവിനെ അറിയിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് ൧൯ പേർ മാത്രമുള്ള ഒരു കക്ഷിയുടെ നേതാവിനെ ഗവണ്മെൻറു രൂപീകരിക്കുവാൻ രാജപ്രമുഖൻ ക്ഷണിച്ചതു്. ഏതു രാഷ്ട്രീയസ്ഥിതിഗതികളിലാണ് ൧൯ അംഗങ്ങൾ മാത്രമുള്ള ഒരു കക്ഷിയുടെ നേതാവിനെ ഗവണ്മെൻറു രൂപീകരിക്കുന്നതിനു ക്ഷണിച്ചതു് എന്നുള്ളതു് ജനപ്രതിനിധികളെ രാജപ്രമുഖൻ യഥാർത്ഥത്തിൽ അറിയിക്കേണ്ടതുണ്ടു്. ആ പ്രത്യേക രാഷ്ട്രീയ സ്ഥിതിഗതികളെപ്പററി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒന്നും ഉണ്ടായില്ല എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവരുന്നതു്. സർ, ഈ മന്ത്രിസഭാരൂപീകരണം ചരിത്രം സൃഷ്ടിക്കുന്ന ഒരു സംഭവമായിട്ടാണ് പലരും പറയുന്നതു്. ചരിത്രത്തിന്റെ പഴയ ഏടുകളിലേയ്ക്കു കണ്ണോടിക്കുവാ

നാണു ഈ ചരിത്രം സൃഷ്ടിച്ച മന്ത്രിസഭയുടെ നേതാവായ ശ്രീ. പട്ടം താണുപിള്ളയോടു എനിക്കു് വിനയപുരസ്സരം പ്രസ്താവിക്കാനുള്ളതു്. അദ്ദേഹം ഈ രാജ്യത്തു് സ്വാതന്ത്ര്യസമരത്തെ നയിച്ച സംഘടനയുടെ ആദ്യത്തെ നേതാവായിരുന്നു. അദ്ദേഹം ആദ്യം അധികാരത്തിൽ വന്നപ്പോൾ സോഷ്യലിസം ഈ മണ്ണിൽ വളരുകയില്ല എന്നു പറഞ്ഞതായി കേട്ടിട്ടുണ്ടു്. അദ്ദേഹത്തെ അന്നു താങ്ങിയിരുന്ന ആളുകൾ ഒരുദിവസം അദ്ദേഹത്തെ അധികാരസ്ഥാനത്തുനിന്നും കഴിതോണ്ടി താഴെയിട്ടു. അതിന്റെശേഷം അദ്ദേഹം ഒരു സോഷ്യലിസ്റ്റുകക്ഷി രൂപീകരിച്ചു് ആ കക്ഷിയുടെ നേതാവായിത്തീന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ കക്ഷിയിൽനിന്നു് ൨൨ അംഗങ്ങൾ ഈ നിയമസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടു. ഈ തിരഞ്ഞെടുപ്പിൽ ആ കക്ഷിയിൽനിന്നു ൨൰ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിനു ഇന്നു് ജനറൽ ആൻഡ് റസ്പോൺസീവ് കോവാപ്പറേഷൻ വാഗ്ദാനം ചെയ്തിരിക്കുന്ന കാൺഗ്രസ്സ് പാർട്ടിയുടെ നേതാവായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻതന്നെ ശ്രീ. പട്ടം ഈ രാജ്യത്തു പ്രധാനമന്ത്രി ആകുവാൻവേണ്ടിമാത്രം ഒരു പാർട്ടിയായിട്ടു നടക്കുന്ന ആളാണെന്നും അദ്ദേഹത്തിന്റെ ശ്രമം ഒരു തെരുവുതെണ്ടി, രാജകുമാരിയെ വിവാഹം ചെയ്യുവാൻ നടക്കുന്നതുപോലെയാണെന്നും ആക്ഷേപിക്കുകയുണ്ടായിട്ടുണ്ടു്. അങ്ങനെ അദ്ദേഹത്തെ ആക്ഷേപിച്ച പാർട്ടി ഇന്നു അദ്ദേഹത്തിനു താങ്ങും തണലുമായിരിക്കുകയാണു്. പി. എസ്സ്. പി. ഗവണ്മെൻറു രൂപീകരിക്കുന്നതിനുവേണ്ടി ഏതു രംഗത്തുനിന്നും ബ്രാഹ്മണൻ ചണ്ഡാലനിൽനിന്നു നാണയം സ്വീകരിക്കുന്നതുപോലെ സഹായം അർത്ഥിക്കുന്നതാണെന്നു ആചാര്യ കൃപലാനി പറയുകയുണ്ടായി. അങ്ങനെ മഹാബ്രാഹ്മണനായ പി. എസ്സ്. പി. ചണ്ഡാലനായ കാൺഗ്രസ്സിന്റെ സഹായം വാങ്ങിയിരിക്കുകയാണു്. ഈ സഹായം സ്വീകരിച്ചതിൽനിന്നു അദ്ദേഹം വീണ്ടും പഴയ ചരിത്രത്തിലേയ്ക്കു പോകേണ്ടതായിട്ടുവരുമെന്നു ഞാൻ വിനയപുരസ്സരം അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണു്. അദ്ദേഹത്തിന്റെ പാർട്ടിയെ ഇന്നു താങ്ങും തണലും നൽകി അധികാരത്തിൽ നിറുത്തിയിരിക്കുന്ന കാൺഗ്രസ്സ്കക്ഷി ഒരുകാലത്തു് അദ്ദേഹത്തെ ആ കക്ഷിയിൽനിന്നു പുറംതള്ളപ്പെട്ടതാണെന്നുള്ള വസ്തുത അദ്ദേഹം ഒരുകാലത്തും വിസ്മരിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു. ശ്രീ. പട്ടം താണുപിള്ളയുടെ ഭരണത്തോടു് അമർഷംതിങ്ങുന്ന ഹൃദയങ്ങളുമായി പലരും ഇന്നും ആ ബഞ്ചുകളിലിരിപ്പുണ്ടു്. ഏതു നിമിഷത്തിലായിരുന്നാലും തങ്ങളുടെ കാര്യം സാധിക്കുവാൻ നിവൃത്തിയില്ലെന്ന ഘട്ടം വരുമ്പോൾ അദ്ദേഹത്തെ പുറംതള്ളി അവർ അധികാരത്തിൽ കയറുമെന്നുള്ളതു തീർച്ചയാണു്. ഗതികെട്ടാൽ പുലി പുല്ലും തിന്നും എന്നപോലെ നിവൃത്തിയില്ലായ്മയിൽനിന്നാണു് ഈ സഹകരണവാഗ്ദാനം. കാൺഗ്രസ്സിന്റെ ശോഷിച്ച അവസ്ഥയ്ക്കു്, കയ്പേറിയ ഈ കഷായം കുടിക്കുന്നതിനു കാൺഗ്രസ്സിന്റെ വൈദ്യനായ ജവഹർലാൽനെഹ്റുവിൽനിന്നു കിട്ടിയിരിക്കുന്ന നിർദ്ദേശമില്ലായിരുന്നുവെങ്കിൽ തീർച്ചയായും ഏതവസരം വിനിയോഗിച്ചുകൊണ്ടും അധികാരം ഏറെറടുക്കുവാൻതന്നെ കാൺഗ്രസ്സ് സന്നദ്ധമാകുമായിരുന്നു. തീർച്ചയായും ഈ കയ്പേറിയ കഷായം നിശ്ചയിച്ച വൈദ്യൻതന്നെ, സ്വന്തം അണികളിൽനിന്നു പ്രതിഷേധശബ്ദം ഉയരുമ്പോൾ—അവരുടെ കാര്യം സാധിക്കുകയില്ലെന്നുവരുന്ന അവസരത്തിൽ—ചികിത്സ മാററി നിശ്ചയിക്കുമെന്നുള്ളതു് ശ്രീ. പട്ടം താണുപിള്ള ഓർത്തിരിക്കേണ്ടതാണു്.

[ശ്രീ. ടി. കെ. ദിവാകരൻ]

രാജപ്രമുഖന്റെ പ്രസംഗത്തിൽ പല കാര്യങ്ങളെപ്പററിയും പറഞ്ഞിട്ടുണ്ടു്. ഈ നാട്ടിലെ ജനങ്ങളെ സാരമായി സ്പർശിക്കുന്ന പല കാര്യങ്ങളെയും പരാമർശിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗം മുന്നോട്ടു പോയിരിക്കുന്നതു്. ഏതു ഗവണ്മെന്റിനേയും നാം വീക്ഷിക്കുന്നതു് ആ ഗവണ്മെന്റ് തങ്ങളുടെ നിലനില്പിനധിഷ്ഠിതമായി സ്വീകരിക്കുന്ന സാമൂഹ്യശക്തി ഏതാണെന്നതിനെ ആശ്രയിച്ചാണ്.

ഏതൊരു ജനാധിപത്യ ഗവണ്മെന്റും ജനഹിതത്തെ മാനിക്കുന്നതിലാണ് അതിന്റെ വിജയം സ്ഥിതി ചെയ്യുന്നതു്. ഇന്നാട്ടിലെ സ്ഥാപിതതാല്പര്യക്കാരുടെ സംഘടനയായ കാൺഗ്രസ്സിൽ നിന്നും ശക്തിസംഭരിച്ചിരിക്കുന്ന ഒരു ഗവണ്മെന്റെന്ന നിലയിലാണ് ഞാൻ ഈ ഗവണ്മെന്റിനെ കാണുന്നതു്. ആ നിലയിൽ പി. എസ്സ്. പി.-യുടെ പരിപാടികൾ മുന്നോട്ടു കൊണ്ടുപോകുവാൻ കാൺഗ്രസ്സ് കക്ഷിയുടെ സഹായം ഒരു കാലത്തും പൂർണ്ണമായി ഉണ്ടാകുമെന്ന് നമുക്ക് വിശ്വസിക്കാവുന്നതല്ല. ജനങ്ങളുടെ ഹിതമനുസരിച്ച് ശരിയായ ഒരു പരിപാടിയോടുകൂടി മുന്നോട്ടു പോകുകയും, അവരുടെ ആഗ്രഹങ്ങൾക്ക് ഇളക്കം തട്ടാത്ത നിലയിൽ പ്രവർത്തനങ്ങൾ നയിച്ചുകൊണ്ടുപോകുകയും ചെയ്യില്ലെങ്കിൽ ജനങ്ങളുടെ പ്രതിഷേധശബ്ദമുയർന്ന് പി. എസ്സ്. പി.ക്ക് ലഭിച്ചിട്ടുള്ള ഈ അധികാരത്തിൽ നിന്ന് അവർ കീഴ്പ്പോട്ട് ഇറങ്ങേണ്ടതായി വരും. ജനഹൃദയങ്ങളിൽ മങ്ങിക്കിടന്ന അഭിലാഷങ്ങൾ ഉദ്ദീപിപ്പിച്ചശേഷം അതിനൊരു പരിഹാരം കാണുവാനുള്ള കഴിവ് അവർക്കില്ലെങ്കിൽ ജനങ്ങളോടുള്ള വാഗ്ദാനം നിറവേററിയില്ലെങ്കിൽ നിശ്ചയമായും "കൊമ്പൻപോയ വഴിയെ മോഴയും പോകും" എന്നുള്ളതിന് സംശയമില്ല. ജനങ്ങളോട് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ നിറവേററുവാൻ പര്യാപ്തമായ ഒരു ശക്തിയിലല്ല അവർ അധിഷ്ഠിതമായിരിക്കുന്നതെന്ന് എനിക്കുള്ള ഉറപ്പായ അഭിപ്രായത്തെ ഇവിടെ പ്രകടിപ്പിക്കുവാൻകൂടി ഞാൻ ഈ സമയം ഉപയോഗിക്കുന്നു. കഴിഞ്ഞ ആറേഴു കൊല്ലമായി അധികാരത്തിലിരുന്ന് ജനങ്ങൾക്കെതിരായ എല്ലാ പ്രവർത്തനങ്ങളും നടത്തി, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പരാജിതരായി പത്തി താഴ്ത്തി പതിയിട്ടു പതുങ്ങിയിരിക്കുന്ന കാൺഗ്രസ്സ് ഏതവസരത്തിലും ഉഗ്രമായ രോഷത്തോടെ വീണ്ടും അധികാരത്തിലേയ്ക്കു കയറുന്നതിന് ശക്തിസംഭരിക്കുകയാണെന്ന സത്യം തുറന്നു പറയുവാൻ മടിക്കുന്നില്ല. കാൺഗ്രസ്സുകാർ ഇപ്പോൾ പശ്ചാത്തലത്തിലേയ്ക്കു പിൻമാറിയിരിക്കുകയാണെങ്കിൽ തന്നെയും ജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ കാൺഗ്രസ്സിന്റെ നയം തന്നെ ഈ ഗവണ്മെന്റും തുടരുന്നതിന് അവർ എല്ലാം വഴിയിലും ശ്രമിക്കുമെന്നുള്ളതും നമുക്ക് വിസ്മരിക്കാവുന്നതല്ല. ഈ പി. എസ്സ്. പി. ഗവണ്മെന്റ് ഒരു ദിവസം പ്രഭാതത്തിൽ ആകാശത്തുനിന്നും അടർന്നു വീണതല്ല. ആരെന്തൊക്കെ പറഞ്ഞാലും ചില നേതാക്കന്മാരുടെ രാഷ്ട്രീയമായ അവിശുദ്ധമായ കൂട്ടുകെട്ടിന്റെ ഫലമായി ഉണ്ടായ ഒന്നായിട്ടാണ് ഈ ഗവണ്മെന്റിനെ ഞങ്ങൾ കണക്കാക്കുന്നതു്. ആ നിലയിൽ നിന്നുകൊണ്ടു് ഈ ഗവണ്മെന്റിനെ ഞങ്ങൾ വീക്ഷിക്കുകയും ചെയ്യും. ഈ രാഷ്ട്രീയസ്ഥിതികളെപ്പററി സത്യസന്ധമായ ഒരു വിശകലനമാണ് രാജപ്രമുഖന്റെ പ്രസംഗത്തിൽ നിന്നും ഞങ്ങൾ പ്രതീക്ഷിച്ചതു്.

മറെറാരു പ്രധാനകാര്യമാണ് ഈ സഭയിൽ ഒരു മെംബറെ നാമിനേററുചെയ്തിട്ടുള്ളതു്. പി. എസ്സ്. പി. നേതാവിന്റേയും ഐക്യമുന്നണി

നേതാവിന്റേയും പ്രതിഷേധപ്രസ്താവനകൾക്കുംകൂടി വിധേയമായ ഇത്തരം കാര്യങ്ങളെ ന്യായീകരിക്കുവാനുള്ള സന്നദ്ധത ജനാധിപത്യത്തിന്റെ പേരിൽ ഈ ഗവണ്മെന്റ് കാണിക്കേണ്ടതാണ്. ശ്രീ. ലൂയിസിന്റെ നാമിനേഷനെ സംബന്ധിച്ച് സംഗതികൾ വ്യക്തമാക്കുവാൻ രാജപ്രമുഖൻ ഒരുങ്ങിയിട്ടില്ല. ജനാധിപത്യമര്യാദകളോട് ഇന്നത്തെ ഗവണ്മെന്റിന്റെ വീക്ഷണഗതി എന്താണെന്നുള്ളതിനെപ്പററി ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാം.

ഇനി അടിയന്തിരമായ ചില കാര്യങ്ങൾകൂടി പരാമർശിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം ഉപസംഹരിച്ചുകൊള്ളാം. മിനിമംവേജസ് ആക്ടിന്റെ നടപടികളെപ്പററി രാജപ്രമുഖന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. ആ ആക്ടിന്റെ പ്രവൎത്തനം ആശാവഹമായിട്ടുള്ളതല്ലെന്നാണ് എന്റെ അഭിപ്രായം. പതിൽപരം വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഏററവും കുറഞ്ഞ കൂലി നിശ്ചയിക്കണമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഒന്നു രണ്ട് വ്യവസായങ്ങളിൽ മാത്രമാണ് ഏററവും കുറഞ്ഞ കൂലി നിശ്ചയിക്കുവാൻ കഴിഞ്ഞിട്ടുള്ളതു്. തോട്ടികളുടേയും തൂപ്പുകാരുടേയും കുറഞ്ഞ കൂലിക്കാര്യത്തെ സംബന്ധിച്ചുള്ള മിനിമം വേജസ് അഡൈ്വസറി ബോർഡിന്റെ തീരുമാനങ്ങൾ സെക്രട്ടറിയേററിനുള്ളിൽ സ്ഥാനം പിടിച്ചിട്ട് ഇപ്പോൾ ഏതാണ്ട് ഒന്നു രണ്ടു കൊല്ലം കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ കയർതൊഴിലാളികളുടേയും പഞ്ചായത്തുകളുടേയും മോട്ടോർജോലിക്കാരുടെയും മിനിമംവേജസ് സംബന്ധിച്ചുള്ള കമ്മിററി റിപ്പോർട്ടുകൾ വരുത്തിയിട്ടുണ്ടെങ്കിലും അവ നടപ്പിലാക്കുന്നതിനു് കാര്യമായി യാതൊന്നും ഇതുവരെ ചെയ്തിട്ടില്ല. ഏതായാലും കാലതാമസം കൂടാതെ ഈ മിനിമംവേജസ് ആക്ട് ഊൎജ്ജിതമായി നടപ്പിൽ വരുത്തുവാൻ വേണ്ടതു് ഗവണ്മെന്റ് പ്രവൎത്തിക്കണമെന്ന് ഞാൻ അഭ്യൎത്ഥിക്കുന്നു. രാജ്യത്തെ വ്യവസായീകരിക്കുന്നതിനുള്ള വ്യക്തമായ യാതൊരു പരിപാടികളും നിർദ്ദേശങ്ങളും രാജപ്രമുഖന്റെ പ്രസംഗത്തിലില്ല. ഈ രാജ്യത്തെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കുവാൻ വ്യവസായീകരണംകൊണ്ടുമാത്രമെ സാദ്ധ്യമാകയുള്ളൂ. കർഷകത്തൊഴിലാളികളും ഇന്നു് കൂട്ടൽകൂട്ടലായി തൊഴിലില്ലായ്മയിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. കാർഷികരംഗത്തെ യാന്ത്രീകരണം മൂലം കുട്ടനാട്ടിലെ ൧൦൦൦ ൦ ൽ പരം ഉഴവുതൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുന്നു. വ്യാവസായികരംഗത്തും കാർഷികരംഗത്തും ഉള്ള തൊഴിലാളികളുടെ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കുവാൻ ആവശ്യമായ പരിപാടികൾ ആസൂത്രീകരിക്കണമെന്നും സജീവമായ നടപടികളെടുക്കണമെന്നും ഞാൻ ഈ ഗവണ്മെന്റിനോടഭ്യൎത്ഥിക്കുന്നു. ഏതായാലും ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെന്റ് ഒരു കാലത്ത് ഈ മണ്ണിൽ സോഷ്യലിസം വളരുകയില്ലെന്നു പറഞ്ഞ നേതാവിന്റെ നേതൃത്വത്തിലുടലെടുത്തിട്ടുള്ളതാണെങ്കിലും ഇപ്പോൾ കാൺഗ്രസ്സിന്റെ മണ്ണിൽ സോഷ്യലിസം വളൎത്തുവാൻ അവർ ചെയ്യുന്ന ശ്രമത്തെ നോക്കിയിരിക്കുവാൻ എനിക്കു കൗതുകമുണ്ട്. അതു് ഈ രാജ്യത്തു വളരുവാനുള്ള സാഹചര്യങ്ങളുണ്ടോ യെന്നുള്ളതും ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഈ നിയമസഭയ്ക്കകത്തും പുറത്തും ഞങ്ങൾ അനുസ്യൂതമായി പ്രവൎത്തിച്ചുമുന്നോട്ടുപോകും.

Shri A. A. D. Luiz : Sir, the pleasure is indeed mine to convey to His Highness the Rajpramukh and to the Government of His Highness the sincere gratitude of the Anglo-Indian Community of the Travancore-Cochin State for the representation granted to the Anglo-Indian Community in the Legislative Assembly of this State. It is my duty to read out to you and the honourable members of this House the resolution that was unanimously passed at the Governing Committee meeting of the Union of Anglo-Indian Associations, Travancore-Cochin State held on Saturday the 10th March 1954 :—

> "Resolved to thank His Highness the Rajpramukh for nominating Mr. A. A. D. Luiz to the Legislative Assembly of the Travancore-Cochin State; to convey our gratitude for choosing one from among the names submitted by this Association and to assure His Highness that Mr. A. A. D. Luiz is a *persona grata* of the Community and he is one who has rendered great service for the uplift of the Anglo-Indian Community in the State."

May I bring to the notice of this House that as early as the 27th December 1953 a panel of names was prepared at the Annual General Body meeting and submitted to His Highness and to His Highness' Government a few days after that. It has also to be noted that on the 27th February 1954 the Community was kind enough to pass a unanimous vote of confidence in me. Now, to those who felt uneasy and unhappy over my nomination may I convey the news that it is the established custom in all the other States and with the Central Government to accept the recommendations of the Anglo-Indian Association.

I have been directed to convey to His Highness and His Highness' Government the positive assurance of continued loyalty of the AngloIndian Community in this State.

Proudly and boldly I proclaim that loyalty has been the badge of our race and it shall be so till the end of time. Be sure that but for the limitations directly caused by the backwardness, unemployment and devastating poverty we are actively participating in the battle of the Nation against ignorance, poverty and the spread of atheism.

Unemployment is the national "Cancer" of today of which we have the lion's share. Well, that is frustrating our spirits and presenting a very realistic hell on earth. Let the resources of the State be directed to create employment; let the brains in the Government work at creating harmony between capital and labour and let there be legislation to check malicious retrenchment and growing unemployment. If you can tackle unemployment, the undeniable forerunner of poverty you can give happiness to the Nation.

Sir, may I have a few minutes more.

Mr. Speaker : No, I am sorry.

ശ്രീ. കെ. കൃഷ്ണപിള്ള : സർ, ഇന്നു് ശ്രീ. സി. കെ. രാമചന്ദ്രൻ നായർ അവതരിപ്പിച്ചിട്ടുള്ള കൃതജ്ഞതാപ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് ചില കാര്യങ്ങൾ കൂടി സംസാരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. മിനിഞ്ഞാന്നു നടന്ന നിയമസഭാസമ്മേളനത്തിൽ രാജപ്രമുഖൻ തിരുമേനി ഈ സഭയെ അഭിസംബോധന ചെയ്തുകൊണ്ടു് നടത്തിയ പ്രസംഗത്തിൽ ഈ രാജ്യത്തെ സ്ഥിതിഗതികളേയും ഇന്നു് ഈ രാജ്യത്തുണ്ടായിട്ടുള്ള മന്ത്രിസഭ കൊണ്ടുവരാൻ പോകുന്ന നയപരിപാടികളെയും പററിയാണു് പ്രതിപാദിച്ചിട്ടുള്ളതു്. ആ പ്രസംഗത്തിൽ ഈ രാജ്യവാസികൾക്കാകമാനം ആശ്വാസകരവും, അഭിലഷണീയവുമായ അനേകം കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ടു് എന്നുള്ളതു തികച്ചും സന്തോഷകരമാണു്. എന്നാൽ ആ പ്രസംഗത്തെ സംബന്ധിച്ചു് അസംഖ്യം ഭേദഗതികൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. മിക്കഭേദഗതികളും ഈ നയപ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞിട്ടുള്ള നയപരിപാടികളിൽ ഉൾക്കൊള്ളാത്ത ചില വിശദാംശങ്ങളെ സംബന്ധിച്ചാണു്. പക്ഷെ ഒരു ഭരണകൂടത്തിന്റെ നയപ്രഖ്യാപനപ്രശ്നങ്ങളെ സംബന്ധിച്ചു് സൂക്ഷ്മമായ വിവരങ്ങൾ പ്രഖ്യാപിക്കുന്നതിനുള്ള അവസരം ലഭിക്കാത്തതുകൊണ്ടു് ഇപ്രകാരം ഭേദഗതികൾ അവതരിപ്പിക്കുന്നതിനിടയായിട്ടുള്ളതാണു്, ചില പ്രത്യേക പരിതഃസ്ഥിതികളേയും പ്രാദേശികാവശ്യങ്ങളേയും സംബന്ധിച്ചുള്ള കാര്യങ്ങൾ ഈ നയപ്രഖ്യാപനപ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല എന്നുള്ള പരാതി മിക്കവാറും ഭേദഗതികളിലെല്ലാംതന്നെ കാണാൻ കഴിയും. കുറച്ചുകൂടി അവധാനപൂർവ്വം ചിന്തിച്ചിരുന്നുവെങ്കിൽ ഇത്രയും ഭേദഗതികൾ ഉണ്ടാകുമായിരുന്നില്ല എന്നാണെനിക്കു തോന്നുന്നതു്. അതോടൊപ്പംതന്നെ ഭരണമാരംഭിക്കുന്നതിനു മുമ്പു് ഇന്നധികാരത്തിലിരിക്കുന്നവരെ വിമർശിച്ചുകൊണ്ടു് സംസാരിക്കുന്നതും അല്പം ഖേദകരമായിപ്പോയി. ഇന്നധികാരത്തിലിരിക്കുന്ന കക്ഷിയായ പ്രജാസോഷ്യലിസ്ററുപാർട്ടിയിൽപ്പെട്ട ഒരു അംഗമെന്ന നിലയ്ക്കു് ഒന്നുരണ്ടുവാക്കുകൾ ഇവിടെ പറയേണ്ടതാവശ്യമായിത്തീർന്നിരിക്കുന്നു. ഈ രാജ്യത്തു കഴിഞ്ഞ തിരഞ്ഞെടുപ്പോടുകൂടി ഒരു സ്തംഭനാവസ്ഥ ഉണ്ടാകുകയും തൻമൂലം ഈ ഭാരിച്ച ചുമതല—അധികാരം ഏറെറടുക്കൽ—രാജ്യരക്ഷയെ മുൻനിറുത്തി പ്രജാസോഷ്യലിസ്ററ പാർട്ടി നിർവ്വഹിക്കുകയും ചെയ്തു. വ്യക്തമായ ഭൂരിപക്ഷമില്ലാത്ത വിവിധ പ്രതിപക്ഷകക്ഷികളുള്ള ഒരു അസംബ്ലിയാണിപ്പോൾ കഴിഞ്ഞ തിരഞ്ഞെടുപ്പിന്റെ ഫലമായി ഇവിടെയുണ്ടായിരിക്കുന്നതു്. അധികാരത്തിലിരുന്ന കാൺഗ്രസ്സാകട്ടെ അധികാരത്തിനു ദാഹിച്ചുകൊണ്ടിരുന്ന ഐക്യമുന്നണിയാകട്ടെ ചുമതലയേററ ഭരണഭാരം ഏറെറടുക്കുന്നതിനു തയ്യാറായില്ല. എന്നാൽ ആദ്യമേതന്നെ പ്രജാസോഷ്യലിസ്ററുപാർട്ടി അവരുടെ നയപരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ ഒരു ന്യൂനപക്ഷം മാത്രമാണെന്നും മററ കക്ഷികളുടെ ധാർമ്മികമായ പിൻതുണയുണ്ടെങ്കിൽ ഞങ്ങൾ വ്യക്തവും പ്രഖ്യാപിതവുമായ നയപരിപാടികളിൽ ഉറച്ചുനിന്നുകൊണ്ടു് ഈ രാജ്യത്തു് അധികാരം ഏറെറടുക്കുവാൻ തയ്യാറാണു് എന്നും നേരത്തെ പറഞ്ഞിട്ടുള്ളതാണു്. ഞങ്ങൾ ആരുടേയും കൂട്ടുപിടിക്കാൻ പോയിട്ടില്ല. എന്നാൽ ഞങ്ങൾക്കു മററ കക്ഷികളുടെ ധാർമ്മികമായ പിൻതുണ ലഭിക്കുമെന്നുള്ള ഉറപ്പിന്റെ പേരിൽമാത്രം അധികാരം ഏറെറടുക്കുവാൻ തയ്യാറായതാണു്. അല്ലാതെ എനിക്കു

[ശ്രീ. കെ. കൃഷ്ണപിള്ള]

മുമ്പേ സംസാരിച്ച സ്നേഹിതൻ രാമായണത്തിലെ ഏതാനും വരികൾ ഉദ്ധരിച്ചുകൊണ്ടു് പറഞ്ഞതുപോലെ പ്രജാസോഷ്യലിസ്റ്റുപാർട്ടി ആരുടെയും സഹായമഭ്യർത്ഥിച്ചു് അധികാരമോഹംകൊണ്ടു് അധികാരമേറെറടുത്തിട്ടുള്ളതല്ല. പ്രജാസോഷ്യലിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം മററിടതുപക്ഷകക്ഷികളുമായി തിരഞ്ഞെടുപ്പിനു് ആളെ നിറുത്തുന്ന കാര്യത്തിൽ മാത്രം ഒരു ഐക്യത്തിൽ, അതായതു് ഒരു പരസ്പര ധാരണയിൽ, എത്തിയിട്ടുണ്ടെന്നല്ലാതെ ഐക്യമുന്നണിയുമായി യാതൊരു കരാറും ചെയ്തിട്ടില്ല. മന്ത്രിസഭാരൂപീകരണം സംബന്ധിച്ചും ഞങ്ങൾ ആരുടേയും സഹകരണം അഭ്യർത്ഥിക്കയുണ്ടായില്ല. എന്നാൽ ഐക്യമുന്നണി സ്വീകരിച്ച നിലപാടുകൊണ്ടു് അവരോടു സഹകരിച്ചു പ്രവർത്തിക്കുന്നതിനു സാദ്ധ്യമല്ലാത്ത ഒരവസ്ഥയാണു് വന്നുകൂടിയതു്. ആ കാര്യങ്ങളെല്ലാം ഇവിടെ സന്നിഹിതരായിട്ടുള്ള ഐക്യമുന്നണിസഖാക്കൾക്കും അറിവുള്ളവയാണു്. ഈ പരിതഃസ്ഥിതിയിലാണു് കാൺഗ്രസ്സു് പ്രജാസോഷ്യലിസ്റ്റു പാർട്ടിക്കു ധാർമ്മികമായ പിൻതുണ നൽകാമെന്നും എന്നാൽ അവർ ഭരണഭാരം ഏറെറടുക്കാൻ തയ്യാറില്ലെന്നും അറിയിച്ചതു്. ഇങ്ങനെ കാൺഗ്രസ്സും ഐക്യമുന്നണിയും കഴിഞ്ഞാൽ അടുത്തതായി വരുന്നതു് ന്യൂനപക്ഷമായ പ്രജാസോഷ്യലിസ്റ്റുപാർട്ടിയാണു്. അവർക്കു നാട്ടിൽ നല്ലകാര്യങ്ങൾ ചെയ്യണമെന്നുള്ള ആഗ്രഹമുള്ളതുകൊണ്ടും രാജ്യതാൽപ്പര്യം സ്വന്തം കക്ഷിതാൽപ്പര്യത്തെക്കാൾ സുപ്രധാനമാണെന്നു കരുതുന്നതുകൊണ്ടും അവർ ഭരണഭാരം ഏറെറടുക്കുകയുണ്ടായി. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ തീർച്ചയായും പ്രജാസോഷ്യലിസ്റ്റു പാർട്ടിക്കു് ധാർമ്മികമായ പിൻതുണ നൽകാൻ എല്ലാ പാർട്ടികളും ബാദ്ധ്യസ്ഥരാണു് എന്നുള്ളതാണു് എനിക്കിവിടെ പ്രഖ്യാപിക്കാനുള്ളതു്. അതു മാത്രവുമല്ല ഭരണമാരംഭിക്കുന്നതിനു മുമ്പുതന്നെ ഒരു മുൻ വിധിയുമായി ഭരണകക്ഷിയെ വിമർശിക്കുന്നതും എന്തിൻെറ പേരിലായാലും നന്നായിരിക്കയില്ല. ഇപ്പോൾ പ്രജാസോഷ്യലിസ്റ്റുപാർട്ടി ഭരണം ഏറെറടുത്തിട്ടു ഒരാഴ്ച മാത്രമേ ആയിട്ടുള്ളു. ഇന്നു് നിലവിലുള്ള ഭരണഘടനയ്ക്കകത്തു നിന്നുകൊണ്ടുതന്നെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്കു് അടിയന്തിരമായ ആശ്വാസമരുളുവാനുതകുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നാണു് ഞങ്ങളുടെ വിശ്വാസം. ഇന്നു് എല്ലാ കക്ഷികളും പ്രജാസോഷ്യലിസ്റ്റു പാർട്ടിക്കു് ആവശ്യമായ പിൻതുണ നൽകുന്നപക്ഷം ജനങ്ങൾക്കു് ഏററവും ആവശ്യമായ പല പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനും പല ആവശ്യങ്ങളും അവശതകളും അടിയന്തിരമായി പരിഹരിക്കുന്നതിനും കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. ചെയ്യാമെന്നേൽക്കുന്നതും ചെയ്യേണ്ടതുമായ കാര്യങ്ങൾ ചെയ്യാതിരുന്നാൽ സൃഷ്ടിപരമായി വിമർശിക്കുവാൻ ഞാനും ഒരുക്കമാണു്.

പി. എസ്സു്. പി. യുടെ നയപരിപാടികളെ സംബന്ധിച്ചു് രാജപ്രമുഖൻ തിരുമേനി ചെയ്ത നയപ്രഖ്യാപനപ്രസംഗത്തിനു് അദ്ദേഹത്തിനു് കൃതജ്ഞത രേഖപ്പെടുത്തുന്ന പ്രമേയം എല്ലാവരും അംഗീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. സുകുമാരൻ: സർ, ഒരു കാര്യം ഞാൻ ഈ സദസ്സിനെ അറിയിക്കുകയാണു്. തികച്ചും കക്ഷിപരമായ ചിന്തകൾക്കപ്പുറത്തുനിന്നുകൊണ്ടു് ഈ തരം പ്രശ്നങ്ങളെപ്പററി ഈ സഭ പരിചിന്തനം

ചെയ്യേണ്ടതാണ്. അതുകൊണ്ട് കക്ഷിരഹിതമായി ഈ രാജ്യത്തെ പരിതഃസ്ഥിതിയെ അടിസ്ഥാനമാക്കി നോക്കുമ്പോൾ ഭരണനയം രൂപീകരിക്കേണ്ട മന്ത്രിസഭയുടെ നയപരിപാടികളെക്കുറിച്ചുള്ള ഈ നയപ്രഖ്യാപനപ്രസംഗം ഈ നാട്ടിലെ ജനങ്ങളോട് ഉത്തരവാദപ്പെട്ട ഒരു കക്ഷിയുടെ പ്രവർത്തനത്തിന് സഹായകമാകുന്നതല്ല എന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. തികച്ചും അവ്യക്തമായ ഈ നയപ്രഖ്യാപനപ്രസംഗം ഈ നാട്ടിലെ ജനങ്ങൾ ഇന്നഭിമുഖീകരിക്കുന്ന പല പ്രധാന പ്രശ്നങ്ങൾക്കും കാര്യക്ഷമമായ പരിഹാരമുണ്ടാക്കുന്നതിന് സഹായകമാകുന്നതല്ല. ഈ നാട്ടിലെ ജനങ്ങളെ അഭിമുഖീകരിക്കുന്ന ഏററവും പ്രധാനമേറിയ പല പ്രശ്നങ്ങളും ഇന്നുണ്ട്. നാട്ടിൽ ഇന്ന് സർവ്വത്ര പട്ടിണിയും ദാരിദ്ര്യവുമാണ്. ഇതിനുള്ള പ്രധാനകാരണം കാർഷികാധഃപതനവും തൊഴിലില്ലായ്മയുമാണ്. ഇന്നുകാലത്തും അഞ്ചു കശുഅണ്ടിഫാക്ടറികൾ കൊല്ലത്ത് അടച്ചുപൂട്ടിയിരിക്കുന്നതായി അറിവുകിട്ടി. കൊല്ലത്തും പരിസരപ്രദേശങ്ങളിലുമായി ഇന്ന് നൂറോ നൂററിഇരുപതോ കശുഅണ്ടിഫാക്ടറികൾ അടച്ചുപൂട്ടിയിരിക്കുന്നതുമൂലം ഏകദേശം അൻപതിനായിരം തൊഴിലാളികൾക്ക് ജോലിയില്ലാതായിത്തീർന്നിട്ടുണ്ട്. ഏതാണ്ട് അതുപോലെതന്നെയാണ് കൈത്തറിനെയ്ത്തു വ്യവസായികളുടെ കാര്യവും. ഇന്ന് കാർഷികരംഗങ്ങളിലും വ്യാവസായികരംഗങ്ങളിലും തൊഴിലില്ലായ്മ നേരിട്ടതുമൂലം ജനങ്ങളുടെ ജീവിതനിലവാരങ്ങൾ വളരെ ഉലഞ്ഞുപോയിട്ടുണ്ട്. അവർക്ക് ഇന്നു ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനുപോലുമുള്ള ക്രയശക്തി കുറഞ്ഞിരിക്കുന്നു. അവരുടെ ജീവിതക്ലേശങ്ങൾക്ക് ഒരു പരിഹാരം ക്രിയാത്മകമായും ആത്മാർത്ഥമായും ഉണ്ടാക്കുവാൻ ഈ സഭയ്ക്ക് കഴിയുന്നുണ്ടോ എന്നാലോചിക്കേണ്ടതാണ്. അതാണ് അധികാരത്തിലിരിക്കുന്ന ഒരു കക്ഷിയുടെ ജനക്ഷേമാകാംക്ഷയുടെ, ഒരു ഉരകല്ല്. ഇങ്ങനെ നോക്കുമ്പോൾ ഈ ഗവണ്മെൻറ് ഒരു ചരിത്രം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തുവാൻ പോകുന്നതെന്ന് അതിൻെറ നയപ്രഖ്യാപനത്തിൽനിന്നും ധരിക്കാൻ സാദ്ധ്യമല്ല. പുതിയൊരു ചരിത്രം ഇവർ സൃഷ്ടിച്ചു എന്നു പറയുന്നു. പക്ഷേ ഈ നാട്ടുകാരുടെ എല്ലാ പ്രശ്നങ്ങൾക്കും അടിയന്തിരമായി ഒരു പരിഹാരമുണ്ടാക്കുവാൻ കഴിയുമെങ്കിൽ അത്തരമൊരു ഗവണ്മെൻറിന് ചരിത്രം സൃഷ്ടിക്കുവാൻ തന്നെ കഴിയും. അങ്ങനെ അവർ വിചാരിക്കുന്നുണ്ടെങ്കിൽ പത്ത് മണിക്കൂറിനകം അവർക്ക് ഏതാനും ചില കാര്യങ്ങൾ എങ്കിലും ചെയ്തു തീർക്കുവാൻ കഴിയും, അതിലേയ്ക്ക് ഈ ഗവണ്മെൻറിൻെറയും ഈ സഭയുടെയും ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു. ആദ്യമായി എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത് ഈ നൂററിഇരുപതോളം കശുഅണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തനം ആരംഭിക്കുന്നപക്ഷം അവിടത്തെ തൊഴിലാളികളുടെ അവശതകൾക്ക് ഒരു പരിഹാരം പത്ത് മണിക്കൂറിനകം ഉണ്ടാക്കുവാൻ കഴിയും. അതിലേക്ക് ഈ ഫാക്ടറികൾ പത്ത് മണിക്കൂറിനകം തുറന്നു പ്രവർത്തനമാരംഭിക്കണമെന്ന് ഈ വ്യവസായശാലാ ഉടമസ്ഥന്മാരോടാവശ്യപ്പെടണം.

മറെറാന്ന് മൗലികമായ ഭൂഉടമ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കാൻ ഈ ഗവണ്മെൻറിനു സാദ്ധ്യമല്ലെങ്കിൽതന്നെയും കൃഷിക്കാർക്ക് അടിയന്തിരമായ കുറെ ആശ്വാസങ്ങളെങ്കിലും നൽകാൻ ഇന്നത്തെ ഭരണകക്ഷിക്ക് ഭരണഘടനക്കുള്ളിൽനിന്നുകൊണ്ടുതന്നെ പ്രവർത്തിക്കാവുന്നതാണ്. അതിനുള്ള അധികാരം ഇന്നത്തെ

[ശ്രീ. പി. കെ. സുകുമാരൻ.]

ഗവണ്മെൻറിനാണെന്നു ഞാൻ വിശ്വസിക്കുന്നു. കുടിയൊഴിപ്പിക്കൽ വസ്തു ഒഴിപ്പിക്കൽ ഇവ തല്ക്കാലത്തേയ്ക്കു് നിറുത്തിവയ്ക്കുക, കാർഷിക കടത്തിന്മേലുള്ള വിധിനടത്തുകൾ നിറുത്തിവയ്ക്കുക തുടങ്ങിയ കാര്യങ്ങൾ പ്രവർത്തിക്കുന്നപക്ഷം ഇന്നധികാരത്തിലിരിക്കുന്ന കക്ഷിക്കു് ഈ രാജ്യത്തു് ചരിത്രം സൃഷ്ടിക്കുവാൻ കഴിയുന്നതാണു്.

അതുപോലെതന്നെ നമ്മുടെ സഹോദരന്മാരും ധീരദേശാഭിമാനികളുമായ വയലാർ പുന്നപ്ര കേസിലെയും മററു പ്രതികളേയും മററു രാഷ്ട്രീയപ്രവർത്തകന്മാരേയും മോചിപ്പിക്കുവാനും ആവശ്യമായ നടപടികൾ ഈ ഗവണ്മെൻറു് എടുത്തിരുന്നെങ്കിൽ തീർച്ചയായും ചരിത്രം സൃഷ്ടിക്കുവാൻ ഈ ഗവണ്മെൻറിനു കഴിയും. അങ്ങിനെ ഒന്നും ചെയ്യുന്നതിനു സാദ്ധ്യമല്ലാതെ ഈ അവ്യക്തമായ നയപ്രഖ്യാപനപ്രസംഗം സോഷ്യലിസ്ററുപാർട്ടി സ്വപ്നം കാണുന്ന ചരിത്രം സൃഷ്ടിക്കുവാൻ കഴിയുകയില്ല.

ഇതിനൊരു പ്രത്യേകകാരണംകൂടിയുണ്ടു്. നമുക്കറിയാം സോഷ്യലിസ്ററു പാർട്ടിയുടെ ഇതുവരെയുള്ള പ്രവർത്തനരീതികളും ഉത്തരവാദിത്വങ്ങളും നയപ്രഖ്യാപനങ്ങളും. അവർ അധികാരത്തിൽ വന്നതുതന്നെ വ്യാമോഹങ്ങളുടേയും, വാഗ്ദാനങ്ങളുടേയും ചരിത്രത്തിൻെറ സമാഹാരമാണു്. അവരുടെ പ്രവർത്തനങ്ങളും അതിനനുഗുണമായിത്തന്നെയിരിക്കും. ഏതാണ്ടു് മൂന്നുമാസത്തിനുള്ളിൽ നാലുപ്രാവശ്യം വാക്കുമാറി വെറും പൌവ്വർ പാളിട്ടിക്സിനെ ആശ്രയിച്ചു അധികാരത്തിലേക്കുയന്ന ഒരു കക്ഷിയാണു് ഇന്നു് ഈ രാജ്യം ഭരിക്കുന്നതു്. അനസ്യൂതമായ വഞ്ചനയുടെയും വാഗ്ദാനലംഘനങ്ങളുടെയും പുരോഗമനശക്തികളെ ഭിന്നിപ്പിക്കുന്നതിൻെറയും ചരിത്രമാണു് സാർവ്വദേശീയവും ദേശീയവും പ്രാദേശികവുമായ രംഗങ്ങളിൽ അതു് സൃഷ്ടിച്ചിട്ടുള്ളതു്. അതിലുമുപരിയായി ഒരു ന്യൂനപക്ഷമായ ഈ പാർട്ടി, ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു പാർട്ടിയുടെ പിൻതുണയോടുകൂടി ഇന്നധികാരം ഏറെറടുത്തിരിക്കുകയാണെന്നുള്ള കാര്യം നാമോർക്കണം. ഈ രാജ്യത്തു് ഏഴുകൊല്ലമായി നടത്തിയ ദുർഭരണത്തിൻെറ ഫലമായിട്ടു് ഇന്നു് ജനങ്ങളാൽ വെറുക്കപ്പെട്ടു പുറംതള്ളപ്പെട്ട ഒരു പാർട്ടിയുടെ പിൻതുണയോടുകൂടി പി. എസ്സ്. പി. അധികാരത്തിൽ വന്നിരിക്കുകയാണു്. അങ്ങിനെയുള്ള പി. എസ്സ്. പി.-യുടെ നയപ്രഖ്യാപനപ്രസംഗത്തിൽ നിന്നും എന്തെങ്കിലും ഗുണകരമായ കാര്യങ്ങൾ ഈ നാട്ടിലെ ജനങ്ങൾ ആശിക്കാൻ കഴിവുള്ളതാണോ ? അതു കൊണ്ടുതന്നെയാണു് ഞങ്ങൾ ഇതിനെ എതിർക്കുന്നതു്.

ഈ രാജ്യത്തു് എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും അധിവസിക്കുന്നുണ്ടു്. വളരെയധികം കൃഷിക്കാരെ ഉൾക്കൊള്ളുന്ന ഒരു രാജ്യമാണു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം. ഈ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് വളരെയധികം നാളികേരം, കുരുമുളകു്, റബ്ബർ മുതലായ ക്യാഷ് ക്രോപ്പുകൾ കൃഷിചെയ്തു വരുന്നുണ്ടു്. ഈ വക സാധനങ്ങൾ പുറരാജ്യങ്ങളിലയച്ചു് അതിൽ നിന്നും ധാരാളം ആദായം ലഭിച്ചിരുന്നു. എന്നാൽ ഇന്നു് ആ വക സാധനങ്ങൾക്കു് നല്ല വില കിട്ടുന്നില്ല. അവയ്ക്കു് നല്ല വില കിട്ടുന്നതിനു് ആവശ്യമായ നടപടികൾ എടുക്കേണ്ടതുമാണു്. നാളികേരം, കുരുമുളകു്, റബ്ബർ മുതലായ ക്യാഷ്

ക്രോപ്പിനെ ആശ്രയിച്ച് ജീവിക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ നമ്മുടെ ഈ രാജ്യത്തുണ്ട്. അവർക്ക് ശരിയായ വില കിട്ടുന്നതിനു് ആവശ്യമായ നടപടികൾ കേന്ദ്രഗവണ്മെൻറിൻെറ സഹായത്തോടുകൂടിയോ മററു മാർഗ്ഗങ്ങൾ അവലംബിച്ചോ ഈ മന്ത്രിസഭ പരിശ്രമിക്കുമെന്നും ഇങ്ങനെയുള്ള നല്ല കാര്യങ്ങൾക്കും രാജ്യക്ഷേമകരങ്ങളായ എല്ലാ കാര്യങ്ങൾക്കും എൻെറ പാർട്ടിയുടെ പിൻതുണ ഉണ്ടാകുമെന്നും ഈ മന്ത്രിസഭയോടു വാഗ്ദാനം ചെയ്തുകൊള്ളുന്നു.

ശ്രീ. എൻ. ജി. ചാക്കോ: സർ, ഇന്നു് അധികാരത്തിലിരിക്കുന്ന പാർട്ടി തെരഞ്ഞെടുപ്പുകാലത്തു് ഒട്ടുവളരെ വാഗ്ദാനങ്ങൾ ചെയ്തിരുന്നു. എന്നാൽ ഈ നയപ്രഖ്യാപനപ്രസംഗം കണ്ടപ്പോൾ എനിക്കു വളരെ നിരാശയാണുണ്ടായതു്. അതായതു് ഒരു വലിയ മല ഒരു എലിയെ പ്രസവിച്ചതുപോലെ, വളരെ പ്രതീക്ഷകളോടുകൂടിയാണു് നാം ഇവരെ അധികാരത്തിൽ കയററിയതു്. എന്നാൽ ഇപ്പോൾ അധികാരത്തിൽ വന്നതിൽപിന്നെ യാതൊന്നും ചെയ്തുകാണുന്നില്ല എന്നുള്ളതു് വളരെ വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

എനിക്കു് വളരെ പ്രാധാന്യമേറിയ ഒരു സംഗതി ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുവാനുണ്ടു്. അതു് ഗ്രാമങ്ങളെയും ഗ്രാമീണജനങ്ങളെ പ്പററിയുമാണു്. ഞാൻ ഒരു ഗ്രാമത്തിൽ ജനിച്ച ആളാണു്. ഇന്നു് ഗ്രാമങ്ങളിൽ പരിഹരിക്കേണ്ടതായ ഒട്ടുവളരെ പ്രശ്നങ്ങളുണ്ടു്. അധികാരത്തിലിരിക്കുന്നവർ വളരെ ലളിതമായ രീതിയിലാണു് ഗ്രാമീണരെ കരുതിവരുന്നതു്. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തുതന്നെ ഒട്ടുവളരെ കാര്യങ്ങൾ, ഗ്രാമങ്ങൾ നന്നാക്കുന്നതിനായി ചെയ്യും എന്ന വാഗ്ദാനങ്ങൾ ഉണ്ടായി. കോൺഗ്രസ്സ് ഗവണ്മെൻറ് കുറെ എല്ലാം ചെയ്തിട്ടുമുണ്ടു്. അതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുള്ള പദ്ധതികളിൽ ഒന്നു് നാഷനൽ എക്സ്റ്റൻഷൻ സർവ്വീസാണു്. അതേപ്പററി ഒന്നുംതന്നെ ഈ നയപ്രഖ്യാപനപ്രസംഗത്തിൽ കാണുന്നില്ല എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഗ്രാമങ്ങളിൽ ഇന്നു് വൈദ്യസഹായം ഇല്ല, ഗതാഗതസൗകര്യങ്ങൾ എന്നുവേണ്ട മററു സൗകര്യങ്ങൾ ഒന്നുംതന്നെയില്ല.

ഈ ഗ്രാമീണജനങ്ങളാണു് ഈ രാജ്യത്തു ബഹുഭൂരിപക്ഷവും. എന്നാൽ അവരെ മറന്നിട്ടാണു് ഈ നയപ്രഖ്യാപനപ്രസംഗം ചെയ്തിട്ടുള്ളതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അതുകൊണ്ടു് എനിക്കു ഈ സഭ മുമ്പാകെ അറിയിക്കുവാനുള്ള അതിപ്രധാനമായൊരു കാര്യമാണു ഗ്രാമീണപ്രശ്നം. ആ പ്രശ്നത്തെപ്പററി നിസ്സാരമായി കരുതുകയും, നിന്ദാസൂചകമായി തള്ളുകയും ചെയ്താൽ ഫലം അപകടമായിരിക്കും എന്നുള്ള തത്വം ഈ സഭ ധരിക്കേണ്ടതാണു്, ഒരു പരമാർത്ഥംകൂടി അറിയിച്ചുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കാം. ഇന്നു പതിനേഴു ലക്ഷം ജനങ്ങൾ ഈ രാജ്യത്തു കോൺഗ്രസ്സിനു് വോട്ടുചെയ്തിട്ടുണ്ടു്. ഇന്നധികാരത്തിലിരിക്കുന്നവർ ഇടതുപക്ഷക്കാരാണു്. കോൺഗ്രസ്സിനു് വേണ്ടി വോട്ടുചെയ്ത ഭൂരിപക്ഷം ആളുകളും ഗ്രാമീണരാണു്. ഇന്നു ഗ്രാമീണജനങ്ങളെ കേവലം അരക്ഷിതാവസ്ഥയിലാണു് തള്ളിയിരിക്കുന്നതു്. ഇതിനു വേണമെങ്കിൽ എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണു്. അതുകൊണ്ടു് അവരുടെ കാര്യത്തെപ്പററി ഗവണ്മെൻറ സത്വരമായി ശ്രദ്ധിക്കുകയും അവർക്കു സമഗ്രമായി ആശ്വാസം നൽകുന്നതിനുവേണ്ടി

[ശ്രീ. എൻ. ജി. ചാക്കോ.]

തക്കസമയത്തു നടപടികൾ നടത്തുകയും ചെയ്യണമെന്നാണു എനിക്കു പറയാനുള്ളതു്.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട കൊല്ലംമെംബർ ശ്രീ. ടി. കെ. ദിവാകരൻ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു സംസാരിക്കുവാനാണു ഞാനുദ്ദേശിക്കുന്നതു്. ഇവിടെ വിചിത്രതരമായ ഒരു രാഷ്ട്രീയപരിവർത്തനം ഉണ്ടായിരിക്കുന്നുവെന്നു വിശ്വസിക്കുന്നവരും വിശ്വസിക്കാതെ തന്നെ പ്രചരണം നടത്തുന്നവരുമുണ്ടു്. അങ്ങനെ ഭരണഭാരം കൈയേററിരിക്കുന്നവരാണു് ഇന്നത്തെ ഭരണാധികാരികൾ അഭിമാനിക്കുന്നതു്. വളരെക്കൂടുതൽ അംഗങ്ങളുള്ള പാർട്ടികൾ പ്രതിപക്ഷങ്ങളായി മാറിയിരിക്കുമ്പോൾ അംഗങ്ങൾ വളരെ കുറച്ചു മാത്രമുള്ള ഒരു കക്ഷി അധികാരത്തിലിരിക്കുന്നതു വാസ്തവത്തിൽ വിചിത്രം തന്നെയാണു്. ഈ ഭരണകൂടത്തിന്റെ നിർവാഹകസമിതിയുടെ രൂപവൽക്കരണത്തെ സംബന്ധിച്ചിടത്തോളം ചരിത്രംസ്രഷ്ടികൾ അത്ഥവത്തായിരിക്കുന്നവെന്നുള്ളതിൽ സംശയമില്ല. പ്രസിഡന്റുഭരണത്തെ ഒഴിവാക്കാനും, മററുവിധത്തിൽ വരാവുന്ന സ്തംഭനാവസ്ഥയെ ഒഴിവാക്കാനും രാജ്യരക്ഷകരായി ഈ മുൾക്കിരീടം ഏറെറടുത്തിരിക്കുന്നുവെന്നു് പി. എസ്സ്. പി. അവകാശപ്പെടുന്നുണ്ടു്. ഈ അവകാശവാദം അംഗീകരിക്കുന്നതിനുമുമ്പ് കേവലം പത്തൊൻപതു അംഗങ്ങൾമാത്രം അടങ്ങിയ ഒരു പാർട്ടി എങ്ങനെ അധികാരത്തിൽ എത്തിച്ചേർന്നുവെന്നു ഒന്നപഗ്രഥിച്ചുനോക്കുന്നതു് ആവശ്യമാണെന്നു കരുതുന്നു.

ഇന്നധികാരത്തിലിരിക്കുന്ന കക്ഷി ഒററക്കെട്ടായി നിന്നല്ല തെരഞ്ഞെടുപ്പിൽ മത്സരിച്ചതെന്നും അങ്ങനെ ഒററ കക്ഷിയായിട്ടല്ല ഇന്നധികാരത്തിൽ വന്നിരിക്കുന്നതെന്നും ഈ സഭയിലെ എല്ലാവർക്കും, സർ, അങ്ങേക്കുതന്നെയും അറിയാം. ഈ നാട്ടിലെ ജനങ്ങളെ വളരെയേറെ കഷ്ടപ്പെടുത്തിയും, ജനങ്ങളുടെ താൽപ്പര്യങ്ങളെ ചവുട്ടിത്തേച്ചും, സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി എന്തു അഴിമതികൾ ചെയ്യുവാനും, എന്തു വിക്രിയകൾ കാണിക്കുവാനും മടിയില്ലാതെ, കഴിഞ്ഞ ആറേഴുവർഷക്കാലമായി ഈ രാജ്യം ഭരിച്ചുപോന്നിരുന്ന ഇവിടത്തെ കാൺഗ്രസ്സിനെ പരാജയപ്പെടുത്തുവാൻവേണ്ടി, യഥാർത്ഥ ജനകീയഭരണം ഇവിടെ സ്ഥാപിക്കുവാൻ വേണ്ടി, ജനങ്ങളിൽ വിശ്വാസമുള്ളവരും, ജനങ്ങൾക്കു വിശ്വാസമുള്ളവരും, ജനങ്ങളാണു പരമാധികാരികൾ എന്നു കരുതുന്നവരുമായ കക്ഷികളെ ഭരണഭാരം ഏൽപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പി. എസ്സ്. പി.-യും, ഐക്യമുന്നണിയും ഒന്നുചേർന്നു് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങളെ സമീപിക്കുകയുണ്ടായി. അവിശ്വാസപ്രമേയം പാസ്സായിട്ടും മന്ത്രിപീഠങ്ങളിൽനിന്നു പുറത്തുപോകാതെ അധികാരത്തിൽ കടിച്ചുതൂങ്ങിനിന്ന മന്ത്രിമാരെ പുറത്തുതള്ളുവാനുള്ള ഒരു ദേശീയമുന്നേററത്തെയാണു് തങ്ങൾ പ്രതിനിധാനം ചെയ്യുന്നതെന്നു ജനങ്ങളെ പറഞ്ഞു വിശ്വസിപ്പിച്ചുകൊണ്ടാണു് ഇന്നു അധികാരത്തിലിരിക്കുന്ന ശ്രീമാൻ പട്ടം താണുപിള്ള ഐക്യമുന്നണിയുമായി തോളോടുതോൾ ചേർന്നു് തെരഞ്ഞെടുപ്പു സംഖ്യം ഉണ്ടാക്കിയതു്. ഈ വസ്തുത, അദ്ദേഹത്തിനു സത്യത്തോടു ബഹുമാനമുണ്ടെങ്കിൽ, നിഷേധിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഞങ്ങൾ ഒന്നിച്ചു തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതു ഒന്നിച്ചു ഭരണഭാരം ഏറെറടുക്കുവാൻ വേണ്ടിത്തന്നെയാണെന്നു അദ്ദേഹം ഞാൻകൂടി സംബന്ധിച്ചി

ട്ടുള്ള പല യോഗങ്ങളിലും പ്രസംഗിച്ചിട്ടുള്ളതായി ജനങ്ങൾക്കറിയാം. ജനങ്ങളുടെ അഭിലാഷങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസരണമായി പുരോഗതിയുടേതായ, വളർച്ചയുടേതായ, വികാസത്തിന്റേതായ, സംസ്കാരത്തിന്റേതായ ഒരു ഇടതുപക്ഷഭരണക്കൂടം സ്ഥാപിക്കുവാനാണ് ഈ തെരഞ്ഞെടുപ്പുസഖ്യം ഉണ്ടാക്കിയിരിക്കുന്നതെന്നു അദ്ദേഹം പല തവണ പ്രസ്താവിച്ചിട്ടുണ്ട്.

<u>ശ്രീ. ഏ. താണുപിള്ള</u>: സർ, ഒരു ചോദ്യം.

Shri K. Balakrishnan : I don't yield, Sir.

അങ്ങനെ, ഐക്യമുന്നണിയുടെയും, പി. എസ്. പി.-യുടെയും പ്രതിനിധികൾ ഭൂരിപക്ഷംവരുന്ന ഒരു നിയമസഭയും അതിനെത്തുടർന്ന് വളർച്ചയുടേയും പുരോഗതിയുടേതുമായ ഒരു ഭരണക്കൂടവും ഉണ്ടാകുവാൻ വേണ്ടി, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ വോട്ടുചെയ്തു. ഐക്യമുന്നണിയും പി. എസ്. പി.-യുമായി തോളോടുതോൾ ചേർന്ന് കാൺഗ്രസ്സിനെ തോല്പിക്കുവാൻവേണ്ടി അത്യദ്ധ്വാനംചെയ്തു. ഒടുവിൽ ഇടതുപക്ഷത്തിനു ഭൂരിപക്ഷവും കിട്ടി. എന്നാൽ ഐക്യമുന്നണിയിൽനിന്നും വിട്ടുമാറി ജനങ്ങളുടെ പ്രതീക്ഷയേയും വിശ്വാസത്തേയും തകർത്തുകൊണ്ടാണ് ഇന്നു പി. എസ്. പി. അധികാരത്തിലിരിക്കുന്നതെന്ന വസ്തുത ഈ നാട്ടിലെ ജനങ്ങൾ വിസ്മരിക്കുവാൻ പോകുന്നില്ല. ഈ തെരഞ്ഞെടുപ്പിൽ പി. എസ്. പി. സ്ഥാനാർത്ഥികളായി നിന്നു മത്സരിച്ചവരിൽ വളരെയധികംപേരും ജയിച്ചുവന്നിട്ടുള്ളതു് ഐക്യമുന്നണിയുടെ സഹായത്തോടുകൂടിയാണ്. ഐക്യമുന്നണി മെംബർമാരും അതുപോലെ പി. എസ്. പി.-യുടെ സഹായത്തോടുകൂടിയാണു ജയിച്ചുവന്നിട്ടുള്ളതെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഈ അവസരത്തിൽ ഒരു സംഗതി ഇവിടെ പരസ്യമായി പ്രസ്താവിക്കാൻ എനിക്കു മടിയില്ല. തിരുവനന്തപുരം മൂന്നാംനിയോജകമണ്ഡലത്തിൽനിന്നും ഞാൻ വിജയിച്ചുവരുവാൻ ശ്രീ. പട്ടം താണുപിള്ള അത്യധികം സഹായിച്ചിട്ടുണ്ടെന്നുള്ളതു ഒരു പരമാർത്ഥമാണ്. എന്നാലും പി. എസ്. പി.-ക്കു കൊടുക്കുന്ന വോട്ട് ഐക്യമുന്നണിക്കു കൊടുക്കുന്ന വോട്ടിൽനിന്നു ഭിന്നമായിരുന്നുവെന്നു കരുതിയല്ല ജനങ്ങൾ ഈ രണ്ടു കക്ഷികൾക്കും വോട്ടുനൽകിയിട്ടുള്ളതെന്നു വിശ്വസിക്കുന്ന കൂട്ടത്തിലാണ് ഞാൻ. കൈയ്ക്കൂലിയിൽ നിന്നും അഴിമതികളിൽനിന്നും അക്രമങ്ങളിൽനിന്നും മുക്തമായതും ജനങ്ങൾക്കു വിശ്വാസമുള്ളതുമായ ഒരു ഇടതുപക്ഷഗവൺമെന്റു സ്ഥാപിക്കുന്നതിനുവേണ്ടിയാണെന്നു ജനങ്ങളെ പറഞ്ഞു വിശ്വസിപ്പിച്ചുകൊണ്ടു് ജനങ്ങളുടെ വോട്ടുകൾ സമ്പാദിച്ചു പി. എസ്. പി. നേതാക്കന്മാർ ഇപ്പോൾ എന്താണ് ചെയ്തിരിക്കുന്നതു്? ഭരണഘടനാപരമായ സ്തംഭനമുണ്ടാകാതിരിക്കാൻവേണ്ടി, രാജ്യത്തു പ്രസിഡൻറുഭരണം ഏർപ്പെടുത്താതിരിക്കാൻ വേണ്ടിയാണു പി. എസ്. പി. ഇപ്പോൾ ഭരണഭാരം ഏറ്റെടുത്തിരിക്കുന്നതെന്നു കേട്ടപ്പോൾ യഥാർത്ഥത്തിൽ എനിക്കു അത്ഭുതമാണുണ്ടായതു്. അതു കേട്ടപ്പോൾ ടോൾസ്റ്റോയിയുടെ 'വാർ ആൻറു പീസ്' എന്ന ഗ്രന്ഥത്തെപ്പററിയാണു എനിക്കു ഓർമ്മവന്നതു്. ആ ഗ്രന്ഥത്തിൽ, രാജ്യതന്ത്രജ്ഞന്മാരെക്കുറിച്ചു വിവരിക്കുന്നിടത്തു രാജ്യത്തു വിചിത്രതരങ്ങളായ കുഴപ്പങ്ങളുണ്ടാക്കി അതു പരിഹരിക്കുവാൻ ശ്രമിക്കുന്നുവെന്നു നടിച്ചു് അവസാനം തന്റെ അസാമാന്യപ്രഭാവം കൊണ്ടു് സ്വന്തം കുഴപ്പങ്ങൾക്കു് പരിഹാരമുണ്ടാക്കുന്ന രാജ്യതന്ത്രജ്ഞതയെക്കുറിച്ചു് അദ്ദേഹംപറ

[ശ്രീ. കെ. ബാലകൃഷ്ണൻ.]

യുന്നുണ്ട്. ഇവിടെയും അതുതന്നെയാണ് നടന്നിരിക്കുന്നതു്. ഇപ്പോൾ പ്രസിഡൻറു ഭരണം ഏർപ്പെടുത്താതിരിക്കുവാനും ഈ നാട്ടിൽ ഒരു ഭരണസ്തംഭനം ഉണ്ടാകാതിരിക്കുവാനും വേണ്ടി രാജ്യരക്ഷകന്മാരാണെന്നു നടിച്ചുകൊണ്ടു് ഭരണഭാരം ഏറ്റെടുത്തിരിക്കുകയാണുപോലും. "ഞങ്ങൾ ഒന്നിച്ചു നിൽക്കും, ഒന്നിച്ചു ഭരിക്കും" എന്നു ജനങ്ങൾക്കു വാഗ്ദാനം നൽകിയവർ അതു പാലിക്കാതെ, അതനുസരിച്ചു പ്രവർത്തിക്കാൻ തയ്യാറാകാതെ, അമ്മ കുടിച്ച പാലുതന്നെ കുടിക്കണമെന്നു ചില കൊച്ചുകുട്ടികൾ ശഠിക്കുന്നതുപോലെ, ഐക്യമുന്നണിയുമായി പിണങ്ങി, രാഷ്ട്രീയത്തിൽ വെറും പിള്ളേരുകളി നടത്തുകയാണ്. സർ, പക്ഷെ, ഇതിൽ കാൺഗ്രസ്സിൻെറ ചരിത്രംകൂടി ഉണ്ടെന്നു ഓർമ്മിക്കണം. പി. എസ്. പി.-യുടെ നേതാവായ ആചാര്യകൃപലാനിയുടെ ഭാഷയിൽ പറഞ്ഞാൽ പി. എസ്. പി. യാകുന്ന മഹാബ്രാഹ്മണൻ കാൺഗ്രസ്സാകുന്ന ചണ്ഡാളൻെറ നേരെ ഭിക്ഷാപാത്രം നീട്ടാനായിരുന്നോ നാട്ടിൻെറ പുരോഗതിയുടെ ശംഖനാദവും മുഴക്കി ശ്രീ. പട്ടം താണുപിള്ള തിരഞ്ഞെടുപ്പിൽ ജനങ്ങളെ അഭിമുഖീകരിച്ചതെന്നു ഞാൻ ചോദിക്കുന്നു. ഐക്യമുന്നണിയുമായി സഖ്യം ചേർന്നു തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനെ തോൽപ്പിച്ചതു ഈ കാൺഗ്രസ്സ് ചണ്ഡാളൻെറ ഭിക്ഷാപാത്രത്തെ ആശ്രയമാക്കി അധികാരത്തിൽ വരുവാനായിരുന്നോയെന്ന് അദ്ദേഹം ചിന്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇവിടത്തെ ദുഷിച്ചുനാറിയ കാൺഗ്രസ് ഭരണം മാറണമെന്നും, ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ഇടതുപക്ഷ മന്ത്രിസഭ ഈ രാജ്യം ഭരിക്കണമെന്നും ജനങ്ങൾ ആഗ്രഹിച്ചതും തിരഞ്ഞെടുപ്പുമുഖേന പ്രഖ്യാപിച്ചതും ഈ ചണ്ഡാളൻെറ മുമ്പിൽ ഭിക്ഷാപാത്രവുമായി പോകുവാനായിരുന്നോയെന്ന് സത്യബോധവും ന്യായബോധവുമുള്ള ശ്രീ. പട്ടം താണുപിള്ളതന്നെ ആലോചിക്കട്ടെ. അദ്ദേഹത്തിൻെറ പിൻതുണകൊണ്ടും, അദ്ദേഹം നൽകിയ രാഷ്ട്രീയപ്രസ്ഥാനത്തിൻെറ പിൻതുണകൊണ്ടും, അദ്ദേഹം ജനങ്ങൾക്കു നൽകിയ വാഗ്ദാനത്തിൽ വിശ്വസിച്ചു വളരെപേർ എനിക്കു വോട്ടു് നൽകിയിട്ടുണ്ടു്. അങ്ങനെ എന്നെ ജയിപ്പിച്ച ആളുകളുടെ കൂട്ടത്തിൽനിന്നു മാറി ഇന്നു ഞാൻ ജനങ്ങളുടെ താൽപ്പര്യത്തിനു എതിരായ ഒരു നിലപാടാണു സ്വീകരിച്ചിരിക്കുന്നതെന്നു ശ്രീമാൻ പട്ടം താണുപിള്ള എന്നോടു പറയുകയാണെങ്കിൽ ഞാൻ എൻെറ മെംബർസ്ഥാനം രാജിവയ്ക്കുവാൻ തയ്യാറാണ്. നിയമസഭയിൽ നിന്നും പുറത്തുപോകാനും തയ്യാറാണ്. ശ്രീമാൻ പട്ടം താണുപിള്ള ചരിത്രം സൃഷ്ടിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ചരിത്രവസ്തുതകളുടെ നേരെ കണ്ണടയ്ക്കരുതേ; പൊതുജനഹിതത്തിൻെറ നേരെ കണ്ണടയ്ക്കരുതേ; എൻെറ പ്രിയപ്പെട്ട നേതാവേ! കണ്ണടയ്ക്കരുതേ; എന്നാണു, സർ അങ്ങയിൽകൂടി എനിക്കു ഈ സന്ദർഭത്തിൽ അദ്ദേഹത്തോടു അഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. എ. എ. റഹിം: സർ, രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് ചെയ്ത നയപ്രഖ്യാപനപ്രസംഗം, യാതൊരു പുതുമയുമില്ലാത്ത ഒന്നാണെന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടിയാണ് ഇവിടെ ഒരു തിരഞ്ഞെടുപ്പു നടത്തിയതു്, എന്നു പല സ്നേഹിതന്മാരും ഇവിടെ പറയുകയുണ്ടായി. എന്നാൽ കാൺഗ്രസ്സ് വിശ്വസിച്ചിരുന്ന ആദർശങ്ങളിലും പരിപാടികളിലും അടിയുറച്ചുനിന്നുകൊണ്ടു്, കാൺഗ്രസ്സ് ചെയ്തുവച്ചിട്ടുള്ള പ്രവർത്തനങ്ങളെ തുടർന്നുകൊണ്ടു

പോകുക എന്നുള്ളതിൽ കവിഞ്ഞു വിശേഷവിധിയായി യാതൊന്നും തന്നെ ഈ പ്രസംഗത്തിൽ അങ്ങോളമിങ്ങോളം നോക്കിയാൽ കാണുന്നില്ല. ഈ സംസ്ഥാനത്തിന്റെ പരിതഃസ്ഥിതിക്ക് അനുഗുണമായി കോൺഗ്രസ്സ് സൃഷ്ടിച്ചുവച്ചിട്ടുള്ള സൗധത്തിന്റെ മേൽ സോഷ്യലിസ്റ്റ് ചായം പൂശുക മാത്രമെ ചെയ്തിട്ടുള്ളു. പ്രസംഗത്തിൽ പ്രൊഹിബിഷന്റെ കാര്യത്തെപ്പററി പറയുന്നുണ്ട്. എന്നാൽ ആ നല്ല കാര്യം നടപ്പിൽ വരുത്താൻ അത്യധികമായ ഉൽക്കണ്ഠയുണ്ടെങ്കിലും ഇപ്പോൾ ഷാപ്പുകൾ ലേലം ചെയ്തുപോയതുകൊണ്ട് യാതൊരു നിവൃത്തിയുമില്ലെന്നു പറഞ്ഞൊഴിയുന്നതേയുള്ളു.

ശ്രീ. എ. താണുപിള്ള : അല്ലാതെ ഈ ഗവണ്മെന്റു എന്തുചെയ്യണമെന്നാണ് പറയുന്നതു്?

ശ്രീ. എ. എ. റഹിം : ആ ലേലം ക്യാൻസൽ ചെയ്യാമായിരുന്നു.

3 P. M. അതിനുവരെ നടപ്പിൽ വരുത്തിയിട്ടില്ലെന്നാണ് എന്റെ അറിവ്. അങ്ങിനെ ഈ സംസ്ഥാനത്തു് പ്രൊഹിബിഷൻ സാർവ്വത്രികമാക്കാൻ സാധിക്കുമായിരുന്നിട്ടുപോലും അതിനു തയ്യാറാകാഞ്ഞതു അതിനുള്ള പരിതഃസ്ഥിതി ഈ നാട്ടിൽ ഇല്ലാത്തതുകൊണ്ടായിരിക്കാമെന്നേ കരുതുന്നുള്ളു.

ശ്രീ. എ. താണുപിള്ള : ലേലം റദ്ദ്ചെയ്തു കൺട്രാക്ടറന്മാക്ക് നഷ്ടം കൊടുക്കണമെന്നാണോ പറയുന്നതു്?

ശ്രീ. എ. എ. റഹിം : അതിനെന്തു പ്രതിവിധിയാണ് നടത്തേണ്ടതെന്നു ഈ അവസരത്തിൽ നിർദ്ദേശിക്കാൻ ഞാൻ തയ്യാറില്ല. അതിനു മറുപടി പറയുന്നതിനു ഇനി ഒരവസരം വിനിയോഗിച്ചുകൊള്ളാം.

ഇവിടത്തെ ഭക്ഷ്യനിലയെ സംബന്ധിച്ചിടത്തോളം വളരെ ഏറെ സന്തോഷാവഹമായ ഒരവസ്ഥയാണിന്നുള്ളതു്. ഏതാണ്ട് മൂന്നുമാസം വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യസാധനങ്ങൾ ഗവണ്മെന്റു സ്റ്റാക്കിലുണ്ട്. ഭക്ഷ്യവിഷയകമായി പുതിയ പ്രതീക്ഷകൾ ഒന്നും തന്നെ പ്രഖ്യാപനത്തിൽ കാണുന്നില്ല. നിശ്ചയമായും ഡികൺട്രോൾ ചെയ്യുന്നതിനെപ്പററി ആലോചിക്കാവുന്ന ഒരു പരിതഃസ്ഥിതിയാണ് ഇന്നുള്ളതു്. ആ കാര്യത്തെപ്പററി ഒന്നും പ്രസംഗത്തിൽ കാണാത്തതിൽ ഖേദിക്കുന്നു.

ഇവിടത്തെ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ വ്യവസായങ്ങൾ അനുദിനം നശിച്ചുകൊണ്ടിരിക്കുകയാണ്. മൂലധനത്തിന്റെ കുറവാണ് ഇതിനുള്ള പ്രധാന കാരണം. ഇന്ന് മൂലധനം നൽകി വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിലേയ്ക്കു് ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പറേഷൻ തുടങ്ങിയ പദ്ധതികൾ ആരംഭിച്ചിരിക്കുന്ന ഈ അവസരത്തിൽ വ്യവസായികൾക്ക് പണം കൊടുത്തു സഹായം നൽകുന്നതിനു യാതൊരു മടിയും കാണിച്ചുകൂടാത്തതാണ്. ആ വിഷയത്തിൽ പക്ഷപാതം കൂടാതെ ധനസഹായത്തിനു വരുന്ന അപേക്ഷകളെ പരിഗണിച്ചു് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. വ്യവസായികളെ സംബന്ധിച്ചിടത്തോളം മറ്റൊരു പ്രധാന കാര്യംകൂടി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഉദ്യോഗസ്ഥന്മാർ ഇൻകംടാക്സ് സെയിൽസ് ടാക്സ് തുടങ്ങിയ നികുതി ചുമത്തുന്ന കാര്യത്തിൽ ഉള്ള ക്രമക്കേടുകൾ കാരണം ചില സ്ഥലങ്ങളിൽ വ്യവസായികൾക്ക് മുന്നോട്ടുപോകാൻ

[ശ്രീ. എ. എ. റഹിം.]

നിവൃത്തിയില്ലാത്ത വിധത്തിൽ എത്തിച്ചേരുന്നുണ്ടു്. വ്യാപാരികളുടേയും വ്യവസായികളുടേയും കണക്കുകൾ അവിശ്വസിച്ചുകൊണ്ടുള്ള ചില നിലപാടുകൾ സ്വീകരിച്ചിട്ടുള്ളതായി എനിക്കുതന്നെ ബോദ്ധ്യമുണ്ടു്.

ഇവിടെ അഴിമതിയും കൈക്കൂലിയും തടയാനുള്ള നടപടികൾ ഉടനെ സ്വീകരിക്കാൻ ആലോചിക്കുമോ എന്നു് പറയുന്നു. ഈ ആലോചനകളെല്ലാംതന്നെ കഴിഞ്ഞ കോൺഗ്രസ്സ് സർക്കാരിന്റെ കാലത്തു ചെയ്തിട്ടുള്ളതാണു്. ആ പദ്ധതികൾ പ്രവൎത്തനത്തിൽ വന്നുകൊണ്ടിരിക്കുന്നതായും ഈ സഭയ്ക്കറിയാം. അഴിമതിയും കൈയ്ക്കൂലിയും നിയന്ത്രിക്കുമ്പോൾ ഗവണ്മെന്റുദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും ഇടയിൽ തൃപ്തമായ ഒരു നില കൊണ്ടുവന്നിട്ടുവേണം എന്നാലോചിക്കേണ്ടതാണു്. അവൎക്കു് തൃപ്തികരമായ ഒരു നില ഉണ്ടാക്കിയശേഷംവേണം കൈയ്ക്കൂലിയും അഴിമതിയും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതു്. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ചില സ്ഥലങ്ങളിൽ കൈക്കൂലിയും അഴിമതിയും ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നുണ്ടു്. അവരുടെ ഇടയിലുള്ള അനാവശ്യമായ ഗ്രേഡുകൾ ഇല്ലാതാക്കി ശമ്പളവ്യത്യാസം ക്രമീകരിക്കേണ്ടതാണു്. ആവശ്യമില്ലാതെയുള്ള സ്ഥലംമാററങ്ങൾ നിറുത്തൽ ചെയ്യേണ്ടതും ആവശ്യമാണു്. തിരുവനന്തപുരത്തു എൻ. ജി. ഒ. മാൎക്കു് കെട്ടികൊടുത്തിട്ടുള്ളമാതിരി കെട്ടിടങ്ങൾ മററു സ്ഥലങ്ങളിലും കെട്ടികൊടുക്കുന്ന കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

ജലദുൎഭിക്ഷതയെപ്പററി പറയുകയാണെങ്കിൽ തീരപ്രദേശങ്ങളിൽ മാത്രമല്ല ചില ടൌണുകളിലും ദുൎഭിക്ഷതയുണ്ടു്. അതിലേയ്ക്കു് കോൺഗ്രസ് സൎക്കാർ തന്നെ ചില നടപടികൾ ആരംഭിച്ചിട്ടുണ്ടായിരുന്നു. അതിൽ ചിലതു് ഇന്നു പ്രയോഗത്തിൽ വന്നിട്ടുമുണ്ടു്. എന്നാൽ തീരപ്രദേശങ്ങളിലെ ജലദുൎഭിക്ഷതയെപ്പററി ആലോചിക്കുമ്പോൾ ഹൃദയമുള്ളവർ കണ്ണീർ പൊഴിക്കുകതന്നെ ചെയ്യും. പട്ടണങ്ങളിലുള്ള ജലദുൎഭിക്ഷത കൂടി പരിഹരിക്കുന്നതിനു് പ്രത്യേകം ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஸர், என்னுடைய மதிப்பிற்குரிய நண்பர் ஸ்ரீ. ராமச்சந்திரன் நாயர் அவர்களுடைய தீர்மானத்தை ஆதரித்து ஒரு சில வார்த்தைகள் பேசலாமென்று கருதுகிறேன். ராஜப்பிரமுகர் அவர்களின் சொற்பொழிவில் பல்வேறு நல்ல காரியங்கள், பொதுவாக தொழிலாளர்கள், கிருஷிக்காரர்கள், விவசாயிகள் போன்றவர்களின் வாழ்க்கைத்தரத்தை உயர்த்துவதற்கான பல்வேறு நல்ல திட்டங்கள் இருக்கின்றன. நம்முடைய நாட்டிலே கல்வியை வளர்ச்சி செய்வதற்கான திட்டங்களும் இருக்கின்றன. இவைகளை எல்லாம் ஆரம்பிக்கும்போது, நாம் எந்த நிலையில் இருக்கிறோம் என்பதைப் பற்றி நாம் நன்றாக ஆலோசித்துப் பார்க்கவேண்டும். நம்முடைய நாடு இன்று வேலையில்லாத் திண்டாட்டத்தினாலும், பட்டினியாலும், பஞ்சத்தினாலும் எவ்வளவு தூரம் அவதிப்படமுடியுமோ அந்த எல்லையில் வந்து நிற்கக்கூடிய நிலையில் தான் இருக்கின்றது. நம்முடைய நாடு, இந்தியாவில் வேறெங்கும் இல்லாதபடி ஒரு சதுர மைலுக்கு ஆயிரத்திற்கு மேற்பட்ட ஜனத்தொகை அதிகரித்துக் கொண்டிருக்கும் நிலையில் இருக்-

கிறது. இந்த நிலைமையிலே ஜனங்களுக்கு, அதிலும் உழைத்து உழைத்து உருக்குலைந்து நிற்கும் ஏழைகளின், பஞ்சைப்பாமரர்களின் நிலையை உயர்த்துவதற்காக, நம்மிடையே பல்வேறு அபிப்பிராய வித்தியாசங்கள் இருந்தபோதிலும் சரி, அவர்களின் நிலைமையை உயர்த்துவதற்காக, நிச்சயமாக நாம் எல்லோரும் ஒன்று சேர்ந்து, ஒற்றுமையுடன் நின்று, அதற்கு வேண்டிய திட்டங்கள் கொண்டுவரவேண்டுமென்று நான் என்னுடைய இதர கட்சி நண்பர்களிடம் கேட்டுக்கொள்ள ஆசைப்படுகிறேன். எத்தனை எத்தனையோ கண்ணீர் விடக்கூடிய மக்கள் இன்று இந்நாட்டில் இருந்துகொண்டிருக்கிறார்கள். நான் வருகிற தென்திருவிதாங்கூரானது, நான் இவ்விதம் கூறும்போது என்னுடைய நண்பர்கள் பலர் கூறுவார்கள்; நான் எப்பொழுதும் தென்திருவிதாங்கூரைப் பற்றி மாத்திரம் தான் கூறுகிறேன் என்று. தென்திருவிதாங்கூரின் நிலைமையைப் பற்றி எனக்கு கூடுதல் தெரிவதால் தான் நான் இப்படி கூறுகிறேன். தென்திருவிதாங்கூரில் உள்ள மக்களின் குறைகளைப் பற்றி எனது தமிழ்நாடு காங்கிரஸ் நண்பர்கள் கூறுவதில் பல உண்மைகள் உண்டு. தென்திருவிதாங்கூரில் தொழிற்சாலை என்பது கிடையவே கிடையாது. போன வருட பட்ஜெட்டில் இண்டஸ்ட்ரீஸ்-க்காக ஏகதேசம் 167லக்ஷம் ரூபாய் ஒதுக்கியிருந்தார்கள். அதற்கு முன்னால் உள்ள வருடத்தில் இதற்காக 200லட்சம் ரூபாய் ஒதுக்கப்பட்டிருந்தது. அதற்கு முன்னால் உள்ள வருடத்தில் ஏகதேசம் 110லட்சம் ரூபாய் இந்த இனத்திற்காக ஒதுக்கப்பட்டிருந்தது. இப்படியாக, வருடந்தோறும் பணம் ஒதுக்குகிறோம். ஆனால் இந்தப் பணத்திலிருந்து ஒரு பைசா கூட தென்திருவிதாங்கூரில் செலவு செய்தது கிடையாது. அது பிரைவெட் செக்டாராகட்டும் அல்லது பப்ளிக் செக்டாராகட்டும். எந்த விதத்தில் பார்த்தாலும் இரண்டாயிரம் வருடங்களுக்கு முன் தென்திருவிதாங்கூர் எந்த நிலையில் இருந்ததோ அதேமாதிரிதான் இன்றும் இருந்து வருகிறது. ஆனால் ஜனத்தொகை மாத்திரம் நாளுக்கு நாள் பெருகி வருகிறது. கிருஷியைப் பெருக்குவதற்கான எத்தனை எத்தனையோ திட்டங்கள் அங்கு இருக்கின்றன. பொய்கை, பட்டணங்கால், மாம்பழத்துறை போன்ற திட்டங்களை நிறைவேற்றித் தரவேண்டுமென்று நாங்கள் கேட்கிறோம். ஆனால் நிர்மாணத் திட்டங்கள் ஒன்றையும் அங்கு காணவில்லை என்று நான் கூறாமல் இருக்க முடியாது. இந்த வேலையில்லாத் திண்டாட்டம் ஒருபுறமிருக்கும்போது, உள்ள வேலையையும் இல்லாதாக்காமல் இருந்தால் தேவலை. கைக்குத்தலினால் பிழைத்து வருகிற ஆயிரக்கணக்கான மக்கள் அங்கு இருக்கிறார்கள். அவர்களின் வயற்றில் மண்ணைப்போடும்படி, ஒரு ரைஸ் மில் வந்தால் ஆயிரக்கணக்கான குடும்பங்களின் நிலைமை மிகவும் மோசமாகிவிடும்.

ஸ்ரீ. ஏ. சிதம்பரநாத நாடார்: அதை-இந்த சபையில் வைத்துச் சொல்லவேண்டியதற்கு அவசியமில்லையே. உங்கள் பார்ட்டியில் வைத்துக் கூறுவதுதானே?

<u>ஸ்ரீ. டி. எஸ். ராமஸ்வாமி</u>: எனது நண்பர் கூறுகிறார், நான் அதிகாரத்தில் இருக்கும் பார்ட்டியில் மெம்பராய் இருக்கும்போது இதைப்பற்றி இங்கு கூறவேண்டிய அவசியமில்லையென்று. கழிந்த இரண்டு வருடங்களாக இங்கு எங்களது தமிழ் மந்திரி இருந்தும் கூட தென் திருவிதாங்கூரில் ஒரு தொழிற்சாலைகூட ஸ்தாபிக்க முடியவில்லையே என்பதை அவர்களுக்கு நான் ஞாபகமூட்ட விரும்புகிறேன். எது எது அவசியமோ அவைகளைப் பற்றியெல்லாம் சொல்ல வேண்டிய கடமை நமக்கு உண்டு. நமது மந்திரிகள் அவைகளை எல்லாம் செய்யவேண்டுமென்ற அக்கரையுடன்தான் அவைகளைப் பற்றி எல்லாம் எடுத்துச் சொல்கிறேன் என்று எனது நண்பர்களிடம் தெரிவித்துக் கொள்ள விரும்புகிறேன். வேலையில்லாத் திண்டாட்டம் ஒருபுறமிருக்க, தொழிற்சாலைகள் வளர்ச்சியுறவும், ரைஸ் மில்கள் ஒழியவேண்டும் என்று முள்ள கூக்குரல் இன்று அங்கிருந்து கொண்டிருக்கிறது. இவற்றை எல்லாம் நான் இந்த அரசாங்கத்தினிடம் இந்த சந்தர்ப்பத்தில் ஞாபகமூட்ட விரும்புகிறேன். நான் சொல்லாமலிருந்ததால் அதை செய்யாமல் இருந்துவிடக் கூடாது என்பதினால்தான் நான் இவைகளைப்பற்றி எல்லாம் இங்கு எடுத்துக் கூறுகிறேன். இந்த சபையில் எத்தனையோ விஷயங்கள் கூறப்பட்டன. ஆத்திரத்தினால் பல விஷயங்களும் இங்கு கூறப்பட்டன. பி. எஸ். பி.காரர்களை வஞ்சகர்கள் என்றும் கூறினார்கள், சிலர்.

<u>ஸ்ரீ. எ. சிதம்பரநாத நாடார்</u>: ஒரே ஒரு கேள்வி.

<u>ஸ்ரீ. டி. எஸ். ராமஸ்வாமி</u>: சமயமில்லை. கட்சிக்கு கட்சி வஞ்சகர்கள் என்றும், சதிகாரர்கள் என்றும் கூறப்படுகின்றன. 1941–42–ல் சதிகாரர்கள், சதிகாரர்கள் என்றும் கூலிகள், கூலிகள் என்றும் ஒருவரைப்பார்த்து ஒருவர் கூறி பரிசயப்பட்டு விட்டோம். ஆனால் தேசத்தின் நிலைமை மாறி வரக்கூடிய இச்சமயத்தில் வஞ்சகர்கள் என்றும் சதிகாரர்கள் என்றும் முன்பு சொல்லிக்கொண்டிருந்தது போல் இப்பொழுதும் கூற வேண்டாமென்று நான் எல்லோரிடமும் கெஞ்சிக்கேட்டுக்கொள்கிறேன். நாட்டின் நன்மைக்காக, தொழிலாளி வர்க்கத்தின் நன்மைக்காக, கிருஷிக்காரர்களின் நன்மைக்காக, விவசாயிகளின் நன்மைக்காக என்ன என்னவெல்லாம் செய்யவேண்டுமென்று பார்க்கவேண்டும். நம் முன்னுள்ள பிரச்னைகள் சாதாரணமானவைகள் அல்ல. பெரும் பிரச்னைகள் ஆகும், நம்முன் இப்பொழுதுள்ளது. அப்பிரச்னைகளைத் தீர்ப்பதற்கு, எல்லோருடைய ஒத்துழைப்பும் தேவை. நான் இதை வெறும் சமாதானத்திற்காக சொல்லவில்லை. பத்தொன்பது அங்கத்தினர்கள் கொண்ட ஒரு பார்ட்டி இன்று அரசாங்கத்தை ஏற்று எடுத்திருக்கிறது என்றால் அது ஒரு புதிய முறையல்ல. 'டூ–பார்ட்டி ஸிஸ்டம்' அல்ல, இப்பொழுது இங்கிருப்பது. காங்கிரஸ்–ஆன்றி காங்கிரஸும் அல்ல. இன்று இங்கு மல்டி பார்ட்டி ஸிஸ்டம்தான் நடைபெறுகிறது. இன்று இந்தியாவிலேயே, திருவிதாங்கூர்–கொச்சி ராஜ்யத்தில் மாத்

திரம் தான் இந்த மல்டி பார்ட்டி ஸிஸ்டப்படி அரசாங்கம் நடைபெறுகிறது. மல்டி பார்ட்டி ஸிஸ்டம் நடைபெறும் பல்வேறு நாடுகளில், பொதுவாக சபையின் மதிப்பை யார் கூடுதல் பெற்றிருக்கிறார்களோ, அவர்கள் மைனாரிட்டியாக இருந்த போதிலும், அவர்களின் கையில் தான் அரசாங்கத்தை ஒப்புவிப்பது வழக்கம். அதுபோல் தான் இன்று இங்கு நடந்துகொண்டிருக்கின்றது. சரித்திரத்தைப் புரட்டிப்பார்த்தால் தெரியும், இதுபோல் பல நாடுகளிலும் நடந்திருக்கிறது, என்பதை.

ஸ்ரீ. டி. ஏ. மஜீத்: பிரஞ்ச் மாடல்.

ஸ்ரீ. டி. எஸ். ராமஸ்வாமி: அது பிரஞ்ச் மாடலா, அமெரிக்கன் மாடலா அல்லது ரஷ்யன் மாடலா என்று எனக்குத் தெரியாது. சோஷியலிஸ்ட் கட்சியின் பாலிஸி, புரோகிராம் பிரகாரம் உள்ள திட்டங்களை முன்வைத்து அதன்படி ஆட்சியை நடத்திக்கொண்டு செல்ல விரும்புகிறோம். நாங்கள் கொண்டு வரும் காரியங்களின் நியாயாநியாயங்களைப் பாருங்கள். நியாயமில்லாததென்று உங்களுக்குப் பட்டால் அதற்கு எதிராக வோட்டளியுங்கள். நாங்கள் அதிகாரத்திலிருந்து எப்பொழுது வேண்டுமானாலும், எந்த நிமிடத்திலும் வெளியேறத் தயாராய் இருக்கிறோம். அதல்லாமல், பத்தொன்பது பேர்கள் கொண்ட ஒரு பார்ட்டி அதிகாரத்தில் வந்துவிட்டார்கள் என்று எரிந்து விழுவதில் அர்த்தமில்லை. நாங்கள் எங்களாலானதைச் செய்ய முயலுவோம். எங்களை, காங்கிரஸின் கைப்பாவைகள் என்று சொல்வதிலும் ஒரு அர்த்தமுமில்லை. போன தடவை காங்கிரஸும் தமிழ்நாடு காங்கிரஸும் சேர்ந்து அரசாங்கத்தை நடத்தியது போல நாங்கள் நடத்தப்போவதில்லை. சோஷியலிஸ்ட் கட்சியின் அடிப்படையில் நின்று கொண்டுதான் நாங்கள் அரசாங்கத்தை நடத்தப் போகிறோம்.

ஸ்ரீ. ஏ. சிதம்பரநாத நாடார்: மெம்பர் அவர்கள்—

ஸ்ரீ. டி. எஸ். ராமஸ்வாமி: சமயமில்லை. காங்கிரஸ் கட்சி அரசாங்கத்தை ஏற்றெடுக்கத் தயாரில்லை. தமிழ்நாடு காங்கிரஸும் அதற்குத் தயாரில்லை. ஆக அரசாங்கத்தை ஏற்றெடுக்க ஒரு கட்சியும் தயாராகாததால் சோஷியலிஸ்ட் கட்சி அரசாங்கத்தை ஏற்றெடுத்திருக்கிறது. இதைத் தவிர வேறொரு ஆல்டர்னேட்டிவும் இல்லை. தனி ஒருவருடைய ஆட்சியை நிலைநிறுத்த நாங்கள் தயாரில்லை. ஸ்ரீ. பட்டம் தாணுபிள்ளை அவர்களின் தலைமையில் நாம் அன்றைய தினம் தியாகங்கள் பல செய்யவில்லையா, ஜனநாயகம் வரவேண்டுமென்று. அன்று அங்ஙனம் போராடியது, தனி ஒருவரின் ஆட்சியை நிலைநிறுத்துவதற்காக அல்ல. அதேபோல், நாட்டின் நலனை உத்தேசித்து இன்று சோஷியலிஸ்ட் கட்சி அதிகாரத்தை ஏற்றெடுத்திருக்கிறது. எப்பொழுது வேண்டுமானாலும், எந்த நிமிடத்திலும் நாங்கள் வெளியேறத் தயாராய் இருக்கிறோம் என்பதை மறுபடியும் உங்களுக்கு ஞாபகப்படுத்திக் கொண்டு இத்தீர்மானத்தை ஆதரித்துக் கொள்கிறேன்.

ശ്രീ. ടി. വി. തോമസ്: സർ, സഭ മുൻപാകെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിന് ഞാൻ താഴെ പറയുന്ന ഒരു ഭേദഗതി അവതരിപ്പിക്കുന്നു:

> "But regret that the speech contains no mention of the release of political prisoners, no mention of any immediate relief to the toiling people and no mention of steps to protect generally the interests and status of our State."

ഈ ഭേദഗതി സഭയുടെ അംഗീകരണത്തിനു ശുപാർശ ചെയ്യുന്നതിനു മുൻപായി ഇതിനെപ്പററി ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽ ഉന്നീതമായ വസ്തുതകളെപ്പററി ചിലതു പറയാൻ ഞാനാഗ്രഹിക്കുന്നു.

ഇന്നു അധികാരത്തിലിരിക്കുന്ന കക്ഷി ഇവിടെ ഒരു ചരിത്രം സൃഷ്ടിച്ചിരിക്കുന്നു എന്നു പറയുകയുണ്ടായി. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ഇടതുപക്ഷ കക്ഷികളുടെ ഒരു ഭരണം ഇവിടെ ഉണ്ടാകുമെന്നു ഉറപ്പുകൊടുത്തശേഷം, ആ വാഗ്ദാനം ലംഘിച്ചുകൊണ്ടു് അധികാരത്തിൽ കയറിയതിന്റെ ചരിത്രമാണോ, അതോ അടിയന്തിരമായ ആശ്വാസം ജനങ്ങൾക്കു കൊടുക്കുമെന്നു പറഞ്ഞിട്ടുള്ളതിനു് അടിസ്ഥാനമായ പ്രതീക്ഷകൾ സഫലീകരിക്കുകയാണോ ചെയ്യുന്നതെന്നു് ചരിത്രംതന്നെ തീരുമാനിക്കാൻ പോകുകയാണു്. അതുകൊണ്ടു് അതെപ്പററി ഞാൻ വല്ലതെയൊന്നും സംസാരിക്കുന്നില്ല. ഏതായാലും ഒരു മൈനാറിട്ടി പാർട്ടി അധികാരത്തിൽ വരുമ്പോൾ ചില പ്രാഥമിക മര്യാദകൾ സ്വീകരിക്കേണ്ട ചുമതലയുണ്ടു്. മൾട്ടിപാർട്ടി സമ്പ്രദായമാണിവിടെ നടക്കുന്നതെന്നു എന്റെ സ്നേഹിതൻ ശ്രീ. രാമസ്വാമി ഇവിടെ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ, മൾട്ടി പാർട്ടി സിസ്റ്റം നിലവിലിരിക്കുന്ന രാജ്യങ്ങളിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തുകൊണ്ടു് അദ്ദേഹത്തിന്റെ കക്ഷിനേതാവും സ്വീകരിച്ചില്ല എന്നാണു് ഞാൻ ചോദിക്കുന്നതു്. ൧൯൫൨-ൽ ൪൪ അംഗങ്ങളുള്ള കോൺഗ്രസ്സുകക്ഷി ഭരണഭാരം ഏറെറടുത്തപ്പോൾ, ശ്രീ. പട്ടം താണുപിള്ള അവരുടെ മുൻപിൽ ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി. ആ നിർദ്ദേശം എന്തുകൊണ്ടു് അദ്ദേഹം ൧൯ മെംബറന്മാരുടെ പ്രതിനിധിയായി അധികാരത്തിൽ വന്നപ്പോൾ സ്വീകരിക്കുന്നില്ലാ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഒരു വോട്ടു് ആഫ് കാൺഫിഡൻസു അവതരിപ്പിച്ചു് നിങ്ങൾക്കു് ഈ നിയമസഭയിൽ പിൻതുണ കിട്ടുമെന്നു അറിയേണ്ട ഒരു ചുമതല ഉണ്ടെന്നു അന്നു് അദ്ദേഹം വാദിക്കുകയുണ്ടായി. എന്നാൽ ഇന്നു് അദ്ദേഹം അതു് മറന്നു കളഞ്ഞു. ഞങ്ങൾക്കു് അദ്ദേഹത്തെ വിമർശിക്കാനുള്ള അവകാശത്തിന്റെ അടിസ്ഥാനം ഇതുമാണു്. അദ്ദേഹം ജനങ്ങളുടെ മുൻപിൽ വച്ചിരിക്കുന്ന പരിപാടികൾ നടപ്പിലാക്കാൻ അദ്ദേഹത്തിനു കഴിവുണ്ടോ എന്നു അറിയാൻ ഞങ്ങൾക്കു് അവകാശമുണ്ടു്. അതിനുമേലേ അദ്ദേഹത്തെ സഹായിക്കുന്ന കാര്യത്തിൽ അനുകൂലവാഗ്ദാനം നൽകാൻ ഞങ്ങൾക്കു സാധിക്കുകയുള്ളു. എന്റെ സ്നേഹിതൻ ശ്രീ. ദിവാകരൻ പറഞ്ഞതുപോലെ, ഒരു പാർട്ടി ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിവുള്ളവരാണോ, പാർട്ടി ജനങ്ങളുടെ മുൻപിൽ വച്ചിരിക്കുന്ന പരിപാടികൾ നടപ്പിലാക്കാൻ കഴിവുള്ളവരാണോ എന്നു തീരുമാനിക്കുന്നതിനു് ആ പാർട്ടി ഏതു വശത്തിൽ നിന്നാണു് ശക്തി സംഭരിച്ചിരിക്കുന്നതെന്നു നോക്കേണ്ടതുണ്ടു്. അതറിയുന്നതിനു വേണ്ടി ശ്രീ. പട്ടം താണുപിള്ള ഒരു വിശ്വാസപ്രമേയം

ഇവിടെ അവതരിപ്പിക്കേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ പാർട്ടിയുടെ മിത്രങ്ങൾ ആരാണെന്ന് അറിയേണ്ടതുണ്ട്. അദ്ദേഹത്തിന്റെ മിത്രങ്ങളെ വെളിയിലറിയിക്കാൻ അദ്ദേഹം മടികാണിക്കുന്നുണ്ട്. മിത്രങ്ങളെ വെളിയിൽ അറിയിക്കാൻ മടിക്കുന്നത് വാസ്തവത്തിൽ ഭീരുക്കളല്ലേ? ഈ ഒളിച്ചു കളിയൊന്നും ഞങ്ങളുടെ മുൻപിൽ സാദ്ധ്യമല്ല. പൊതുജനങ്ങളുടെ മുൻപിലും സാദ്ധ്യമല്ല. ജനങ്ങൾക്കറിയാം, ആരാണ് പി. എസ്സ്. പി. യെ അധികാരത്തിൽ വാഴിച്ചതെന്ന്. ആരാണ് പി. എസ്സ്. പി. ക്ക് പിൻതുണ നൽകുന്നതെന്നും അവക്കറിയാം. കഴിഞ്ഞ ആറു കൊല്ലങ്ങളായി നാടുമുടിച്ചു ഭരിച്ച കാൺഗ്രസ്സുകാരാണ് പി. എസ്സ്. പി. യെ അധികാരത്തിൽ വാഴിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഒരു സോഷ്യലിസ്റ്റ് മന്ത്രിസഭ ഭരണം ഏറ്റെടുത്തപ്പോൾ ജനങ്ങൾക്ക് ആഹ്ളാദം ഉണ്ടാകാതിരുന്നത്. ശ്രീ. ഏ. ജെ. ജാൺ ഒരു മന്ത്രിസഭ രൂപീകരിച്ച അവസരത്തിൽ കണ്ട ആഹ്ളാദത്തിന്റെ ഒരു ശതമാനം പോലും ഈ നാട്ടിൽ പി. എസ്സ്. പി. മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്ത ദിവസം കാണുകയുണ്ടായില്ല. കാരണം ജനങ്ങൾക്കറിയാം, അവർക്കു വേണ്ടി ഒന്നും ചെയ്യാൻ ഇപ്പോഴത്തെ ഈ മന്ത്രിസഭയ്ക്കു കഴിവില്ലെന്ന്. ഒരു ന്യൂനപക്ഷത്തെ അധികാരത്തിൽ കയററിവച്ച് പ്രതിപക്ഷത്തിന്റെ അധികാരംകൂടി കാൺഗ്രസ്സ് കൈയ്ക്കലാക്കിയിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ നേതാവിന് അദ്ദേഹത്തിന്റേതായ ഒരു ഭേദഗതി നയപ്രഖ്യാപന പ്രസംഗത്തിന് അവതരിപ്പിക്കാനില്ല. അദ്ദേഹം പ്രതിപക്ഷ നേതൃത്വത്തെ അവമാനിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ ഇവിടെ ജനാധിപത്യനടപടികളെയെല്ലാം നശിപ്പിക്കുവാൻവേണ്ടി നടത്തുന്ന ഗൂഢാലോചനകളുടെ ഭാഗങ്ങളാണിത്. എന്തുകൊണ്ട് ഭേദഗതി അവതരിപ്പിക്കണം എന്നൊരു ചോദ്യം വരുവാനിടയുണ്ട്. കാരണം മൗലികമായ യാതൊരു വ്യത്യാസവും നയപരിപാടികൾ തമ്മിൽ ഇല്ലെന്നുള്ളതാണ്. ഈ പരമാർത്ഥം ഇവിടെ ചിലർ ഇതിനകം സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. കാൺഗ്രസ്സ് പാർട്ടി വിപ്പായ ശ്രീ. കരുണാകരൻ ഇന്നു ചെയ്ത പ്രസംഗത്തിൽ അർത്ഥവത്തായ ഒരു പ്രസ്താവനയുണ്ടായിരുന്നു. കഴിഞ്ഞ ഗവണ്മെന്റ സ്വീകരിച്ച നടപടികൾ അതേപടി പി. എസ്സ്. പി. തുടരുന്നതുകൊണ്ടു അവർക്ക് ആശ്വാസം ഉണ്ടെന്നു ശ്രീ. കരുണാകരൻ പറയുകയുണ്ടായി. ശ്രീ. റഹിം പ്രസംഗിച്ചപ്പോൾ, പരിപാടികൾ എല്ലാം പഴയതുതന്നെ, പക്ഷെ സോഷ്യലിസ്റ്റ് ചായം മാത്രമെ പുരട്ടിയിട്ടുള്ളു എന്നു പ്രസ്താവിച്ചു. അതുകൊണ്ടാണ് പി. എസ്സ്. പി. പാർട്ടിയെപ്പററിഞങ്ങൾക്കു ആശങ്കയുള്ളത്. അതുകൊണ്ടുതന്നെയാണ് പി. എസ്സ് പി. ഗവണ്മെന്റിന് അഡ്വാൻസായി വാഗ്ദാനം ചെയ്യാനും നിവൃത്തിയില്ലാതിരിക്കുന്നത്. സർ, പരിപാടികൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ൧൯൫൭-ൽ കാൺഗ്രസ്സ് ചെയ്ത നയപ്രഖ്യാപനവും, ഇപ്പോൾ ൧൯൬൦-ൽ പി. എസ്സ്. പി. ചെയ്തിരിക്കുന്ന നയപ്രഖ്യാപനവും തമ്മിൽ ഒരു താരതമ്യപഠനം നടത്തേണ്ടതാണ്. വാക്കിനു വാക്ക്, വാചകത്തിനുവാചകം എന്നല്ലാതെ യാതൊരു വ്യത്യാസവുമില്ല. ഇങ്ങനെയുള്ള പരിപാടികൾ പി. എസ്സ്. പി. നടപ്പിലാക്കുമെന്നു വിശ്വസിക്കാൻ നിവൃത്തിയില്ല. അടിയന്തിരമായ ചില ആവശ്യങ്ങൾ ജനങ്ങൾക്കു ഇന്നുണ്ട്. ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതും പെട്ടെന്നു പരിഹാരം കിട്ടേണ്ടതുമായ ചില പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ഇടതുപക്ഷങ്ങൾക്കു അവർ വോട്ടു നൽകിയത്. അങ്ങനെയുള്ള അടിയന്തിരനടപടികൾ

[ശ്രീ. ടി. വി. തോമസ്]

നടപ്പിലാക്കാൻ എന്തുകൊണ്ട് സോഷ്യലിസ്ററുകാർ തയ്യാറാകുന്നില്ല? ൪൮ മണിക്കൂറിനുള്ളിൽ യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ലെന്നു ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ൪൮ മണിക്കൂറിനുള്ളിൽ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന പരിപാടികൾ നടപ്പിലാക്കാൻ ഒരു സർക്കാരിനു സാദ്ധ്യമല്ലെന്നു പറഞ്ഞാൽ അതു വിശ്വസിക്കാൻ ഞങ്ങൾ തയ്യാറില്ല. ഇന്നു കൃഷിക്കാരൻ അക്രമപ്പാട്ടംകൊണ്ടും ഭാരിച്ച കടബാദ്ധ്യതകൊണ്ടും വിഷമിക്കുകയാണ്. ഒരു പി. എസ്സ്. പി. നേതാവായിരുന്ന പിരിഞ്ഞു പോയ ശ്രീ. പ്രകാശം പോലും കൃഷിക്കാർക്ക് ഒരു മാറിട്ടോറിയം ഡിക്ലയർ ചെയ്യാൻ പോകുന്നു. അടിയന്തിരമായി കൃഷിക്കാർക്ക് ആശ്വാസം കൊടുക്കാതെ, സർക്കാരിനെ അവർ പിൻതാങ്ങുകയില്ല. ആ നിലയിൽ കൃഷിക്കാരെ പ്രതിനിധീകരിക്കുന്ന പാർട്ടിയും, ഈ സർക്കാരിനെ പിൻതാങ്ങാൻ ബാദ്ധ്യസ്ഥരല്ല. അതുപോലെതന്നെ തൊഴിലാളികൾക്ക് ആശ്വാസംകൊടുക്കാൻ ഗവണ്മെൻറ് എന്തുനടപടി സ്വീകരിച്ചിട്ടുണ്ട്? കർഷകത്തൊഴിലാളികൾക്ക് മിനിമം വേജസ്സ് കമ്മിററികൾ നിയമിച്ചിട്ടുണ്ടെന്നു പറയുന്നു. മൂന്നു മാസത്തിനു മുൻപുതന്നെ പഴയ സർക്കാർ നിയമിച്ച കമ്മിററിയാണ്. ഒരു യോഗംപോലും ഇതുവരെ കൂടിയിട്ടില്ല. ഏഴോ എട്ടോ കമ്മിററി റിപ്പോർട്ടുകൾ സിക്രട്ടേറിയേററിലെ ഫയലുകളുടെ കൂട്ടത്തിൽ തീരുമാനമുണ്ടാകാതെ കിടക്കുകയാണ്. കാൺഗ്രസ്സ് സർക്കാർ സൃഷ്ടിച്ചുവിട്ട തൊഴിലാളിവിരുദ്ധനയത്തെപ്പററി ഈ സർക്കാരിനു ഒന്നും പറയാനില്ല. തൊഴിലാളികളുടെ മൗലികമായ അവകാശങ്ങൾപോലും അനുവദിക്കാൻ ഗവണ്മെൻറു തയ്യാറാകുന്നില്ല. ട്രെയിഡ് ഡിസ്പ്യൂട്സ് ആക്ററു അനുസരിച്ചുള്ള ആനുകൂല്യങ്ങൾപോലും തൊഴിലാളികൾക്ക് ലഭിക്കാൻ അനുവദിക്കുന്നില്ല. കൂടാതെയും കരിങ്കാലി സംഘടനകൾ സൃഷ്ടിക്കുകയാണ് സർക്കാർ ചെയ്തുവരുന്നതും. മദ്യനിരോധനത്തെ സംബന്ധിച്ചു ധനകാര്യമന്ത്രി ഇന്നത്തെ ചോദ്യോത്തര വേളയിൽ അഭിമാനം കൊള്ളുകയാണ്. മദ്യനിരോധനംമൂലം തൊഴിലില്ലാതായവർക്ക് സഹായം ചെയ്യുന്നതാണെന്നദ്ദേഹം പറഞ്ഞു. കരുപ്പെട്ടി വ്യവസായവികസനത്തിനു വേണ്ട നടപടികൾ നടത്തുന്നുണ്ടെന്നും പറഞ്ഞു. എന്നാൽ വ്യവസായത്തിൻെറ ഇന്നത്തെ സ്ഥിതി എന്താണ്. ആ വ്യവസായം ഇപ്പോൾ വളരെ അധഃപ്പതിച്ചിരിക്കുകയാണ്. ഒരു റാത്തൽ കരുപ്പെട്ടിക്ക് ൮ അണ വിലയുണ്ടായിരുന്നതിപ്പോൾ 3½ അണ വരെയായി കുറഞ്ഞിട്ടുണ്ട്. അവർക്ക് ആവശ്യമുള്ള വിറകുപോലും നൽകി വരുന്നില്ല. ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്നു നയപ്രഖ്യാപനത്തിൽ കാണുന്നില്ല.

ഇനി ൧൯൫൨-ൽ ഇവിടെ നടന്ന ഒരു രംഗത്തെപ്പററിയാണ് എനിക്കു പറയാനുള്ളത്. നമ്മുടെ സംസ്ഥാനം പാർട്ട (ബി) യായിരിക്കുന്നതിൽ അന്നത്തെ ഗവണ്മെൻറിനോട് രോഷംകൊണ്ട ശ്രീ. പട്ടം താണുപിള്ളയാണ് ഇന്നത്തെ മുഖ്യമന്ത്രിയായിരിക്കുന്നത്. പക്ഷെ ഇന്നു ഈ സംസ്ഥാനത്തെ പാർട്ട് 'എ' യിൽ ഉൾപ്പെടുത്താൻ യാതൊരു നിർദ്ദേശവും അദ്ദേഹത്തിൻെറ ഗവണ്മെൻറിൻെറ നയപ്രഖ്യാപനത്തിൽ കാണുന്നില്ല. അതിനു കാരണം കാൺഗ്രസ്സിൻെറയും പി. എസ്സ്. പി. യുടെയും പരിപാടികൾ തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടായിരിക്കാത്തതല്ലേ. പക്ഷെ, ഇവർ ഒരു പുതിയ ഭരണകൂടം സൃഷ്ടിക്കുകയാണെന്നു പറഞ്ഞു;

ചരിത്രം സൃഷ്ടിക്കുന്ന ഭരണകൂടം. പഴയ ഭരണകൂടത്തെ പശ്ചാത്തലത്തിലാക്കിയവർ. പഴയ ഭരണകൂടത്തോടു രോഷം കാണിക്കാത്ത ആളുകൾ പുതിയ ഭരണകൂടത്തിന്റെ സംവിധാനക്കാരാകുകയില്ല.

വയലാർ—പുന്നപ്ര കേസിലെ ധീരന്മാരായ, ദേശാഭിമാനികളായ പ്രതികളിൽ പലരും ഇന്നും ഇരുമ്പഴികൾക്കുള്ളിലാണ്. ജനായത്ത ഭരണം കൈവരുത്താൻ, ഏകാധിപത്യഭരണം ബഹിഷ്ക്കരിക്കാൻ, രാജവാഴ്ച അവസാനിപ്പിക്കുവാൻവേണ്ടി സമരം നടത്തിയ ധീരദേശാഭിമാനികളാണവർ. പഴയ ഗവണ്മെൻറിനോട് രോഷമുള്ളവരാണ് ഇപ്പോഴത്തെ ഭരണാധികാരികളെങ്കിൽ എന്തുകൊണ്ട് പഴയ ഭരണകൂടത്തെ തകർത്തവരെ ആദരിക്കാത്തതു്—മാനിക്കാത്തതു്. വയലാർ—പുന്നപ്ര കേസിൽപ്പെട്ട രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കുന്ന കാര്യത്തെപ്പറ്റി ഈ പ്രഖ്യാപനപ്രസംഗത്തിൽ സൂചിപ്പിച്ചില്ല?

ഈ ഗവണ്മെൻറ് രാജ്യക്ഷേമത്തെ മുൻനിറുത്തി, അതായതു് പൊതുജനങ്ങളുടെ ആവശ്യങ്ങൾ അതർഹിക്കുന്ന വിധത്തിൽ സംരക്ഷിക്കാൻ തയ്യാറില്ലെങ്കിൽ, അതിനു പ്രാപ്തിയില്ലെങ്കിൽ അവരോടു പ്രതികാരം ചോദിക്കാൻ ചരിത്രം കാത്തിരിക്കുകയാണ്. അതിനവർ തയ്യാറാണെങ്കിൽ ഞങ്ങളുടെ സഹകരണമുണ്ടാകുന്നതാണ്. അതുകൊണ്ടു് രാജപ്രമുഖന്റെ പ്രസംഗത്തെ സംബന്ധിച്ചിടത്തോളം ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൾ ഈ സഭയുടെ സർവ്വാത്മനാ ഉള്ള അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുന്നു. ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാരും അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, രണ്ടുകൊല്ലം മന്ത്രിയായിരുന്നതിനുശേഷം ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പറിന്റെ ആക്രമണത്തിൽനിന്നും ഇനിയെങ്കിലും രക്ഷപ്പെടാമെന്നു വിചാരിച്ച് ശാന്തനായി, നിശബ്ദനായി യാതൊരു വിധത്തിലുമുള്ള കുഴപ്പങ്ങൾക്കും ഒരുക്കമില്ലാതെ ഒതുങ്ങി ഒരു മൂലയിലിരിക്കുമ്പോൾ അദ്ദേഹം പിന്നെയും എന്റെ നേരെ അക്രമത്തിനു വരുകയാണുചെയ്യുന്നതു്. പൊതുതെരഞ്ഞെടുപ്പു കഴിഞ്ഞശേഷം പ്രധാനമന്ത്രിയാകാൻ കൊതിച്ച അദ്ദേഹം അതു സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ ഇവിടത്തെ പ്രതിപക്ഷനേതാവിന്റെമേൽ ഒരു അവിശ്വാസപ്രമേയം ഹാജരാക്കാൻ വല്ല നിയമവും ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ഒരു അവിശ്വാസപ്രമേയം കൊണ്ടുവന്നു് വാദപ്രതിവാദം നടത്തുമായിരുന്നു. പക്ഷെ അതിനൊന്നും യാതൊരു വഴിയുമില്ലാതെ ദുഃഖിക്കുകയാണ്. "പാപിചെല്ലുന്നിടമെല്ലാം പാതാളം" എന്നു പറഞ്ഞതുപോലെ, ഞാൻ എവിടെ ചെന്നാലും അവിടെയൊക്കെ ടി. വി. തോമസും വന്നുകേറുന്നുണ്ടു്. ഞാൻ അദ്ദേഹത്തോടു പറയുന്നു, അദ്ദേഹത്തിന്റെ അക്രമാസക്തി വച്ചുപുലർത്താതെ കൈവെടിയുന്നതു് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും ശ്രേയസ്കരമാണെന്നു്. ശ്രീ. തോമസ്സ് പരിഭവിക്കേണ്ട, നേരംപോക്കായി ഞാനിതു പറഞ്ഞുവെന്നേയുള്ളൂ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഇതുപോലെയുള്ള നേരംപോക്കു പറയാനും കൂടി സമയം അനുവദിക്കാമോ?

മി. സ്പീക്കർ: ഇങ്ങനെയുള്ള നേരമ്പോക്കുകൾ അനുവദനീയമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, നിയമസഭയിലെ പ്രതിപക്ഷസ്ഥാനം തട്ടിയെടുക്കാൻ കാൺഗ്രസ്സുപാർട്ടി ശ്രമിച്ചു വരുന്നു എന്ന് ആലപ്പുഴ രണ്ടാംനിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട മെമ്പറെപ്പോലെതന്നെ വേറെ ചില മെമ്പറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. അങ്ങനെ ആവർത്തിച്ചാവർത്തിച്ച് ആരോപണങ്ങൾ കാൺഗ്രസ്സ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുണ്ട്. ഈ ആരോപണങ്ങളെ സംബന്ധിച്ചു ചിന്തിക്കുകയാണെങ്കിൽ ഇന്നത്തെ ഗവണ്മെൻറിനു എതിരായോ അല്ലെങ്കിൽ ഇന്നത്തെ ഗവണ്മെൻറിനെ അവഹേളിക്കാനോ ഉള്ള ഒരു നയം ഇതിൽ അടങ്ങിയിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നതു്.

രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിലെ ഉള്ളടക്കം പട്ടം ഗവണ്മെൻറിൻെറ നയപ്രഖ്യാപനമാണ്. കുറെ നല്ല കാര്യങ്ങൾ ആ നയപ്രഖ്യാപനത്തിൽ ഉൾക്കൊള്ളുന്നുണ്ട്. അതേ കാര്യങ്ങൾതന്നെ ഇതിനു മുൻപിലത്തെ ഭരണകക്ഷിയായ കാൺഗ്രസ്സ് ഗവണ്മെൻറിൻെറ നയപ്രഖ്യാപനപ്രസംഗങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുള്ളതുകൊണ്ട് ഈ നയപ്രഖ്യാപനം ഒരിക്കലും നല്ലതല്ലാതായിത്തീരുകയില്ല. പാർട്ടിയുടെ നയപ്രഖ്യാപനം പാർട്ടിയുടെ പേരിനെ ആസ്പദമാക്കിയായാലും, അതല്ല ജനങ്ങളുടെ അഭിലാഷത്തിനു അനുയോജ്യമായിട്ടായാലും സ്വാഗതാർഹമാണ്. നാട്ടിലെ ജനങ്ങൾക്ക് ആഹാരവും തൊഴിലും മററു ജീവിതോപായത്തിനുള്ള സാദ്ധ്യതകളും നൽകേണ്ടതു് ഒരു ഗവണ്മെൻറിൻെറ കടമയാണ്. അവയെപ്പററിയാണ് നയപ്രഖ്യാപനത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്. വളരെ പണച്ചിലവുകൂടിയതും ഭാരമേറിയ ചുമതലയുള്ളതുമായ ഒരു തെരഞ്ഞെടുപ്പു കഴിഞ്ഞശേഷം കാൺഗ്രസ്സിനെപ്പോലെയുള്ള ഒരു പാർട്ടി ആലോചിച്ചതു്, വീണ്ടും രാജ്യത്തു് കുഴപ്പവും അനിശ്ചിതാവസ്ഥയും വരുത്തണമോ അതോ പൊതുജനങ്ങളുടെ അഭിലാഷമനുസരിച്ചു് ഒരു സുസ്ഥിരമായ ഭരണക്കൂടം ഉണ്ടാക്കുകയാണോ വേണ്ടതു് എന്നുള്ള പ്രശ്നത്തിലേയ്ക്കു കടന്നതിൻെറ ഫലമായിട്ടാണ് കാൺഗ്രസ്സ് പാർട്ടിയുടെ പിൻതുണയോടുകൂടി കേവലം പത്തൊൻപതംഗങ്ങൾ മാത്രമുള്ള ഒരു ന്യൂനപക്ഷപാർട്ടി ഭരണം ഏറെറടുക്കാൻ കാരണമായിട്ടുള്ളതു്. പക്ഷെ എൻെറ എളിയ അഭിപ്രായത്തിൽ ഈ രാജ്യത്തെ പ്രായപൂർത്തിവോട്ടവകാശവും ഉത്തരവാദഭരണവും വന്നതോടുകൂടി സാവകാശത്തോടും സമാധാനത്തോടുംകൂടി ഒരു ഭരണം നടത്താൻ ഒരു ഗവണ്മെൻറിനും ഇതുവരെ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. കാൺഗ്രസ്സ പാർട്ടി ഭരിച്ചകാലത്തു് അതിനെതിരായി ഉത്തരവാദബോധമില്ലാത്ത പല പാർട്ടികളും നിയമസഭയ്ക്കകത്തും പുറത്തും തല ഉയർത്തിയിരുന്നു. നിയമസഭയ്ക്കകത്തുള്ള പാർട്ടി അന്ന് കേവലം എതിർപ്പിനുവേണ്ടി എതിർക്കുകമാത്രമാണ് ചെയ്തിരുന്നതു്. ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ മാത്രമല്ല അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട പല മെമ്പറന്മാരും ഇതേ നയം തന്നെയാണ് പ്രകടിപ്പിച്ചിരുന്നതു്. ഭരണപരമായ കാര്യങ്ങൾക്ക് നിയമസഭയിൽ ഒരു എതിർപാർട്ടി അത്യാവശ്യമാണ്. രാജ്യഭരണം സുശക്തമാക്കുകയാണ് ഒരു പ്രതിപക്ഷപാർട്ടിയുടെ കടമ. അതുകൊണ്ടാണ് സഹാനുഭൂതിയോടുകൂടിയ ഒരു എതിർപ്പ് ശ്രീ. പട്ടം താണുപിള്ളയുടെ ഗവണ്മെൻറിനു ഉണ്ടാകട്ടെ എന്ന് കരുതിയതു്. രാജപ്രമുഖൻെറ പ്രസംഗത്തിലടങ്ങിയിട്ടുള്ള നല്ല കാര്യങ്ങൾ ചെയ്യുന്നതിന് ഗവണ്മെൻറിനോടൊപ്പം വേണ്ട സഹകരണങ്ങൾ ചെയ്യാൻ

ഞങ്ങളും തയ്യാറാണ്. എന്നാൽ കാൺഗ്രസ്സ് ഈ രാജ്യം ഭരിച്ചകാലത്ത് സഹാനുഭൂതിയോടുകൂടിയുള്ള ഒരു എതിർകക്ഷിയെ കിട്ടാൻ കഴിഞ്ഞിട്ടില്ലായിരുന്നു. ഇന്നങ്ങനെയല്ല. സഹാനുഭൂതിയോടുകൂടിയുള്ള ഒരു എതിർപ്പാണ് ഇന്നത്തെ ഭരണകക്ഷിക്കു കിട്ടുന്നതു്. രാജപ്രമുഖന്റെ പ്രസംഗത്തിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ ഓരോന്നോരോന്നായി എടുത്തു പരിശോധിക്കുന്നപക്ഷം അതിൽ അടങ്ങിയിട്ടില്ലാത്ത പല കാര്യങ്ങളും രാജ്യത്തു് ചെയ്യേണ്ടതായിട്ടുണ്ട്. പക്ഷെ അതിനെപ്പററി ഒന്നും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. കാര്യങ്ങൾ ശരിക്കുമനസ്സിലാക്കി അവ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നു് ജനങ്ങൾക്കു് കാണിച്ചുകൊടുക്കാനുള്ള ഒരു സാഹചര്യമാണ് ഗവണ്മെൻറ് ഉണ്ടാക്കേണ്ടതു്. അല്ലെങ്കിൽ ആ ഭരണം ഒരിക്കലും വിജയിക്കുകയില്ല. ഭരണം വിജയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമാണ് ശ്രീ. ടി. വിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ "ജനങ്ങളാൽവെറുക്കപ്പെട്ട കാൺഗ്രസ്സ്" ഇന്നു് ഈ നിലപാടു് സ്വീകരിക്കാൻ തയ്യാറായതു്. കാൺഗ്രസ്സ് അവരുടെ ഭരണകാലത്തു് പല നന്മകളും രാജ്യത്തു ചെയ്തിട്ടുണ്ട്. അവ ഓരോന്നായി എടുത്തു പറയണമെന്നു് വിചാരിക്കുന്നില്ല. എന്നിട്ടും ശ്രീ. ടി. വി. തോമസ് "ജനങ്ങളാൽ വെറുക്കപ്പെട്ട കാൺഗ്രസ്സ്" എന്നു് നിന്ദാഗർഭമായ രീതിയിൽ കാൺഗ്രസ്സിനെ കുററപ്പെടുത്തുമ്പോൾ നിന്ദാഗർഭമായ ഒരു പുഞ്ചിരിയാണ് എനിക്കുണ്ടാകുന്നതു്. ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു പാർട്ടിയാണോ കാൺഗ്രസ്സ് എന്നുള്ളതു് ഈ കഴിഞ്ഞ തിരഞ്ഞെടുപ്പു കൊണ്ടു മനസ്സിലാക്കാവുന്നതാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ആകെ നപ്പ ലക്ഷം ആളുകൾ വോട്ടുചെയ്തപ്പോൾ കാൺഗ്രസ്സിനു കിട്ടിയതു് പതിനേഴലക്ഷവും ഐക്യമുന്നണിക്കു് കിട്ടിയതു് അതിൽ കുറവുമായിരുന്നു. അതായതു് അഞ്ചും ആറും ലക്ഷം വീതം ഓരോ പാർട്ടിക്കും കിട്ടിയിട്ടുള്ള വോട്ടിനെക്കാൾ കൂടുതലായിരുന്നു കാൺഗ്രസ്സിനു കിട്ടിയിട്ടുള്ളതെന്നു കാണാവുന്നതാണ്. ആ സ്ഥിതിക്കു് കാൺഗ്രസ്സ് പാർട്ടി ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു പാർട്ടി അല്ലെന്നു തെളിഞ്ഞുകഴിഞ്ഞു. അല്പം മുൻപു് ശ്രീ. ബാലകൃഷ്ണൻതന്നെ പറയുകയുണ്ടായി, അദ്ദേഹം വിജയിയായതു് പി. എസ്സ്. പി. യുടെയും, ഐക്യമുന്നണിയിലുള്ള മററു് പാർട്ടിയുടെയും സഹായത്തോടുകൂടിയായിരുന്നു എന്നു്. ഇങ്ങനെ ഓരോ പാർട്ടിയും പരസ്പരം സഹായപ്രവർത്തനം ചെയ്തതിന്റെ ഫലമായിട്ടാണു് ഐക്യമുന്നണിക്കു് ഇത്രമാത്രം വോട്ടുകൾ കിട്ടിയിട്ടുള്ളതു്. അതിനേക്കാൾ കൂടുതലായി, ഒരു പാർട്ടിയുടെയും സഹായം കൂടാതെ കാൺഗ്രസ്സിനു് വോട്ടു് കിട്ടിയിട്ടുണ്ടെന്നു പറയുമ്പോൾ അതു ഞാൻ ഒരു അവകാശവാദത്തിനുവേണ്ടി ഉദ്ധരിക്കുകയാണെന്നു കരുതേണ്ട. ഇപ്പോൾ വെറും പത്തൊൻപതംഗങ്ങൾ മാത്രമുള്ള സോഷ്യലിസ്റ്റ് പാർട്ടിക്കു് ഭരണപരമായി General and responsive co-operation നൽകാൻ വാഗ്ദാനം ചെയ്തിട്ടുള്ളതു്, ആലപ്പുഴ മെമ്പർ പറയുന്നതുപോലെ ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു പാർട്ടിയല്ല ഇതു്. നേരെ മറിച്ചു് തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്ത വോട്ടിന്റെ ൪൧ ശതമാനം വോട്ടുകിട്ടാൻ സാധിച്ച ഒരു പാർട്ടിയാണ് കാൺഗ്രസ്സ് പാർട്ടി. ഇനിയെങ്കിലും ബഹുമാനപ്പെട്ട മെംബർ നിന്ദാസൂചകമായി ഉപയോഗിച്ചിട്ടുള്ള ഈ പദം പിൻവലിക്കുമെന്നു വിശ്വസിക്കുന്നു. ഞങ്ങൾ ഇപ്രകാരം ചെയ്തിട്ടുള്ള വാഗ്ദാനത്തിൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

നിങ്ങൾക്ക് പരിഹാസത്തിനോ അപഹാസത്തിനോ വകയുണ്ടെന്നു തോന്നുന്നില്ല. അഥവാ ഉണ്ടെങ്കിൽതന്നെയും എനിക്കതിൽ അത്ഭുതവുമില്ല.

ബഹുമാനപ്പെട്ട ഇളംകുളം മെമ്പർ വളരെ ആലങ്കാരികമായ ഭാഷയിലും ശൈലികളിലും പറയുകയുണ്ടായി, കാൺഗ്രസ്സാകുന്ന നായകൻ പി. എസ്സ്. പി. ആകുന്ന നായികയെ തട്ടിക്കൊണ്ടുപോയി എന്ന്. അതേ സമയത്ത് എനിക്ക് പറയുവാനുള്ളത് ശ്രീ. എം. പി. മേനവൻ ആകുന്ന കാന്തനെ കാത്ത് ശിംശപാവൃക്ഷച്ചുവട്ടിലെ സീതയെപ്പോലെ ദുഃഖിതയായി കഴിയുകയാണോ ശ്രീ. പട്ടം താണുപിള്ളയെന്ന് അദ്ദേഹം തന്നെ വിശദീകരിക്കട്ടെ. യഥാർത്ഥത്തിൽ അദ്ദേഹം വിരഹദുഃഖം അനുഭവിക്കുകയാണെങ്കിൽ കാന്തനോടുകൂടി പോകുന്നതിന് യാതൊരു തടസ്സവുമില്ലെന്നുള്ളതാണ് ശിംശപാവൃക്ഷത്തിന്റെ പ്രത്യേകത എന്നുകൂടി ഈ അവസരത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

കഴിഞ്ഞ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഇന്നലെ ഇവിടെ ചില മെമ്പർമാർ അഭിപ്രായപ്പെടുകയുണ്ടായി, നിയമസഭ പിരിച്ചുവിട്ടതിനും അതിനെ തുടർന്ന് ഒരു തിരഞ്ഞെടുപ്പ് ഉണ്ടായതിനും മറ്റും ഉത്തരവാദി കാൺഗ്രസ്സാണെന്ന്. ആ അഭിപ്രായം സ്വീകരിക്കുന്നു. അതേ അവസരത്തിൽ ഭൂരിപക്ഷമില്ലാത്ത ഗവണ്മെന്റ് ഭരണം തുടരുന്നത് ജനായത്ത സിദ്ധാന്തത്തിനു വിരുദ്ധമാണെന്നും അതുകൊണ്ട് ഒരു തിരഞ്ഞെടുപ്പ് അത്യാവശ്യമാണെന്നും എല്ലാവരും സമ്മതിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. തിരഞ്ഞെടുപ്പു കഴിഞ്ഞശേഷം കാൺഗ്രസ്സിന് തികഞ്ഞ ഭൂരിപക്ഷം ലഭിക്കാത്തതുകൊണ്ട് പിൻമാറുകയും ചെയ്തു. എന്നാൽ ഒന്നിരാടം തവണ ഇവിടെ ഒരു മന്ത്രിസഭ രൂപീകരിക്കാതിരിക്കുന്നതിനും അതുപോലെ ഭാരിച്ച ചെലവുകൾചെയ്ത് ഒരു തിരഞ്ഞെടുപ്പ് ഉണ്ടാകാതിരിക്കുന്നതിനും കേന്ദ്രത്തിൽനിന്നും നിയമിതനാകുന്ന ഒരു പ്രസിഡന്റിന്റെ കീഴിൽ രാജ്യഭരണം കൊടുക്കാതിരിക്കുന്നതിനും ഗവണ്മെന്റിന്റെ നയപ്രഖ്യാപനമനുസരിച്ച് സുഗമമായ ഒരു ഭരണം നടത്താനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ് എന്റെ പാർട്ടിയുടെ നില. അതുകൊണ്ടാണ് ഒരു General and responsive co-operation ഞങ്ങൾ വാഗ്ദാനം ചെയ്തിട്ടുള്ളത്. ഇതിൽ കല്ലേറ നടത്താനുള്ള സൗകര്യം ഉണ്ടെന്നു തോന്നുന്നില്ല. പക്ഷെ ആലപ്പുഴ മെമ്പറിനു ഉണ്ടായിട്ടുള്ള ഇച്ഛാഭംഗത്തിന്റെ പശ്ചാത്തലത്തിൽ ഇനിയും ആരോപണങ്ങളും അവഹേളനങ്ങളും തുടരുകയാണെങ്കിൽ—അധികാരത്തിൽനിന്നും വാപിട്ടുമാറി ജനായത്തതത്വമനുസരിച്ച് രാജ്യത്തെ ഒരു ശാശ്വത ഭരണസമ്പ്രദായം രൂപീകരിക്കുന്നതിനുവേണ്ടി സഹായഹസ്തം നീട്ടുന്ന ഈ അവസരത്തിൽ ഞാൻ മുൻപുപറഞ്ഞ ആരോപണങ്ങളിൽനിന്നും അവഹേളനങ്ങളിൽനിന്നും ഞങ്ങളെ ഒഴിവാക്കണമെന്ന് ഒരഭ്യർത്ഥനയുണ്ട്. അതല്ല, ഇനിയും ഞങ്ങളുടെ നേരെ തോക്ക് ഒഴിക്കാൻ തുടങ്ങുകയാണെങ്കിൽ അതുപോലുള്ള തോക്കുകൾ ഇപ്പുറത്തും ഉണ്ടെന്നും അതായത് രാജ്യത്തെ ജനങ്ങളുടെ ഒരു നല്ല ശതമാനം പിൻതുണയുള്ള ജനങ്ങളുടെ മഹത്തായ വിശ്വാസം ആർജ്ജിച്ചിട്ടുള്ളതാണ് ഈ കാൺഗ്രസ്സ് പാർട്ടിയെന്നും ഞാൻ അദ്ദേഹത്തെ സവിനയം അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സർ, പാർലമെൻററി സിസ്റ്റത്തിൻെറ ചരിത്രത്തിൽ മറെറവിടെയുമില്ലാത്ത പുതിയ പുതിയ വഴക്കങ്ങൾ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യയിൽ മറെറാരു സംസ്ഥാനത്തും ഇങ്ങനെ വഴക്കങ്ങൾ മാറിമാറി വരുന്നില്ല. അന്യരാജ്യങ്ങളിലും കണ്ടിട്ടില്ല, ഇത്രയും വഴക്കങ്ങൾ. ഏതായാലും നമ്മുടെ പുതിയ വഴക്കങ്ങളെക്കുറിച്ച് രാജപ്രമുഖൻെറ പ്രസംഗത്തിൽതന്നെ പറഞ്ഞുവയ്ക്കാമായിരുന്നു. ജെന്നിംഗ്സിനേയും മററും ആശ്രയിക്കാതെ, പിന്നീട് കാര്യങ്ങൾ നടത്തുവാൻ അതു് ഉപകരിച്ചേക്കും. ഇവിടത്തെ രാഷ്ട്രീയസംഭവവികാസങ്ങളിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു് ജനങ്ങളെ വഞ്ചിച്ചുകൊണ്ടുള്ള പവ്വർ പൊളിററിക്സിൻെറ ദശയിലാണ് നാമിന്നും ജീവിക്കുന്നതെന്നാണ്. ബുദ്ധിവഞ്ചന, ബൂർഷ്വാരാഷ്ട്രീയത്തിൻെറ ഏററവും കരുത്തേറിയ ആയുധമാണ്. ബുദ്ധിവഞ്ചനകൊണ്ട് ഇനിയും രാജ്യതാല്പര്യത്തെ വഞ്ചിക്കാമെന്ന് വ്യാമോഹിക്കുന്ന പല ബുദ്ധിമാന്മാരും ഇന്നിവിടെ ഉണ്ട്. ധിക്കാരത്തോടും അഹങ്കാരത്തോടുംകൂടി അവർ ഇപ്പോഴും ഇന്നാട്ടിലെ ജനങ്ങളെ വെല്ലുവിളിക്കുകയാണ്. ജനങ്ങളെ വെല്ലുവിളിച്ചതിൻെറ ഫലം ഒട്ടൊക്കെ കണ്ടുകഴിഞ്ഞു. ഇനിയും ജനഹിതത്തെ വഞ്ചിക്കുവാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിനുള്ള മറുപടി ജനങ്ങളിൽനിന്നുതന്നെ കിട്ടും. ഭാവിയുടെ ചുമരെഴുത്തുകൾ തെളിഞ്ഞുതെളിഞ്ഞു വരികയാണ്. ആ എഴുത്തുകൾ വായിച്ചു മനസ്സിലാക്കുന്നവർ കടുത്ത ബുദ്ധിവഞ്ചനയുടെ രാഷ്ട്രീയത്തിൽനിന്നും കഴിയുന്നതും വേഗത്തിൽ വിരമിക്കുന്നതു കൊള്ളാം. രാജപ്രമുഖൻെറ പ്രസംഗത്തിൽ പഴയ പ്രസംഗങ്ങളിൽ കാണാറുള്ളതിൽ കവിഞ്ഞു് യാതൊന്നും കണ്ടില്ല. വലിയ വലിയ വാഗ്ദാനങ്ങൾ കുറെ ഉണ്ട്. പക്ഷെ അതെല്ലാം കാൺഗ്രസ്സുകാരും ചെയ്തിട്ടുള്ളവയാണെന്ന് ഇവിടെ പ്രസംഗിച്ചു കാൺഗ്രസ്സുമെംബറന്മാർ എടുത്തു പറഞ്ഞിട്ടുണ്ട്. കാൺഗ്രസ്സ് ഗവണ്മെൻറിൻെറ തുടർച്ചയായിട്ടേ ഈ പുതിയ ഗവണ്മെൻറിനെ കാണാൻ കഴിയുന്നുള്ളു. പ്രസംഗത്തിൽ രാജപ്രമുഖൻ പറഞ്ഞിട്ടുള്ള നല്ല കാര്യങ്ങൾ നിർവ്വഹിക്കുവാൻ ഇന്നത്തെ ബഡ്ജററിൻെറ നാലതിരുകൾക്കുള്ളിൽ ഉറച്ചുനിൽക്കുന്ന ഒരു ഗവണ്മെൻറിനു സാദ്ധ്യമല്ല. ഗവണ്മെൻറിൻെറ കീഴിൽ നടക്കുന്ന എല്ലാത്തരം ഏർപ്പാടുകളിലും ഇടത്തട്ടുകാരുടെ മേൽകോയ്മയാണുള്ളതു്. ഇടത്തട്ടുകാരുടെ കൈയ്യിലേയ്ക്കു പകർന്നുപോകുന്ന കോടിക്കണക്കിനുള്ള ഉറുപ്പിക പിടിച്ചെടുക്കണമെങ്കിൽ ഒരു പുതിയ വീക്ഷണഗതിയും ഒരു പുതിയ കാര്യനിർവ്വഹണപരിപാടിയും ആസൂത്രണം ചെയ്യണം. അദ്ധ്വാനിക്കുന്ന ജനങ്ങളെ നേരിട്ടു വിശ്വസിച്ചുകൊണ്ടുള്ള വീക്ഷണഗതിയും പരിപാടിയും കൈക്കൊള്ളാത്തകാലത്തോളം ഇടത്തട്ടുകാർ വെട്ടിച്ചെടുക്കുന്ന വലിയ വലിയ സംഖ്യകൾ നികത്തി എടുക്കുവാൻ സാദ്ധ്യമല്ല. അതു് സാദ്ധ്യമല്ലെങ്കിൽ രാജപ്രമുഖൻെറ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള നല്ല കാര്യങ്ങൾ എങ്ങനെ നടക്കാനാണ്? ഞാൻ പറഞ്ഞ വീക്ഷണഗതിയും പരിപാടിയും ശ്രീ. പട്ടത്തിൻെറ ഗവണ്മെൻറിനുണ്ടാകുമെങ്കിൽ അന്ന് അദ്ദേഹത്തിൻെറ ഗവണ്മെൻറിനെ പിൻതാങ്ങേണ്ട കാര്യം ഞങ്ങളാലോചിക്കും.

സൌജന്യവിദ്യാഭ്യാസം കൊടുക്കുവാൻ പോകുന്നുവെന്ന് രാജപ്രമുഖൻെറ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതിലും അടിയന്തിരമായ സംഗതികൾ വിട്ടുകളഞ്ഞു എന്ന സംഗതി പോകട്ടെ. ഈ വിദ്യാഭ്യാസ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

പ്രശ്നത്തിൽത്തന്നെ ധൈര്യമായി കൈവയ്ക്കുവാൻ ശ്രീ. പട്ടത്തിനു കഴിയുമോ? നമ്മുടെ വിദ്യാഭ്യാസപ്രശ്നം ഒരു കടന്നൽക്കൂടാണ്. കാൺഗ്രസ്സ് ഗവൺമെൻറ് ഒരു പനമ്പിള്ളി പദ്ധതിയുമായി മുന്നോട്ടു വന്ന കഥ ഞാനോർക്കുന്നു. ആ പദ്ധതി നടപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ മന്ത്രിസ്ഥാനം രാജിവയ്ക്കുമെന്ന് ശ്രീ. പനമ്പിള്ളി പറഞ്ഞിരുന്നതാണ്. പദ്ധതി നടപ്പായില്ല. പനമ്പിള്ളി രാജിവച്ചുവോ ഇല്ലയോ എന്ന കാര്യം ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാമല്ലോ. ജനങ്ങളോടുത്തരവാദപ്പെട്ടു ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ നിക്ഷിപ്തതാൽപ്പര്യക്കാരുടെയും മററും ചരടുവലി നിമിത്തം പരാജയപ്പെടുകയാണെങ്കിൽ ആ ഇഷ്യുവിൻെറ പേരിൽ രാജിവച്ചിറങ്ങിപ്പോകാൻ ധൈര്യമുള്ള മന്ത്രിമാർ ഭരിക്കുന്ന കാലത്തേ രാജ്യഭരണം ഗുണപ്പെടുകയുള്ളു. നേരെമറിച്ച് അവനവൻെറ താൽപ്പര്യം നോക്കി ബുദ്ധിവഞ്ചനയുടെ രാഷ്ട്രീയവുമായി നടക്കുന്നവർ ജനങ്ങളെ രക്ഷിക്കാനുള്ളവരല്ല. ഏതായാലും ബുദ്ധിവഞ്ചനയുടെ പാരമ്പര്യത്തിൽനിന്നും, ഭഗവാനേ, ഈ രാജ്യം രക്ഷപ്പെടേണ്ടകാലം വല്ലാതെ വൈകിയിരിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുകയാണ്:

Add-

"But regret to note that Your Highness's Government, besides being vague in the enunciation of policy on questions like prohibition, industries and public services, does not appear to give due importance to the implementation of the Five Year Plan, the Community Development programmes and National Extension Services."

സർ, ഈ ഭേദഗതിയെപ്പററി വല്ലതും പറയുന്നതിനുമുമ്പ് ഇവിടെ നടന്ന വാദപ്രതിവാദങ്ങളെപ്പററി ഒന്നുരണ്ടു വാക്കുകൾ പറയണമെന്നു വിചാരിക്കുന്നു. ഐക്യമുന്നണിനേതാക്കന്മാരും, പി. എസ്സ്. പി. നേതാക്കന്മാരുമായിട്ട് നടന്ന ഇവിടത്തെ വാദപ്രതിവാദം കണ്ടപ്പോൾ ഇവർക്കു വോട്ടുചെയ്ത ആളുകളെപ്പററി സഹതാപമാണു തോന്നിയതു്. ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതി ഇവിടെയുണ്ടാകുമെന്ന് കാൺഗ്രസ്സ് വളരെ നേരത്തെതന്നെ പറഞ്ഞിട്ടുള്ളതാണ്. അതായതു് ഐക്യമുന്നണിയും പി. എസ്സ്. പി. യും കൂടി ചേർന്ന് ഒരു ഭരണകൂടം സൃഷ്ടിക്കാൻ പോകുന്നില്ല, അതു നടക്കാൻ പോകുന്നില്ല എന്ന് കാൺഗ്രസ്സ് നേരത്തെതന്നെ പറഞ്ഞിട്ടുള്ളതാണ്. കാൺഗ്രസ്സിനെ പരാജയപ്പെടുത്തിയാൽ ഇവിടെ ഒരു ഉറച്ച ഗവൺമെൻറുണ്ടാക്കുവാൻ ഒരുകാലം സാധ്യമാകുകയില്ലെന്ന് കാൺഗ്രസ്സ് നേരത്തെതന്നെ പറഞ്ഞിരുന്നു. പക്ഷെ, കാൺഗ്രസ്സ്‌വിരുദ്ധമനോഭാവത്തോടുകൂടി രാജ്യത്തെ ജനങ്ങളിൽ ഒരു വിഭാഗം വോട്ടു ചെയ്തതിൻെറ ഫലമാണ് ഇന്നു ഇവിടെ കാണുന്ന ഈ കുഴപ്പങ്ങൾക്കു കാരണം. ഒരു വ്യക്തമായ മിനിമം പ്രോഗ്രാമോടുകൂടി തിരഞ്ഞെടുപ്പിനു മത്സരിച്ചില്ലെങ്കിൽ കാര്യങ്ങൾ ശരിയായി മുന്നോട്ടു പോകുകയില്ലെന്ന് പി. എസ്സ്. പി. യുടെ പ്രോഗ്രാം അറിഞ്ഞിരുന്ന, ഐക്യമുന്നണിയുടെ പ്രോഗ്രാം അറിയാമായിരുന്ന, കാൺഗ്രസ്സ് മുന്നറിവു നൽകിയിട്ടുണ്ടായിരുന്നു. പി. എസ്സ്. പി. യുടെയും ഐക്യമുന്നണിയുടെയും ആദർശങ്ങളുടെ

വൈരുദ്ധ്യത്തെ നേരേചൊവ്വേ കാണുന്നതിനുള്ള കണ്ണു് അവർക്കില്ലാതെ പോയി. ഐക്യമുന്നണിക്കാർ നിറുത്തിയ നാല്പത്തിയെട്ടുപേരും ജയിച്ചു വന്നിരുന്നാൽപോലും അവർക്കു് ഒരു ഭരണകൂടം സൃഷ്ടിക്കുവാൻ സാധിക്കുമായിരുന്നോ എന്നു് എനിക്കു് സംശയമാണു്.

ശ്രീ. ററി. കെ. ദിവാകരൻ: തീർച്ചയായും സാധിക്കും.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഞാൻ പറഞ്ഞതു് ഈ കാര്യങ്ങൾ മുമ്പുതന്നെ ആലോചിക്കണമായിരുന്നുവെന്നുമാത്രമാണു്. കാൺഗ്രസ്സിനെ പരാജയപ്പെടുത്തണമെന്നുള്ള മനോഭാവമുണ്ടായപ്പോൾ തന്നെ ഭരണപരമായ ഒരു മിനിമം പ്രോഗ്രാമിൽ എത്തിച്ചേർന്നിട്ടു് തിരഞ്ഞെടുപ്പിനു മത്സരിക്കേണ്ടതായിരുന്നുവെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. അങ്ങനെ ഒരു ഒത്തുതീർപ്പിലെത്താതെ, ജനങ്ങളെ അങ്ങനെ മനസ്സിലാക്കിയിട്ടു് ഇങ്ങനെയുള്ള ഒരു കുഴപ്പം സൃഷ്ടിക്കുന്നതു് ജനങ്ങളോടു ചെയ്തിട്ടുള്ള വാഗ്ദാനലംഘനമാണു്.

ശ്രീ. ടി. വി. താമസ്: ഒരു ചോദ്യം. കാൺഗ്രസ്സ് തോററു എന്നു പറയുന്നതു് ബുദ്ധിപൂർവ്വം ഉപയോഗിക്കുന്ന ഒരു വാക്കാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഞാൻ ആലോചിച്ചുതന്നെയാണു പറയുന്നതു്.

ശ്രീ. ടി. വി. താമസ്: അതല്ല, പ്രതിപക്ഷനേതാവു് കാൺഗ്രസ്സ് തോററില്ല എന്നു പറഞ്ഞു, അതുകൊണ്ടു ചോദിച്ചതാണു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അദ്ദേഹം കാൺഗ്രസ്സ് പാർട്ടി തോററില്ല എന്നു പറഞ്ഞില്ല, പക്ഷെ വെറുപ്പെട്ടിട്ടില്ല എന്നു മാത്രമേ പറഞ്ഞുള്ളു. ഏതായാലും ഈ വശത്തിരിക്കുന്നതുകൊണ്ടു് ജയിച്ചില്ല എന്നു സ്പഷ്ടമാണല്ലോ. ഇതിൽനിന്നും ഒരു ഗുണം കിട്ടിയിട്ടുണ്ടു്. ജനങ്ങൾ പാർട്ടിയെപ്പററിയും അവരുടെ വാഗ്ദാനങ്ങളെപ്പററിയും നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടെന്നും മേലാൽ അവർ ആലോചിച്ചു പ്രവർത്തിക്കുന്നതാണെന്നും നിശ്ചയമുണ്ടു്. സർ, ഇനി ഭേദഗതിയെപ്പററി രണ്ടുവാക്കു പറയാം. രാജപ്രമുഖൻെറ പ്രസംഗത്തിൽ ഇപ്പോഴത്തെ ഗവണ്മെൻറിൻെറ നയത്തെപ്പററി വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ലെന്നാണു മനസ്സിലാകുന്നതു്. പി. എസ്സ്. പി. ഗവണ്മെൻറ് ഇപ്പോൾ മാത്രമേ ചാർജ്ജെടുത്തിട്ടുള്ളു. അതുകൊണ്ടു് വ്യക്തമായി ഒന്നും പറയാൻ സാധിക്കുകയില്ല എന്നു പറയുന്നതു് അത്ര ശരിയല്ല. ഇത്തവണ ഷാപ്പുകൾ എല്ലാം ലേലം ചെയ്തുകൊടുത്തുപോയതുകൊണ്ടു് മദ്യനിരോധനം സംബന്ധിച്ചും വ്യക്തമായി ഒന്നും പറയുവാൻ സാധിക്കുകയില്ലെന്നു പറയുന്നതും ശരിയല്ല. ഈ ഗവണ്മെൻറിൻെറ നയം ഇന്നതായിരിക്കുമെന്നു് രാജപ്രമുഖൻെറ പ്രസംഗത്തിൽ പറയാമായിരുന്നു. വ്യാവസായികനയത്തെപ്പററിയാണെങ്കിൽ അതും അങ്ങനെതന്നെ. ഇവിടത്തെ പ്രൈവററ് എൻറർപ്രൈസ്സിനെ പ്രോത്സാഹിപ്പിക്കുകയാണോ അതോ വ്യവസായങ്ങളെ ദേശീകരിക്കുവാൻ പോകയാണോ എന്നൊന്നും വ്യക്തമായി പറഞ്ഞു കാണുന്നില്ല.

ഒരു വസ്തുതകൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. രാജപ്രമുഖൻെറ പ്രസംഗത്തിൽ പബ്ളിക്ക് സർവ്വീസിനെ സംബന്ധിച്ചു് ഒരു കാര്യം പ്രധാനമായി പറഞ്ഞിരിക്കുന്നു. അതായതു് ആൻറികറപ്ഷൻ ട്രിബ്യൂണൽ ഇവിടെ നിയമിക്കാൻപോകുന്നതായിട്ടു പറഞ്ഞിരിക്കുന്നു, അതിനു

[ശ്രീ. കളത്തിൽ വേലായുധൻനായർ]

ഇവിടെ സാംഗത്യമുണ്ടോ എന്നു സംശയമുണ്ടു്. ഗവണ്മെന്റിന്റെ നയം ഇന്നതായിരിക്കണമെന്നു് പ്രഖ്യാപിക്കണം. എന്നാൽ ഈമാതിരിയുള്ള നിയമനങ്ങളെപ്പററിയെല്ലാം പറയണമോ എന്നു എനിക്കു് സംശയമുണ്ടു്. രണ്ടാമതായി രാജപ്രമുഖന്റെ പ്രസംഗത്തിൽ ആന്റികറപ്ഷനെപ്പററിയുള്ള ഭാഗം കൊണ്ടുവരാൻതക്കവണ്ണം അത്ര കറപ്ഷൻ പബ്ലിക്ക്സർവ്വീസിൽ, ഉള്ളതായി തോന്നുന്നില്ല. അതുകൊണ്ടു തീരെ അഴിമതി ഇല്ലെന്നില്ല. ചില കൈയ്ക്കൂലികളും അഴിമതികളുമൊക്കെ കണ്ടേയ്ക്കും. മാത്രമല്ല, പബ്ലിക്ക്സർവ്വീസിൽ ഇന്നു കാണുന്ന അസംതൃപ്തിക്കു് പരിഹാരമുണ്ടാക്കാതെ അതായതു് താഴ്ന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുകയോ മററുതരത്തിലുള്ള പരിഷ്ക്കാരം നടപ്പിൽവരുത്തുകയോ ചെയ്യാതെ ആന്റികറപ്ഷൻ നടപ്പിൽവരുത്തും എന്നുമാത്രം പറഞ്ഞാൽ ഈ രാജ്യത്തു് അത്രയധികം അഴിമതിയുള്ളതായിട്ടു ചിലർ വിചാരിച്ചേയ്ക്കും.

ശ്രീ. ടി. കെ. ദിവാകരൻ: അതിൽ എക്സ്‌മന്ത്രിയെ ഒന്നും ഉൾപ്പെടുത്തുകയില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: തൊഴിലൊന്നും ചെയ്യാതെ തൊഴിലാളിനേതാക്കന്മാരെന്നു ഭാവിക്കുന്നവരെ ഉൾപ്പെടുത്തുകയാണെങ്കിൽ എക്സ്‌മന്ത്രിമാരെയും ഉൾപ്പെടുത്തുന്നതിനു വിരോധമില്ല. ഇവിടത്തെ ഉദ്യോഗസ്ഥന്മാരിൽ സെക്രട്ടറിമാരിൽതന്നെ ഐ. എ. എസ്സ്. എന്നും, അതല്ലാത്തവരെന്നും ഒരു തരംതിരിക്കൽ. അതിൽ ചിലക്കു് അസംതൃപ്തി ഉണ്ടു്. ഇവയെക്കുറിച്ചൊന്നും നയപ്രഖ്യാപനത്തിൽ പറഞ്ഞു കാണുന്നില്ല.

ഇന്നു വളരെ അധികം അവശതകൾ ഉദ്യോഗസ്ഥന്മാക്കുണ്ടു്. അവശതയനുഭവിക്കുന്ന സൂപ്രണ്ടന്മാരും ക്ലാക്കന്മാരും ഉണ്ടു്.
4 P.M. അവരുടെ കാര്യങ്ങളെപ്പററി ആലോചിച്ചു് അവരുടെ അവശതകൾ പരിഹരിക്കുന്നതിനു് ഒരു പേക്കമ്മീഷൻ നിയമിക്കേണ്ടതാണെന്നു രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു. അവരുടെ അവശതകളെപ്പററി അറിഞ്ഞു് അവരിൽ കറപ്ഷനുള്ള കാരണം അവക്കു് ജീവിതത്തിനു് ആവശ്യമായ ശമ്പളം കിട്ടാത്തതാണെന്നു മനസ്സിലാക്കി കറപ്ഷന്റെ കാര്യത്തിൽ നടപടി എടുത്തിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

ഇവിടത്തെ പഞ്ചവത്സരപദ്ധതിയെപ്പററി ഫൈനാൻസ്‌മിനിസ്റ്ററുടെ പ്രസംഗത്തിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ടു്. ഈ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി ഉയർത്തുന്നതു് ഇവിടത്തെ പഞ്ചവത്സരപദ്ധതിയാണെന്നുള്ളതിനു സംശയമില്ല. ചില കാര്യങ്ങളിൽ തൽക്കാലം നാം കഷ്ടപ്പെടുമെങ്കിലും നമ്മുടെ പഞ്ചവത്സരപദ്ധതി പൂർത്തിയാക്കിക്കഴിഞ്ഞാൽ രാജ്യത്തെ ജനങ്ങളുടെ ജീവിതത്തോതു ഉയർത്തുവാൻ കഴിയും. അതിനു് ഈ ഗവണ്മെന്റ് മനഃപൂർവ്വമായി പ്രവർത്തിക്കുന്നതാണെന്നു് ഈ നയപ്രഖ്യാപനത്തിൽ ഒന്നും പറഞ്ഞിട്ടില്ല. അതുപോലെ കമ്മ്യൂണിററി പ്രോജക്ററ് മുതലായി ജനക്ഷേമകരമായ ചില പ്രവർത്തനങ്ങൾ നമ്മുടെ രാജ്യത്തു നടക്കുന്നുണ്ടു്. ഗവണ്മെന്റിന്റെ പ്രവൃത്തികൊണ്ടു് മാത്രം ഈ രാജ്യത്തെ വിഭവങ്ങൾ വർദ്ധിപ്പിക്കുവാൻ സാദ്ധ്യമല്ല. അതിനു രാജ്യത്തെ ജനങ്ങളുടെ പ്രവൃത്തിയും സഹായസഹകരണവുംകൂടി ആവശ്യമാണു്. ജന

ങ്ങൾക്ക് ആവശ്യമായ റോഡുകളും കുളങ്ങളും ഇറിഗേഷൻതോടുകളും ജനങ്ങളുടെ സഹകരണത്തോടുകൂടി ഉണ്ടാക്കുന്ന ഏർപ്പാടുകളാണ് കമ്മ്യൂണിററിപ്രോജക്ററ് പ്രവർത്തനംകൊണ്ട് നടക്കുന്നത്. റോഡുകൾക്ക് ആവശ്യമുള്ള സ്ഥലം സൗജന്യമായി ജനങ്ങൾ വിട്ടുകൊടുത്ത് ജനക്ഷേമത്തിനു ജനങ്ങളെക്കൊണ്ടുകൂടി സഹകരിപ്പിച്ച് പ്രവർത്തിപ്പിക്കുന്ന ഒരു മനോഭാവത്തോടുകൂടിയാണ് കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനങ്ങൾ നടക്കുന്നത്. അതിനെക്കുറിച്ചൊന്നും ഈ നയപ്രഖ്യാപനത്തിൽ പറയാതിരുന്നത് ഒരു പക്ഷെ ഇവിടത്തെ ഇടതുപക്ഷനേതാക്കന്മാർ അതൊരു അമേരിക്കൻമോഡലാണെന്നും അമേരിക്കയുടെ സഹായംകൊണ്ടു ചെയ്യുന്ന ഏർപ്പാടാണെന്നും പറയുമെന്നു കരുതിയായിരിക്കുമെന്നു ഞാൻ കരുതുന്നു. ഈ രാജ്യത്തെ ആളുകളുടെ ക്ഷേമത്തിനുവേണ്ടി രാജ്യത്തെ ജനങ്ങളുടെ സഹായസഹകരണത്തോടുകൂടി ചെയ്യുന്ന; ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ചും നയപ്രഖ്യാപനത്തിൽ പറയേണ്ടതായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): സർ, രാജപ്രമുഖന്റെ പ്രസംഗത്തെപ്പററിയുള്ള വാദപ്രതിവാദത്തിൽ ഗവൺമെന്റിനു പല നിർദ്ദേശങ്ങളും നൽകിയ എല്ലാ ബഹുമാനപ്പെട്ട മെമ്പർമാർക്കും ഞാൻ ആദ്യമേ തന്നെ നന്ദി പറഞ്ഞുകൊള്ളുന്നു. ഈ വാദപ്രതിവാദത്തിൽ, യഥാർത്ഥത്തിൽ അസംഗതങ്ങളായി പല കാര്യങ്ങളും പ്രസ്താവിച്ചിട്ടുണ്ട്. സർ, കോൺസ്റ്റിററ്യൂഷൻ അനുസരിച്ച് രാജപ്രമുഖൻ ചെയ്യേണ്ട പ്രസംഗത്തിൽ നിയമസഭ വിളിച്ചുകൂട്ടിയിരിക്കുന്നതിന്റെ കാര്യത്തെപ്പററി പ്രസ്താവിക്കണമെന്ന് മാത്രമാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതായത്; ഈ ഗവൺമെന്റിന്റെ നയപരിപാടികൾ ഇന്നതാണ്, അടുത്ത ഒരു വർഷത്തേയ്ക്കു ഇന്നതൊക്കെയാണ് ഈ ഗവൺമെന്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്; എന്നുള്ളത് പ്രസ്താവിക്കുന്ന ഒരു പ്രസംഗമാണ് രാജപ്രമുഖന്റെ പ്രസംഗം. അതല്ലാതെ എന്തുകൊണ്ട് 'ഗവൺമെന്റ്' രൂപീകരിച്ചുവെന്നോ, ഗവൺമെന്റ് രൂപീകരിക്കുന്നതിൽ സ്വീകരിച്ച തത്വങ്ങൾ ഏതാണെന്നോ മററും ഉള്ള കാര്യങ്ങൾ ഒന്നുംതന്നെ ആ പ്രസംഗത്തിൽ പ്രസക്തമല്ല. എന്നാൽ പല കാര്യങ്ങളും ഇവിടെ പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്ക് ചുരുക്കത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

ഈ ഗവൺമെന്റ് ഇന്നു രൂപീകരിക്കാൻ ഇടയായ സാഹചര്യങ്ങൾ ഇവിടെയുള്ള ബഹുമാനപ്പെട്ട മെമ്പർമാർക്ക് എല്ലാം അറിയാം. എന്നാൽ ഐക്യമുന്നണിയുമായി ചേർന്ന് ഒരു ഗവൺമെന്റ് ഉണ്ടാക്കാത്തതിനെക്കുറിച്ചുള്ള രോഷമാണ് ഇന്നിവിടെ ഐക്യമുന്നണി മെമ്പർമാരുടെ പ്രസംഗങ്ങളിൽ നിന്നു കാണുവാൻ ഇടയായത്. അങ്ങിനെ ഒരു രോഷത്തിനു അവകാശമില്ലെന്നു ഞാൻ ആദ്യമേതന്നെ പറഞ്ഞുകൊള്ളുന്നു. ഐക്യമുന്നണിയുമായി യോജിച്ച് ഗവൺമെന്റുണ്ടാക്കിക്കൊള്ളാമെന്നുള്ള ഒരു വാഗ്ദാനം ഒരു കാലത്തും ഉണ്ടായിട്ടില്ല. അതാണ് പരമാർത്ഥം. ഇവിടെ ചില മെമ്പർമാർ പ്രസ്താവിച്ചതുപോലെ അതിനു അടിസ്ഥാനമായ ചില കാര്യങ്ങൾ നേരത്തെ തീരുമാനിച്ചിരുന്നെങ്കിൽ മാത്രമേ അങ്ങിനെയുള്ള ഒരു ഗവൺമെന്റ് ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യതപോലും ഉണ്ടാകയുള്ളു. കേവലം തിരഞ്ഞെടുപ്പിനുമാത്രം സ്വീകരിച്ച ഒരേർപ്പാടായിരുന്നു ഐക്യമുന്നണി—പി. എസ്സ്. പി. യോജിപ്പ്. യോജിച്ച് ഒരു ഗവൺമെന്റുണ്ടാക്കിയാൽകൊള്ളാമെന്നുള്ള ആഗ്രഹം ഐക്യമുന്നണിക്കാർക്ക് ഉണ്ടായിരുന്നു. എന്നാൽ എന്റെ പ്രസ്താവനകളിലെല്ലാം തിരഞ്ഞെടുപ്പു കഴിഞ്ഞിട്ട് ഒരു ഗവൺമെന്റ ഉണ്ടാക്കുവാൻ

[ശ്രീ. എ. താണുപിള്ള.]

വേണ്ട തീരുമാനം പി. എസ്സ്. പി. കൈക്കൊള്ളുന്നതാണെന്നു പറഞ്ഞിരുന്നു. പി. എസ്സ്. പി. ഒരു അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള പാർട്ടിയായതുകൊണ്ടു് ഇവിടത്തെ പാർട്ടിക്കു തനിച്ചു് ആ വക കാര്യങ്ങളിൽ ഒരു തീരുമാനം എടുക്കുവാൻ സാദ്ധ്യമല്ലെന്നും അവർക്കു അറിയാമായിരുന്നു. ഞാൻ അതു് അവരെ ബോദ്ധ്യപ്പെടുത്തിയുമിരുന്നു. എനിക്കൊരു കാര്യം പറയുവാനുള്ളതു് ഐക്യമുന്നണി നേതാക്കന്മാരുമായി ഉണ്ടായ കൂടിയാലോചനകളുടെ ഫലമായി എനിക്കു ബോദ്ധ്യപ്പെട്ടതു് ഐക്യമുന്നണിയുമായി യോജിച്ചു് ഒന്നും പ്രവർത്തിക്കരുതു് എന്നാണു്.

സർ, ഒരു കാലത്തു് ഞാൻ ഇവിടെ സോഷ്യലിസം വരുത്തുകയില്ലെന്നു പറഞ്ഞു എന്നു് പലരും പലപ്പോഴും പുറപ്പെടുവിച്ചിട്ടുള്ള ഒരു വ്യാജപ്രസ്താവനയെക്കുറിച്ചു് എന്റെ സ്നേഹിതൻ ശ്രീമാൻ ദിവാകരനും ഇന്നിവിടെ പറയുകയുണ്ടായി. അത്ര വളരെ അസ്വീകാര്യവാനും അപമാനിതനുമായ ഒരു ആളാണു് പട്ടം താണുപിള്ള എങ്കിൽ ആ പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ഞങ്ങൾ മന്ത്രിസഭയുണ്ടാക്കുമെന്നു് അവർ പറഞ്ഞിരുന്നു. കന്യാകുമാരി മുതൽ ചിററൂർ വരെ അവർ അതു പ്രസംഗിച്ചു നടന്നു. ഈ തരത്തിലുള്ള ഒരു പ്രസ്താവന ചെയ്യരുതെന്നു് ഞാൻ അവരെ ഉപദേശിക്കുകയാണു്. അങ്ങനെ ഉള്ള ഒരു ഗവണ്മെന്റു് സാദ്ധ്യമല്ലാതെ വന്നു. പിന്നെ കാൺഗ്രസ്സുകാർക്കു ഗവണ്മെന്റു് രൂപീകരിക്കാൻ സാദ്ധ്യമല്ല. ഇവിടെ ഒരു ഗവണ്മെന്റു് ഉണ്ടാകയും വേണം. ഇതെ നിലയിൽ ഞങ്ങളുടെ പാർട്ടിയും ഞാനും കഴിയുന്നതും ചെയ്യാമെന്നു തീരുമാനിച്ചു. ഈ നിയമസഭയിൽ ൧൯ അംഗങ്ങൾ മാത്രമുള്ള ഒരു കക്ഷിയുടെ നേതാവു് എന്ന നിലയ്ക്കു് ഞാൻ ഇങ്ങനെ ഒരു മന്ത്രിസഭ രൂപീകരിച്ചതു് ധിക്കാരമാണെന്നോ അല്ലെങ്കിൽ അതിമോഹമാണെന്നോ ആരും ധരിക്കരുതെന്നാണു് എന്റെ അപേക്ഷ. ഈ രാജ്യത്തെ ദീർഘകാലം സേവിച്ചിട്ടുള്ള ഒരാൾ എന്ന നിലയ്ക്കു് ഇങ്ങനെ ഒരു നില രാജ്യത്തു വന്നപ്പോൾ, വളരെ വൈഷമ്യമേറിയതാണെങ്കിലും, നിർവ്വാഹമുണ്ടെങ്കിൽ ഭരണഭാരം ഏറെറടുക്കണമെന്നു് ഞാൻ തീരുമാനിച്ചു. എന്റെ കക്ഷിയുടെ നിർദ്ദേശവും അതുതന്നെയായിരുന്നു. എന്റെ നേതൃത്വത്തിൽ ഒരു ഭരണം വേണമെന്നു് ഐക്യമുന്നണിക്കാർ യഥാർത്ഥത്തിൽ ആഗ്രഹിച്ചിരുന്നെങ്കിൽ അവരുമായിട്ടു ചേർന്നു് ഒരു ഗവണ്മെന്റു് ഉണ്ടാക്കാൻ സാദ്ധ്യമല്ലാതെ വന്നപ്പോൾ എന്റെ നേതൃത്വത്തിലുള്ള ഒരു ഗവണ്മെന്റാണു് ഇവിടെ ഉണ്ടായിരിക്കുന്നതു് എന്ന വസ്തുത അവർ എന്തിനു മറക്കുന്നു എന്നു ഞാൻ ചോദിക്കുന്നു. ഈ കാര്യത്തെപ്പററി അധികം പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ മന്ത്രിസഭ രാജ്യക്ഷേമത്തിനുതകുന്ന കാര്യങ്ങൾ ചെയ്യുവാനാണു് ഉദ്ദേശിക്കുന്നതു്. അറിഞ്ഞിട്ടു തെററു് യാതൊന്നും ചെയ്യുകയില്ലെന്നു ഞാൻ നിങ്ങൾക്കെല്ലാവർക്കും ഉറപ്പുതരുന്നു. വേണ്ട കാര്യങ്ങൾ നമുക്കു് എല്ലാവർക്കുംകൂടി ആലോചിച്ചു പ്രവർത്തിക്കാം. അങ്ങിനെ ഈ ഗവണ്മെന്റു് പ്രവർത്തിക്കുന്നിടത്തോളം കാലം ഈ നിയമസഭയിൽ ഞങ്ങൾക്കു വേണ്ട പിൻതുണ ഉണ്ടാകുമെന്നും ഞാൻ ആശിക്കുന്നു; വിശ്വസിക്കുന്നു.

എന്റെ സ്നേഹിതൻ ശ്രീ. ദിവാകരൻ പറഞ്ഞു, മനുഷ്യഹൃദയത്തെ തട്ടുന്ന പല കാര്യങ്ങളും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഉണ്ടെന്നും എന്നാൽ അതു് നടപ്പിൽ വരുത്തുന്നതിനു് ഈ മന്ത്രിസഭയ്ക്കു് സാധിക്കുകയില്ലെന്നും. ഞാൻ ചോദിക്കുന്നു മനുഷ്യഹൃദയത്തെ തട്ടുന്ന കാര്യങ്ങൾ നട

പ്പിൽ വരുത്തുവാൻ ഈ മന്ത്രിസഭയാണ് ഒരുങ്ങുന്നതെങ്കിൽ അക്കാരണംകൊണ്ട് എന്തിന് മററ കക്ഷികൾ ആനുകൂല്യം നിഷേധിക്കുന്നു എന്ന്. ആ പറഞ്ഞതിൽ യാഥാർത്ഥ്യം ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ മന്ത്രിസഭയ്ക്ക് കാൺഗ്രസ്സിൻെറ മാത്രമല്ല മററ കക്ഷികളുടേയും പിൻതുണ ഉണ്ടാകുമെന്നാണ് എൻെറ വിശ്വാസം. സർ, കാൺഗ്രസ്സ് പക്ഷത്തുനിന്നും ചെയ്തിട്ടുള്ള പ്രസ്താവനയെ ഞാൻ കൃതജ്ഞതയോടുകൂടി സ്വീകരിക്കുന്നു. ഈ ഗവണ്മെൻറ് രാജ്യക്ഷേമകരങ്ങളായ കാര്യങ്ങൾ ചെയ്യുന്നതിൽ കാൺഗ്രസ്സ് കക്ഷി അനുകൂലിച്ചുനിൽക്കുമെന്ന് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. കാൺഗ്രസ്സിൻേറതാണ് ആനുകൂല്യം എന്നുവച്ച് അതിനെ നിരസിക്കേണ്ട ആവശ്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഐക്യമുന്നണിക്കാരുടെ ആനുകൂല്യമാണ് വരുന്നതെങ്കിൽ ഐക്യമുന്നണിക്കാരുടേതാണ് ആനുകൂല്യമെന്നുവച്ച് അതിനേയും ഞാൻ നിരസിക്കുവാൻ പോകുന്നില്ല. ഇതിനുമുമ്പ് സാധാരണയായി കണ്ടിട്ടില്ലാത്ത പരിതഃസ്ഥിതിയായിരിക്കാം ഈ മന്ത്രിസഭ സൃഷ്ടിച്ചിരിക്കുന്നത് എന്നിരുന്നാലും ഞങ്ങളുടെ പ്രവൃത്തി നല്ലതായിരിക്കുന്നിടത്തോളം കാലം ഈ സഭയിലെ എല്ലാ കക്ഷികളുടെയും ആനുകൂല്യം പ്രതീക്ഷിക്കാവുന്നതാണു. ഞങ്ങൾ ഒന്നുനോക്കട്ടെ, എന്താണ് ചെയ്യുന്നതെന്ന് ഐക്യമുന്നണിക്കാർ പറഞ്ഞു. അവർ ഇച്ഛിക്കുന്നതൊക്കെ ചെയ്തുകളയാമെന്ന് ഞാൻ പറയുന്നില്ല. രാജ്യക്ഷേമത്തിനുതകുന്ന വിധത്തിൽ പ്രവർത്തിക്കാമെന്ന് ഞാൻ പ്രതിജ്ഞചെയ്യുന്നു. ഈ പ്രതിജ്ഞയുടെ അടിസ്ഥാനത്തിൽ ഈ നിയമസഭയുടെ പല വിഭാഗങ്ങളുടേയും സന്മനസ്സിൻെറ വെളിച്ചത്തിൽ, സഹായത്തിൻെറ വെളിച്ചത്തിൽ, ഈ മന്ത്രിസഭയ്ക്ക് പ്രവർത്തിക്കുവാൻ സാധിക്കുമെന്നാണ് എൻെറ വിശ്വാസം. അങ്ങിനെ ഒരു വിശ്വാസം എനിക്കുണ്ടാകുന്നതിനുവേണ്ട പ്രസ്താവനകൾ ചെയ്ത എല്ലാ സ്നേഹിതന്മാരോടും അതിനുവേണ്ട സാഹചര്യം സൃഷ്ടിക്കുന്നതിന് ജാഗരൂകരായിരിക്കുന്ന എല്ലാ കക്ഷിനേതാക്കന്മാരോടും അംഗങ്ങളോടും ഞാൻ വീണ്ടും വീണ്ടും നന്ദി പറഞ്ഞുകൊള്ളുന്നു. ഈ രാജ്യഭരണം നമ്മുടെ എല്ലാവരുടേയും ഒരു പൊതുക്കാര്യമാണ്. ഇതു് പി. എസ്സ്. പി. യുടെ മാത്രം ഒരു പൊതുക്കാര്യമായി ഞാൻ കരുതുന്നില്ല. ഭരണമേൽക്കാമെന്ന് ഞാനും എൻെറ സഹപ്രവർത്തകരും തീരുമാനിച്ചതു് എൻെറ കക്ഷിയുടെ കാര്യംവച്ചുകൊണ്ടു മാത്രമാണ്. പിന്നെ ഈ രാജ്യത്തിൻെറ കാര്യം ആണ്. ആ കാര്യം നിർവഹിക്കണമെങ്കിൽ നാം യോജിക്കുക. കഴിഞ്ഞതൊക്കെ മറക്കുക. രണ്ടു പാർട്ടികൾ തമ്മിലുള്ള ഇടപാടിൽ എല്ലായ്പോഴും ഒരാളെ മാത്രം കുററം പറയാൻ സാദ്ധ്യമല്ല. അധികം കുററം പറയുന്നവർ കുററക്കാരാണെന്ന് മററുള്ളവർ ധരിക്കും. അതുകൊണ്ട് അതെല്ലാം വിട്ടിട്ട് തുറന്ന മനസ്സോടുകൂടി നല്ല കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് ശ്രമിക്കാം. പി. എസ്. പി. യുടെ പരിപാടി ഉപേക്ഷിച്ചിട്ടല്ല പ്രവർത്തിക്കാൻ പോകുന്നതു്. പി. എസ്. പി-യുടെ പരിപാടികൾ അംഗീകരിക്കുന്നവരാണ് ഈ നാട്ടിലെ നല്ല മനസ്സുള്ള എല്ലാ ആളുകളുമെന്ന് എനിക്കറിയാം. ഏതു കക്ഷിയിൽ പെട്ടവരായാലും ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും പി. എസ്. പി. യുടെ പരിപാടികൾ സ്വീകരിക്കുന്നവരാണ്. ഓരോ കക്ഷിയിലും ചില വിഭാഗങ്ങൾ എതിരുണ്ടാകും. എങ്കിലും ഒരു കക്ഷിയായി പ്രവർത്തിക്കുന്നകാലത്തോളം ഏതൊരു കക്ഷിക്കും പൊതുവായ കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടിവരുമ്പോൾ നിശ്ചയമായും അവരെല്ലാം യോജിച്ച് അതിനെ അംഗീകരിക്കും. അങ്ങനെ ഈ നാട്ടിനെ ചെറിയ

[ശ്രീ. എ. താണുപിള്ള]

തോതിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. രാജ്യരക്ഷയ്ക്കാവശ്യമുള്ളതും ന്യായമായി ചെയ്യേണ്ടതും ജനങ്ങൾ പ്രതീക്ഷിക്കുന്നതുമായ പരിപാടികൾ നടപ്പാക്കുന്നതിന് ഭൂരിപക്ഷമില്ലാതെ വന്നാൽ ഇന്നത്തെ അധികാരം വിട്ടുപോകുന്നതിനു ഞങ്ങൾക്കു യാതൊരു വിസമ്മതവുമില്ലായെന്നുള്ള മുന്നറിയിപ്പു കൊടുത്തുകഴിഞ്ഞിരിക്കുന്നതായി നിങ്ങൾ സ്വല്പമെങ്കിലും വിചാരിക്കണം. എന്റെ ഈ പ്രസ്താവന സഹൃദയത്വവും വിനയവും രാജ്യത്തിന്റെ പുരോഗതിയിലുള്ള താല്പര്യവും വച്ചുകൊണ്ടു നിങ്ങളുടെ മുമ്പിൽ ചെയ്യുന്നതാണെന്നും അതു നിങ്ങൾ അംഗീകരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

സർ, ഞാൻ ഇത്രയും പറഞ്ഞതുകൂടാതെ ഏതാനും ചില മെംബർമാരുടെ അഭിപ്രായങ്ങൾക്കു അല്പമൊരു മറുപടിയുംകൂടി പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. രാജപ്രമുഖന്റെ പ്രസംഗത്തിൽ പറയത്തക്കതായി ഒന്നും ഇല്ലെന്നും, അതിൽ പറയുന്നതൊന്നും ശരിയായി നടപ്പിലാക്കുവാൻ സാധിക്കുകയില്ലെന്നും ഐക്യമുന്നണി കക്ഷിയിലുള്ള ചില മെംബർമാർ ഇവിടെ പറയുകയുണ്ടായി. അതിനെപ്പററി ഈ അവസരത്തിൽ ഒരു മറുപടി പ്രസ്താവിക്കണമെന്നു മാത്രമെ ഞാനുദ്ദേശിക്കുന്നുള്ളു.

വ്യവസായങ്ങളെപ്പററിയും, കൃഷി വർദ്ധിപ്പിക്കേണ്ടതിനെപ്പററിയും, കമ്മ്യൂണിററിപ്രോജക്ടുകളുടെ എക്സ്റ്റൻഷനെപ്പററിയും ഇവിടെ പറയുകയുണ്ടായി. എനിക്കതിനെപ്പററി ചുരുക്കത്തിൽ പറയുവാനുള്ളതു് രാജപ്രമുഖന്റെ പ്രസംഗം പരിപൂർണ്ണമായ ഒന്നായിരുന്നില്ലായെന്നുള്ളതാണു്. ഇന്നലെ ഫിനാൻസ്മെംബർ ചെയ്ത പ്രസംഗത്തിൽ വിശദമായി പലതും പ്രസ്താവിച്ചിട്ടുണ്ടു്. അവ രണ്ടുംകൂടി ചേർത്തു ഒന്നിച്ചു വച്ചുകൊണ്ടു നോക്കിയാൽ ശ്രീ. കളത്തിൽ വേലായുധൻനായർക്കു് യാതൊരു സംശയത്തിനും അവകാശമില്ല. ജനഹിതത്തോടുകൂടി നല്ല കാര്യങ്ങളെല്ലാം കൂടുതൽ ശക്തിയായി പുരോഗമിപ്പിക്കണമെന്നും, പുതിയ നല്ലകാര്യങ്ങൾ കൂടുതലായി ചെയ്യണമെന്നുമാണു് ഈ ഗവണ്മെൻറുദ്ദേശിക്കുന്നതു്. കഴിഞ്ഞുപോയ ഗവണ്മെൻറ ചെയ്തിട്ടുള്ള ഒരു നല്ലകാര്യവും ഞാൻ നിറുത്തുകയില്ല. വ്യവസായസ്ഥാപനങ്ങൾ ഒന്നുംതന്നെ പൂട്ടിയിടുവാൻ ഇടവരുത്തുകയില്ല. തമിഴ്നാട്ടുകാര്യത്തിലും അതിലേക്കു പര്യാപ്തമായ ഒരു നിലപാടു് ഈ ഗവണ്മെൻറ സ്വീകരിക്കും.

ഇനി എന്റെ സ്നേഹിതന്മാരായ തമിഴ്നാട്ടുമെംബർമാരുടെ ആക്ഷേപങ്ങൾക്കു മറുപടിപറയുവാനുള്ളതു തമിഴ്നാട്ടിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറിനു യാതൊരു ഉദാസീനതയുമില്ലയെന്നാണു്. ഇൻഡ്യാഗവണ്മെൻറിന്റെ കമ്മിഷൻ റിപ്പോർട്ടനുസരിച്ചു മാത്രമെ ഈ ഗവണ്മെൻറിനു എന്തെങ്കിലും ചെയ്യുവാൻ സാധിക്കുകയുള്ളു. ഇന്നത്തെ ഗവണ്മെൻറിന്റെ നില എന്താണെന്നുള്ളതിനെപ്പററി ഞാൻ ഒന്നും പറയുന്നില്ല. ഏതായാലും ആ റിപ്പോർട്ടു വന്നതിനുശേഷം അതിനെപ്പററി നല്ലവണ്ണം ആലോചിച്ചു പ്രവർത്തിക്കാമെന്നു മാത്രമെ ഇപ്പോൾ പറയുവാനുള്ളു.

*ശ്രീ. എ. കുഞ്ഞൻനാടാർ: ഈ വിഷയത്തിൽ പാർട്ടിയുടെ നില എന്താണു്?

ശ്രീ. എ. താണുപിള്ള: പൊതുവായിട്ടുള്ള ഒരു നില അംഗീകരിക്കണമെന്നുള്ളതാണ്. ഇതിനെപ്പററി രാജപ്രമുഖന്റെ പ്രസംഗത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. സർവീസിൽ ഉള്ളവർക്ക് അങ്ങേയററം മുതൽ നീതിപരിപാലനം ചെയ്യണമെന്നും, അതോടൊപ്പംതന്നെ ശമ്പളം സർവ്വീസ് സ്ഥിരത മുതലായവ കഴിയുന്നത്ര അഭിവൃദ്ധിപ്പെടുത്തണമെന്നുമുള്ളതാണ്. ഈ ഗവണ്മെന്റ ഇവിടെ രൂപീകരിച്ചിട്ട് കഷ്ടിച്ച് ഒരുവാരമെ ആയിട്ടുള്ളു. അതുകൊണ്ട് നിങ്ങളെല്ലാംപേരുടെയും പരിപൂർണ്ണമായ പിൻതുണ ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം.

രാജപ്രമുഖന്റെ പ്രസംഗത്തിൽ തന്നെ ഇവിടെ ചില ബഹുമാന്യ മെംബർമാർ പ്രസ്താവിച്ചതുപോലെയുള്ള കാര്യങ്ങളെപ്പററി നല്ലവണ്ണം ആലോചിക്കുന്നതാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. ഇവിടെ എന്റെ മാന്യസ്നേഹിതന്മാർ പ്രസ്താവിച്ചിട്ടുള്ള മററെല്ലാകാര്യങ്ങളും ഗവണ്മെന്റിന്റെ ഗാഢമായ ആലോചനയിലിരിക്കുന്നു. തീരുമാനങ്ങൾ കഴിയുന്നതും ത്വരിതപ്പെടുത്തുന്നതുമാണ്.

ശ്രീ. ടി. വി തോമസ്സ് തുടങ്ങിയുള്ള മാന്യസ്നേഹിതന്മാർ തന്നിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുമ്പോൾ പ്രത്യേകിച്ചും തൊഴിലാളിപ്രസ്ഥാനങ്ങളുമായി കൈകാര്യംചെയ്യുന്നവരായ ആളുകളുടെ അഭിപ്രായങ്ങൾകൂടി ആരാഞ്ഞ് അറിവുതന്നു സഹായിക്കണമെന്നാണ് ഞാൻ ഉപദേശിക്കുന്നത്.

കടലോരപ്രദേശങ്ങളെപ്പററിയും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ ഗവണ്മെന്റ കടലോരവാസികൾക്കുള്ള സത്വരനടപടികൾ കഴിയുന്നതും ഭംഗിയായി ചെയ്യണമെന്നാണുദ്ദേശിക്കുന്നത്.

എനിക്കു ചുരുക്കത്തിൽ പറയുവാനുള്ള മറുപടി ഈ ഗവണ്മെന്റ നല്ലകാര്യങ്ങൾ ചെയ്യുവാൻവേണ്ടി ആവശ്യമായ നടപടികളെടുക്കുമ്പോൾ അതിനെ നിങ്ങളെല്ലാം അനുകൂലിക്കണമെന്നാണ്. ഇതിൽ കൂടുതലായി എനിക്കൊന്നും പറയുവാനില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ശ്രീമാൻ ലൂയിസിന്റെ നാമിനേഷനെ സംബന്ധിച്ചു മറുപടിയിൽ ഒന്നും പ്രസ്താവിക്കുകയുണ്ടായില്ല.

മിസ്റ്റർ സ്പീക്കർ: അതിനെസംബന്ധിച്ചു ഗവണ്മെന്റുഭാഗത്തുനിന്നു മറുപടി പറയുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അത് ഈ മന്ത്രിസഭ ചാർജ്ജെടുക്കുന്നതിനു മുമ്പു നടന്നതായ ഒരു സംഗതിയാണ്. അത് രാജപ്രമുഖൻ നേരിട്ട് ചെയ്തിട്ടുള്ളതുമാണ്. അതിനെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം ഈ മന്ത്രിസഭയ്ക്കില്ലാത്തതുകൊണ്ട് ഞാൻ ഒന്നും പറയണമെന്നുദ്ദേശിക്കുന്നില്ല.

Mr. Speaker: I shall now put the amendments one by one to vote. Mr. Thanulinga Nadar, do you press your amendment?

Shri P. Thanulinga Nadar: I press my amendment.

The amendment was put and lost.

Shri P. Thanulinga Nadar: Sir, I demand a poll.

A poll was taken when the House divided as follows:

AYES—52.

1 Shri D. Anantaraman
2 ,, Avira Tharakan
3 ,, C. C. Ayyappan
4 ,, Baby John
5 ,, Balan
6 ,, K. Balakrishnan
7 ,, R. Balakrishna Pillai
8 ,, B. B. Pandarathil
9 ,, Prakkulam Bhasi
10 ,, P. Bhaskaran Nair
11 ,, T. Bhaskaran Pillai
12 ,, K. Chandrasekhara Sastri
13 ,, P. K. Chathan
14 ,, A. Chidambaranatha Nadar
15 ,, T. T. Daniel
16 ,, T. K. Divakaran
17 ,, K. C. George
18 ,, P. Gopalan
19 Shrimati K. R. Gouri
20 Shri Joseph Mundassery
21 ,, T. K. Krishnan
22 ,, K. S. Krishna Sastri
23 ,, P. K. Kunjachan
24 ,, A. Kunjan Nadar
25 ,, Kuttappan Koickal
26 ,, P. R. Madhavan Pillai
27 ,, T. A. Majeed
28 Shri Changarapalli P. Narayanan Potti
29 ,, U. Neelakantan
30 ,, N. Neelakantaru Pandarathil
31 ,, N. A. Noor Mohammed
32 ,, M. P. Menon
33 ,, R. Ponnappa Nadar
34 ,, R. Prakasam
35 ,, N. Raghava Kurup
36 ,, P. Ramaswami Pillai
37 ,, P. Ravindran
38 ,, C. G. Sadasivan
39 ,, R. Sankaranarayanan Tampi
40 ,, K. Sattanatha Karayalar
41 ,, S. Seshadrinatha Sarma
42 ,, A. M. Simon
43 ,, V. Sridharan
44 ,, R. Sugathan
45 Dr. P. K. Sukumaran
46 Shri P. Thanulinga Nadar
47 ,, A. Thankiah
48 ,, T. V. Thomas
49 ,, C. K. Viswanathan
50 ,, D. Vivekanandan
51 ,, M. William
52 ,, P. K. Yasodharan

NOES—64.

1 Shri Abdul Khadir
2 ,, K. C. Abraham
3 ,, A. Achutan
4 ,, V. K. Achuta Menon
5 ,, Alexander Parambithara
6 ,, J. A. Bhatt
7 ,, M. A. Antony
8 Dr. P. P. Anthony
9 Shri K. K. Balakrishnan
10 ,, T. O. Bava
11 ,, M. Bhaskaran Nair
12 ,, N. G. Chacko
13 ,, A. C. Chacko
14 Dr. K. M. Chacko
15 Shri N. Chandrasekharan Nair
16 ,, M. P. Chandrasekhara Pillai

NOES—(*contd.*)

17 Shri K. M. Chandy
18 ,, M. V. Cheriyan
19 ,, O. R. Chummar
20 ,, D. Damodaran Potti
21 ,, K. M. George
22 ,, K. P. Gopala Menon
23 ,, Panampilli Govinda Menon
24 ,, Idiculla Idiculla
25 ,, A. J. John
26 ,, V. J. Joseph
27 ,, K. Karunakaran
28 ,, P. Kesava Menon
29 ,, T. T. Kesavan Sastri
30 ,, Kochukunju
31 ,, K. Kochukuttan
32 ,, K. M. Korah
33 ,, P. R. Krishnan
34 ,, K. Krishna Pillai
35 ,, N. K. Kumaran
36 ,, P. Kunjan
37 ,, P. K. Kunju
38 ,, K. Manjanatha Prabhu
39 ,, P. M. Markose
40 ,, Mathai
41 ,, C. A. Mathew
42 Shri N. Narayana Kurup
43 ,, Narayana Kurup
44 ,, P. S. Nataraja Pillai
45 ,, Parameswaran Nambudiri
46 ,, N. Parameswaran Pillai
47 ,, A. A. Rahim
48 Dr. A. R. Menon
49 Shri C. K. Ramachandran Nair
50 ,, T. S. Ramaswami
51 ,, P. J. Sebastian
52 ,, V. V. Sebastian
53 ,, T. P. Sitaraman
54 ,, K. A. Sivarama Bharathi
55 ,, A. Thanu Pillai
56 ,, K. T. Thomas
57 Dr. P. T. Thomas
58 Shri K. P. Hormis
59 ,, P. S. Vasudevan Pillai
60 ,, K. I. Velayudhan
61 ,, Kalathil Velayudhan Nair
62 ,, T. M. Varghese
63 ,, P. Viswambaran
64 ,, A. A. D. Luiz

NEUTRAL.

1 Shri Joseph Chazhikattu.

The amendment was lost.

The amendments moved by Shri M. P. Menon were, by leave, withdrawn.

The amendment moved by Shri T. K. Divakaran was, by leave, withdrawn.

The amendment moved by Shri K. Karunakaran was, by leave, withdrawn.

The amendment moved by Shri Alexander Parambithara was, by leave, withdrawn.

The amendment moved by Shri T. V. Thomas was put and lost.

Shri T. V. Thomas : Sir, I demand a poll.

A poll was taken when the House divided as follows :

AYES—40

1 Shri Avira Tharakan
2 ,, C. C. Ayyappan
3 ,, Baby John
4 ,, Balan
5 ,, K. Balakrishnan
6 ,, R. Balakrishna Pillai
7 ,, B. B. Pandarathil
8 ,, Prakkulam Bhasi
9 ,, P. Bhaskaran Nair
10 ,, T. Bhaskaran Pillai
11 ,, K. Chandrasekhara Sastri
12 ,, P. K. Chathan
13 ,, T. K. Divakaran
14 ,, K. C. George
15 ,, P. Gopalan
16 Shrimati K. R. Gouri
17 Shri Joseph Mundassery
18 ,, T. K. Krishnan
19 ,, K. S. Krishna Sastri
20 ,, P. K. Kunjachan
21 ,, Kuttappan Koickal
22 Shri P. R. Madhavan Pillai
23 ,, T. A. Majeed
24 ,, Changarapalli P. Narayanan Potti
25 ,, U. Neelakantan
26 ,, N. Neelakantaru Pandarathil
27 ,, M. P. Menon
28 ,, R. Prakasam
29 ,, N. Raghava Kurup
30 ,, P. Ravindran
31 ,, C. G. Sadasivan
32 ,, R. Sankaranarayanan Tampi
33 ,, K. Sattanatha Karayalar
34 ,, V. Sridharan
35 ,, R. Sugathan
36 Dr. P. K. Sukumaran
37 Shri T. V. Thomas
38 ,, C. K. Viswanathan
39 ,, D. Vivekanandan
40 ,, P. K. Yasodharan

NOES—64

1 Shri Abdul Khadir
2 ,, K. C. Abraham
3 ,, A. Achutan
4 ,, V. K. Achuta Menon
5 ,, Alexander Parambithara
6 ,, J. A. Bhatt
7 ,, M. A. Antony
8 Dr. P. P. Anthony
9 Shri K. K. Balakrishnan
10 ,, T. O. Bava
11 ,, M. Bhaskaran Nair
12 ,, N. G. Chacko
13 ,, A. C. Chacko
14 Dr. K. M. Chacko
15 Shri N. Chandrasekharan Nair
16 ,, M. P. Chandrasekhara Pillai
17 Shri K. M. Chandy
18 ,, M. V. Cheriyan
19 ,, O. R. Chummar
20 ,, D. Damodaran Potti
21 ,, K. M. George
22 ,, K. P. Gopala Menon
23 ,, Panampilli Govinda Menon
24 ,, K. P. Hormis
25 ,, Idiculla Idiculla
26 ,, A. J. John
27 ,, V. J. Joseph
28 ,, K. Karunakaran
29 ,, P. Kesava Menon
30 ,, T. T. Kesavan Sastri
31 ,, Kochukunju
32 ,, K. Kochukuttan
33 ,, K. M. Korah

NOES—(*contd.*)

34 Shri P. R. Krishnan
35 ,, K. Krishna Pillai
36 Dr. N. K. Kumaran
37 Shri P. Kunjan
38 ,, P. K. Kunju
39 ,, K. Manjanatha Prabhu
40 ,, P. M. Markose
41 ,, Mathai
42 ,, C. A. Mathew
43 ,, N. Narayana Kurup
44 ,, Narayana Kurup
45 ,, P. S. Nataraja Pillai
46 ,, Parameswaran Nambudiri
47 ,, N. Parameswaran Pillai
48 ,, A. A. Rahim
49 Dr. A. R. Menon
50 Shri C. K. Ramachandran Nair
51 ,, T. S. Ramaswami
52 ,, P. J. Sebastian
53 ,, V. V. Sebastian
54 ,, T. P. Sitaraman
55 ,, K. A. Sivarama Bharathi
56 ,, A. Thanu Pillai
57 ,, K. T. Thomas
58 Dr. P. T. Thomas
59 Shri P. S. Vasudevan Pillai
60 ,, K. I. Velayudhan
61 ,, Kalathil Velayudhan Nair
62 ,, T. M. Varghese
63 ,, P. Viswambaran
64 ,, A. A. D. Luiz

NEUTRALS—13

1 Shri D. Anantaraman
2 ,, A. Chidambaranatha Nadar
3 ,, T. T. Daniel
4 ,, Joseph Chazhikattu
5 ,, A. Kunjan Nadar
6 ,, N. A. Noor Mohammed
7 Shri R. Ponnappa Nadar
8 ,, P. Ramaswami Pillai
9 ,, S. Seshadrinatha Sarma
10 ,, A. M. Simon
11 ,, P. Thanulinga Nadar
12 ,, A. Thankiah
13 ,, M. William

The amendment was lost.

Mr. Speaker : Shri Kalathil Velayudhan Nair, do you press your amendment.

Shri Kalathil Velayudhan Nair : I beg to withdraw it.

Shri T. V. Thomas : Sir, I oppose leave being granted to withdraw it.

The motion was put and lost.

The amendment was, by leave, withdrawn.

The original motion of thanks was then adopted.

Election of Deputy Speaker.

മിസ്റ്റർ സ്പീക്കർ: ആർഡർ, ആർഡർ. ഡെപ്യൂട്ടിസ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് മൂന്നുപേരുടെ നാമനിർദ്ദേശം കിട്ടിയിട്ടുണ്ട്. അതു മൂന്നും പരിശോധിച്ചതിൽ സാധുവാണെന്നു കണ്ടിരിക്കുന്നു. നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ പേരുകൾ വായിക്കാം.

(എ) ശ്രീ. ടി. കെ. ദിവാകരൻ
(ബി) ശ്രീ. ഡി. ദാമോദരൻപോററി
(സി) ശ്രീ. പി. കുഞ്ഞൻ

ശ്രീ. ടി. കെ. ദിവാകരനെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ. പ്രാക്കുളം ഭാസിയും സെക്കൻറ ചെയ്തിട്ടുള്ളതു് ശ്രീ. കെ. ബാലകൃഷ്ണനും, ശ്രീ. ഡി. ദാമോദരൻപോററിയെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ. ഏ. അച്യുതനും സെക്കൻറ ചെയ്തിട്ടുള്ളതു് ശ്രീ. പി. കെ. കുഞ്ഞും, ശ്രീ. പി. കുഞ്ഞനെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു ശ്രീ. മഞ്ജനാഥപ്രഭുവും സെക്കൻറ ചെയ്തിട്ടുള്ളതു് ശ്രീ. ടി. എസ്. രാമസ്വാമിയുമാണ്. ഈ മൂന്നു നാമനിർദ്ദേശങ്ങളിൽ ശ്രീ. പി. കുഞ്ഞൻ തൻെറ സ്ഥാനാർത്ഥിത്വം പിൻവലിച്ചിരിക്കുന്നതായി ഇപ്പോൾ അറിയിച്ചിരിക്കുന്നു. അതിനാൽ ബാക്കി രണ്ടുപേരുടെ നാമനിർദ്ദേശങ്ങൾ മാത്രമേ ഇപ്പോൾ നിലവിലുള്ളു. ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉള്ളതുകൊണ്ടു് അതിലേക്കുള്ള വോട്ടെടുപ്പു് ഇപ്പോൾ നടക്കുന്നതുമാണ്. ബാലട്ടുപേപ്പറിൽ ശ്രീ. പി. കുഞ്ഞൻെറ പേരു് അച്ചടിച്ചിട്ടുള്ളതു് വെട്ടി അടയാളം ചെയ്തിട്ടുണ്ട്. നിലവിലുള്ള രണ്ടു സ്ഥാനാർത്ഥികളുടെ പേരുകൾ അക്ഷരമാലാക്രമമനുസരിച്ചു് ആദ്യം ശ്രീ. ഡി. ദാമോദരൻപോററിയുടേയും രണ്ടാമതായി ശ്രീ. ടി. കെ. ദിവാകരൻേറയും അച്ചടിച്ചിട്ടുണ്ട്. ഈ രണ്ടു പേരിൽ മെംബർമാർ ആർക്കുവേണ്ടി വോട്ടുചെയ്യുന്നുവോ ആ ആളിൻെറ പേരിൻെറ നേരെ ഒരു ഗുണനചിഹ്നം രേഖപ്പെടുത്തേണ്ടതാണ്.

വോട്ടുചെയ്യുന്ന വിഷയത്തിൽ ഒരു സംഗതി ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുവാനുണ്ട്. സെക്രട്ടറി ആദ്യം പേരു് വിളിക്കുമ്പോൾ സഭയിൽ ഹാജരില്ലാത്ത ഏതെങ്കിലും അംഗം വോട്ടെടുപ്പു് അവസാനിച്ചിരിക്കുന്നതായി അദ്ധ്യക്ഷൻ പ്രഖ്യാപിക്കുന്നതിനു മുൻപു് സഭയിൽ ഹാജരാകുന്നപക്ഷം ആ അംഗത്തിനെ വോട്ടുചെയ്യാൻ അനുവദിക്കുന്നതാണ്. സെക്രട്ടറി ഇപ്പോൾ പേരുകൾ വായിക്കുന്നതാണ്.

(Balloting for the election then proceeded)

Mr. Speaker: The result of the election is this: Shri Damodaran Potti has got 64 votes and Shri Divakaran 40 votes. Shri Damodaran Potti is elected as Deputy Speaker.

I congratulate Mr. Damodaran Potti on his election as Deputy Speaker.

The House will now adjourn and meet at 11 A. M. day after tomorrow.

The Assembly adjourned at 5-20 P. M. to meet again at 11 A. M. on Friday, the 26th March, 1954.